# പഞ്ചായത്ത് രാജ്

പുസ്തകം 52 ◆ ലക്കം 11 | പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം | ഫെബ്രുവരി 2013

ഭരണഭാഷ മാതൃഭാഷ

**990+864 / 978**



## പഞ്ചായത്തുകളുടെ സുവർണകാലം

ഗ്രാമപഞ്ചായത്തുകളിൽ അധിക തസ്തിക





## നിർഭയ

പദ്ധതി ഏറ്റെടുത്തുകൊണ്ട് ഭീതിയില്ലാത്ത സമൂഹ സൃഷ്ടിയ്ക്കായി പരിശ്രമിക്കാം

## 'നമ്മുടെ പഞ്ചായത്ത് ശുചിത്വത്തിന്റെ പാതയിൽ

## പഞ്ചായത്തിന്റെ ശുചിത്വം നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

# ഉള്ളടക്കം


5 എഡിറ്ററുടെ പേജ്



6 സ്ത്രീസുരക്ഷ സമൂഹത്തിന്റെ ഉത്തരവാദിത്തം
ഡോ. എം. കെ. മുനീർ



8 നിർഭയ പദ്ധതിയിൽ ജാഗ്രത സമിതികളുടെ പ്രാധാന്യം
ലിഡാ ജേക്കബ്ബ്



11 ഗ്രാമസഭ- പ്രാദേശിക ജനകീയ ഭരണതലം
പി.ടി. മാത്യു

14 പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കാൻ
ഡോ. ജെ.ബി. രാജൻ



17 ഭാരത അന്താരാഷ്ട്ര വ്യാപാര മേള 2012

21 ഇ-ഗവേണൻസ് ന്യൂസ്

23 കുടിവെള്ളം- നിയമത്തിനു മുന്നിൽ ജനങ്ങളുടെ ചിരാനുഭവ അവകാശം
ജോൺ എസ്. ജയിംസ്




26 നാം അറിയേണ്ട ലോകം
പഞ്ചായത്ത് ന്യൂസ് സർവ്വീസ്



28 ഭയമില്ലാത്ത സ്ത്രീയും വളരുന്ന നാടും
അജയൻ പനയറ



30 സേവനാവകാശനിയമം പഞ്ചായത്തുകളിൽ
സി. ഡെമാസ്റ്റൻ

33 ഗ്രാമ പഞ്ചായത്തുകളിൽ അധിക തസ്തിക
പഞ്ചായത്ത് ന്യൂസ് സർവ്വീസ്



35 ജനസഭ 2013
പഞ്ചായത്ത് ന്യൂസ് സർവ്വീസ്



38 ടിക്കറ്റ് പരിശോധകരില്ലാതെ മെട്രോ സർവീസ്
റോയ് ചാക്കോ ഇളമണ്ണൂർ

42 വാർത്തകൾ വിശേഷങ്ങൾ




## പ്രവചനങ്ങൾ സത്യമായി ഭവിക്കുന്നു

ജൈവസംരക്ഷണത്തിന്റെയും ജലസംരക്ഷണത്തിന്റെയും ആവശ്യതയെപ്പറ്റിയും അവയുടെ സംരക്ഷണരീതികളെപ്പറ്റിയുമെല്ലാം പഞ്ചായത്ത് രാജ് മാസികയിൽ പ്രാധാന്യത്തോടെ പല ലേഖനങ്ങളും പ്രസിദ്ധീകരിച്ചു കാണുന്നതിൽ സന്തോഷമുണ്ട്. എന്നാൽ ഇത് എത്രമാത്രം നാം പ്രാവർത്തികമാക്കിയെന്ന് പരിശോധിക്കേണ്ട സമയമായി. പത്ര-ദൃശ്യമാധ്യമങ്ങളിൽ വറ്റിവരണ്ടു കിടക്കുന്ന നദികളുടെയും അണകെട്ടുകളുടെയും വാർത്തകൾ ദിനംപ്രതി വന്നുകൊണ്ടിരിക്കുന്നു. പ്രവചനങ്ങൾ സത്യമായി ഭവിക്കുന്നു. ഇനിയെങ്കിലും പുതിയ കാലത്തിന്റെ ആർത്തിയും ലാഭേച്ഛയും ലക്ഷ്യമാക്കിയുള്ള പ്രകൃതി ചൂഷണം അവസാനിപ്പിച്ച് വരും തലമുറയ്ക്കായി പ്രകൃതിയെ സംരക്ഷിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കേരളീയരായ നാമോരോർത്തർക്കും ഉത്തരവാദിത്വമുണ്ട്.

**സന്തോഷ് വി.ജെ**
വലിയ പറമ്പിൽ
ആറാം മൈൽ, ഇടുക്കി

## റിപ്പബ്ലിക് ദിന പരേഡ്: കേരളത്തിന് സ്വർണ പതക്കം



**റിപ്പബ്ലിക് ദിന പരേഡിൽ ടാബ്ലോക്ക് ലഭിച്ച ഉപഹാരം ഐ & പി ആർഡി സെക്രട്ടറി ടി.ജെ. മാത്യുവും, ഡയറക്ടർ എ. ഫിറോസും ചേർന്നു പ്രതിരോധ വകുപ്പുമന്ത്രി ഏ.കെ. ആന്റണിയിൽ നിന്നും ഏറ്റുവാങ്ങുന്നു.**

2013 ജനുവരി 26ന് ന്യൂഡൽഹിയിൽ വച്ച് നടന്ന റിപ്പബ്ലിക് ദിന പരേഡിൽ കേരളത്തിന്റെ ഹൗസ് ബോട്ടിന്റെ ടാബ്ലോയ്ക്ക് സ്വർണ മെഡൽ ലഭിച്ചു. മൂന്ന് വർഷത്തെ ഇടവേളയ്ക്കു ശേഷമാണ് കേരളത്തിന് ഇങ്ങനെ ഒരു അംഗീകാരം ലഭിച്ചത്. കായൽ സഞ്ചാരത്തിനു ശേഷം കരയിലേക്കടുക്കുന്ന രീതിയിൽ രൂപകല്പന ചെയ്ത ഹൗസ് ബോട്ട് രാജ്പഥിലൂടെ മന്ദം മന്ദം ഒഴുകി നീങ്ങിയ കാഴ്ച മനോഹരമായിരുന്നു. ബോട്ടിൽ പത്ത് കലാകാരന്മാരും ഉണ്ടായിരുന്നു.

പ്രമേയത്തിന് യോജിക്കുന്ന വിധത്തിലുള്ള കലാകാരന്മാരുടെ ശരീരഭാഷയും യോജിച്ച വേഷവിധാനവും ഹൃദ്യമായ ആശയ വിനിമയവും ബോട്ടിന്റെ രൂപകല്പനയും പശ്ചാത്തല സംഗീതവുമാണ് കേരളത്തിന് ഈ വിജയം നേടിതന്നത്.

റിപ്പബ്ലിക്ക് ദിന പരേഡിൽ കേരളത്തിന്റെ കഴിഞ്ഞ പത്തു വർഷത്തെ പങ്കാളിത്തം ശ്രദ്ധേയമാണ്. 2007 ൽ അവതരിപ്പിച്ച പൂരത്തിനും, 2009ൽ അവതരിപ്പിച്ച ഓണത്തിനും കേരളത്തിനു സ്വർണമെഡൽ ലഭിച്ചിരുന്നു. 2003ൽ അവതരിപ്പിച്ച തെയ്യം-വെള്ളി മെഡൽ നേടിയിരുന്നു.

ഫെബ്രുവരി ഒന്നിന് ഗവൺമെന്റ് സെക്രട്ടറി ടി.ജെ മാത്യുവും, ഐ & പി ആർഡി ഡയറക്ടർ എ. ഫിറോസും ചേർന്ന് പ്രതിരോധ മന്ത്രി എ.കെ ആന്റണിയിൽ നിന്ന് പുരസ്കാരം ഏറ്റുവാങ്ങി.

# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഫെബ്രുവരി 2013

പുസ്തകം 52

ലക്കം 11

വാർഷിക വരിസംഖ്യ: ₹ 120

www.lsgkerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ

**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ

**വി.എസ്. സെന്തിൽ**, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

**എ. ഫിറോസ്**
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**പി.ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**ജി. രാജീവ്**
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

**എ. ഹാഷിം**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ

**എസ്. ലളിതാംബിക**, ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ



എഡിറ്റർ
**എസ്. ലളിതാംബിക**, ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**എ. ഹാഷിം**
e-mail: prodp12@gmail.com
Ph: 0471-2321280



കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്



ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.



**മേൽവിലാസം**

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.


## എഡിറ്ററുടെ പേന

# നിർഭയപദ്ധതിയും ജാഗ്രത സമിതിയും

2013-നെ പ്രതീക്ഷയോടെ വരവേറ്റ നാം പക്ഷേ, തുടർനാളുകളിൽ ക്രൂരമായ സ്ത്രീപീഡനങ്ങളുടെ നടുക്കുന്ന വാർത്തകൾ കേട്ടുകൊണ്ടിരിക്കുന്നു. ഡൽഹി പീഡനമുൾപ്പെടെ മനുഷ്യമനസാക്ഷിയെ മരവിപ്പിക്കുന്ന സംഭവങ്ങളാണ് മാധ്യമങ്ങളിൽ നിറയുന്നത്. അബലകളെ ക്രൂരമായി പീഡിപ്പിക്കുക, അവശജനവിഭാഗങ്ങളെ കൂടുതൽ ദുർബലരാക്കുക..... ഇതിനൊക്കെ കാരണം വ്യവസ്ഥിതിയുടെ തക രാറാണോ? അതോ വ്യക്തികളുടെ മനോവൈകല്യമാണോ? എന്നിങ്ങനെ ചർച്ചകൾ രാജ്യമാകെ പടരുകയാണ്.

പ്രശ്നങ്ങൾക്ക് ഒറ്റമൂലികൾ പലരും നിർദ്ദേശിക്കുന്നുണ്ട്. കുറ്റവാളികൾക്ക് വധശിക്ഷ നിർബന്ധമാണെന്ന് വാദിക്കുന്നവരുടെ എണ്ണം കുറവല്ല. കുറ്റവാളികൾക്ക് കടുത്ത ശിക്ഷ അനിവാര്യമാണെന്നത് നിസ്തർക്കമാണ്. പക്ഷേ, ശിക്ഷ ശരീരത്തിനുമാത്രം മതിയോ ? പീഡകന്റെ ഇരുണ്ട മനസ്സിലേക്കുകൂടി നമ്മുടെ കണ്ണുകൾ എത്തണ്ടേ? കുറ്റവാളിയുടെ സാമൂഹ്യചുറ്റുപാട്, ബന്ധങ്ങൾ, പ്രേരണകൾ, ബാല്യകൗമാരങ്ങളിൽ കടന്നുപോയ ജീവിതാനുഭവങ്ങൾ തുടങ്ങി നാം സംബോധന ചെയ്യേണ്ട പ്രശ്നങ്ങൾ ഏറെയാണ്. എന്നാൽ ഏറ്റവും പ്രധാനം പീഡിതരുടെ പ്രശ്നങ്ങളും, സ്ത്രീജനങ്ങളുടെ സുരക്ഷയുമാണ്. ആ മേഖലയിലാണ് നമ്മുടെ ചർച്ചകൾ സജീവമാകേണ്ടത്.

സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള ലൈംഗികാതിക്രമങ്ങളും ചൂഷണവും തടയാൻ കേരള സർക്കാരിന്റെ സാമൂഹികനീതിവകുപ്പ് നടപ്പിലാക്കിവരുന്ന നയപരിപാടിയാണ് 'നിർഭയ'. പീഡിതരായ സ്ത്രീകൾക്കും കുട്ടികൾക്കും അഭയം നൽകാനായി സാമൂഹിക നീതിവകുപ്പ് തിരുവനന്തപുരം പൂജപ്പുരയിൽ ആരംഭിച്ച സംസ്ഥാനത്തെ ആദ്യ അഭയകേന്ദ്രം നാടിനു സമർപ്പിച്ചുകൊണ്ട് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞവാക്കുകൾ പ്രത്യേകം പ്രസ്താവ്യമാണ്. 'അക്രമങ്ങളും പീഡനങ്ങളും അനുഭവിക്കുന്നവരുടെ വേദനയും ബാധ്യതയും ഏറ്റെടുക്കാൻ കേരളസമൂഹം തയ്യാറാവുന്നു എന്ന സന്ദേശമാണ് ഷെൽറ്റർ ഹോമുകളിലൂടെ പുറത്തുവരുന്നത് ഈ യോഗത്തിൽ അധ്യക്ഷത വഹിച്ച പഞ്ചായത്ത് സാമൂഹിക നീതിവകുപ്പ് മന്ത്രി ഡോ.എം.കെ.മുനീർ 'പദ്ധതിയുടെ ഭാഗമായി അതിവേഗ കോടതികൾ, അഭയകേന്ദ്രങ്ങൾ, ജാഗ്രതാസമിതികളുടെ ശാക്തീകരണം, ബോധവത്കരണ പരിപാടികൾ എന്നിവ സാധ്യമാക്കുമെന്ന് അഭിപ്രായപ്പെട്ടു.

നമ്മുടെ സംസ്ഥാനം സ്ത്രീസാക്ഷരത, ആരോഗ്യം, സാമൂഹ്യസുരക്ഷ എന്നീ രംഗങ്ങളിൽ ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ മുന്നിലാണ്. പക്ഷേ രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ സ്ത്രീയുടെ നില ഇനിയും ഉയരേണ്ടിയിരിക്കുന്നു. മാനവ വികസന സൂചിക പ്രകാരം മുമ്പിൽ നിൽക്കുന്ന കേരളം പോലെ ഒരു സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർധിച്ചുവരുന്ന ലൈംഗികാതിക്രമങ്ങളും ചൂഷണവും ഏറെ ലജ്ജാകരമാണ്. നിയമനിർമ്മാണം കൊണ്ടുമാത്രം ഇതിനെ ചെറുക്കാനാവില്ല. കേരളീയപൊതുസമൂഹത്തിന്റെ സമ്പൂർണ്ണജാഗ്രത ഈ വിഷയത്തിൽ അത്യാവശ്യമാണ്.

ഈ പീഡനങ്ങളെ പ്രതിരോധിക്കാൻ സർക്കാർ തലത്തിൽ ഒട്ടേറെ നിയമങ്ങളും കർമ്മപദ്ധതികളും ഉണ്ടെങ്കിലും അവയെല്ലാം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത അനുക്ഷണം വർധിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ ഓരോ ഗ്രാമപഞ്ചായത്തിലും ജാഗ്രത സമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണും അംഗൻവാടി സൂപ്പർവൈസർ കൺവീനറും ആയി നിലവിലുള്ള ജാഗ്രതാസമിതികൾ മുഖേന, 'നിർഭയ'പദ്ധതി നന്നായി സംഘടിപ്പിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചുകഴിഞ്ഞു. എല്ലാ ഗ്രാമപഞ്ചായത്തുകളും ഈ പ്രവർത്തനം ഏറ്റെടുത്ത് ഫലപ്രദമായി നടപ്പാക്കണം.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന ലൈംഗിക അതിക്രമങ്ങൾ ഉപഭോഗ സംസ്കാരത്തിന്റെ ഇരകളായി ശിഥിലീകരിക്കപ്പെടുന്ന കുടുംബങ്ങൾ, മദ്യപാനത്തിന്റെ ദുരന്തം ഏറ്റുവാങ്ങുന്ന കുടുംബങ്ങൾ, സ്ത്രീധന പീഡനമനുഭവിക്കു സ്ത്രീകൾ, വിദേശത്ത് തൊഴിലന്വേഷകരായ സ്ത്രീകളുടെ പ്രശ്നങ്ങൾ എന്നിങ്ങനെ ശ്രദ്ധപതിപ്പിക്കേണ്ട മേഖല വിപുലമാണ്. നിർഭയ പദ്ധതി ഏറ്റെടുത്തു നടപ്പാക്കുന്നതിലൂടെ ഈ മേഖലകളിൽ ഇടപെടലുകൾ നടത്തുതിനൊപ്പം ആക്രമണങ്ങൾക്കിരയാകുന്നവരെക്കുറിച്ചുള്ള വസ്തുനിഷ്ഠവിവരങ്ങൾ ശേഖരിക്കാനും, ഇരകൾക്ക് നിയമപരിരക്ഷയും ആശ്രയവും നല്കി കുടുംബത്തിലേക്കും സമൂഹത്തിന്റെ മുഖ്യധാരയിലേക്കും തിരികെ എത്തിച്ച് അംഗീകാരം നേടിക്കൊടുത്ത് സാധാരണ ജീവിതത്തിലേയ്ക്ക് അവരെ തിരിച്ചുകൊണ്ടുവരാനും കഴിയും.

ജനകീയ കൂട്ടായ്മയിലൂടെ വികസനത്തിന്റെ വസന്തം സൃഷ്ടിച്ച നമുക്ക് നിർഭയ പദ്ധതിയും ജനപങ്കാളിത്തത്തോടെ ഏറ്റെടുത്തുകൊണ്ട് ഭീതിയില്ലാത്ത സമൂഹത്തിന്റെ സൃഷ്ടിക്കായി പരിശ്രമിക്കാം. അതിനായി ഓരോ ഗ്രാമപഞ്ചായത്തും നിർഭയ പദ്ധതിയെ ഹൃദയത്തിൽ ഏറ്റുവാങ്ങുമെന്ന് പ്രതീക്ഷിക്കുന്നു.



# സ്ത്രീസുരക്ഷ സമൂഹത്തിന്റെ ഉത്തരവാദിത്തം



**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി

സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങളെപ്പറ്റി കേരളീയ സമൂഹവും ഇന്ത്യൻ സമൂഹവും ഇന്ന് ഏറെ ബോധവൽകൃതമാണ്. എങ്കിലും ഇത്തരം അതിക്രമങ്ങൾ പെരുകുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ചില സംഭവങ്ങൾ ദേശീയ തലത്തിൽ തന്നെ മനസ്സാക്ഷിയെ പിടിച്ചുലയ്ക്കുന്നവയാണ്. അത്തരം സാഹചര്യങ്ങളിൽ ഈ കേസ്സുകൾ ചർച്ചാവിഷയമാവുക പതിവാണ്. എന്നാൽ അടിസ്ഥാന കാരണങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ പല അവസരങ്ങളിലും കഴിയാറില്ല. പുരുഷനും സ്ത്രീയും തമ്മിൽ നിലനിൽക്കുന്ന അസന്തുലിത സാമൂഹിക ബന്ധം സ്ത്രീക്കെതിരായ അതിക്രമത്തിന് അടിസ്ഥാന കാരണമാകുന്നു എന്ന് സാമൂഹിക ശാസ്ത്രജ്ഞർ പറയുന്നു. രാഷ്ട്രീയം, മതം, മാധ്യമം, സാംസ്കാരികം, കുടുംബം, തൊഴിൽ തുടങ്ങിയ മേഖലകളിൽ ഘടനാപരമായ അസന്തുലിതാവസ്ഥകൾ അതിക്രമങ്ങൾക്കും കാരണമാകുന്നുണ്ട്. സ്ത്രീകൾക്കെതിരായ അതിക്രമം കേവലം ഒറ്റപ്പെട്ട ഒരു സംഭവമായല്ല സമൂഹത്തെ ബാധിക്കുന്നത്. അത് സമൂഹത്തിന്റെ മൊത്തത്തിലുള്ള വിഷയമായി മാറുകയാണ്. ഇരയ്ക്കും കുറ്റവാളിക്കും ഇടയിലുള്ള വിഷയം മാത്രമല്ല അത്.

കേരളത്തിൽ സ്ത്രീകൾക്കെതിരായ ലൈംഗീകാതിക്രമം ഉൾപ്പെടെയുള്ള അക്രമങ്ങൾ മറ്റ് സംസ്ഥാനങ്ങളിലെപ്പോലെ സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ മൂലം സംഭവിക്കുന്നതല്ല. ഇവിടെ ഉപഭോക്തൃ തൃഷ്ണയാണ് പ്രധാന ഘടകമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഗ്രാമതലത്തിൽ ക്രൈം മാപ്പിംഗ് നടത്തുന്ന ഒരു സംവിധാനം വ്യാപകമാക്കാൻ ഗവൺമെന്റിന് ആലോചിക്കാവുന്നതാണ്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾക്ക് തടയിടാൻ കഴിയുമെന്ന് മാരാരിക്കുളം പഞ്ചായത്തിൽ കുടുംബശ്രീ സ്ത്രീകൾക്കിടയിൽ നടത്തിയ ക്രൈം മാപ്പിംഗ് ഉൾപ്പെടുത്തിയുള്ള പഠനം വ്യക്തമാക്കുന്നുണ്ട്.

**കേരളത്തിൽ സ്ത്രീകൾക്കെതിരായ ലൈംഗീകാതിക്രമം ഉൾപ്പെടെയുള്ള അക്രമങ്ങൾ മറ്റ് സംസ്ഥാനങ്ങളിലെപ്പോലെ സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ മൂലം സംഭവിക്കുന്നതല്ല. ഇവിടെ ഉപഭോക്തൃ തൃഷ്ണ യാണ് പ്രധാന ഘടകമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.**

ജനസംഖ്യാനുപാതാടിസ്ഥാനത്തിൽ നോക്കിയാൽ ലൈംഗിക അതിക്രമ കുറ്റകൃത്യങ്ങളിൽ കേരളം മുന്നിലാണ്. കേരളം ഈ രംഗത്ത് ഇന്ത്യയിൽ മൂന്നാമതാണ്. കുട്ടികൾ ലൈംഗികമായി പീഡിപ്പിക്കപ്പെടുന്നത് നമ്മുടെ സംസ്ഥാനത്ത് വളരെ കൂടുതലാണ്. കഴിഞ്ഞ വർഷം 300 ലധികം കുട്ടികൾ ബലാത്സംഗത്തിന് ഇരകളായപ്പോൾ 30 കുട്ടികൾ കൊല്ലപ്പെടുകയുണ്ടായി. 90 കുട്ടികളെ തട്ടിക്കൊണ്ടുപോയി. 500 ഓളം കുട്ടികൾ വിവിധ രീതികളിൽ പീഡിപ്പിക്കപ്പെട്ടു. ഇതൊക്കെ റിപ്പോർട്ട് ചെയ്യപ്പെട്ട കണക്കുകളാണ്. നമ്മുടെ കുട്ടികൾ വേണ്ടത്ര സുരക്ഷിതരല്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത്.

2012 സെപ്റ്റംബർ വരെ സ്ത്രീകൾക്കെതിരായ 9758 അതിക്രമങ്ങൾ ഇവിടെ ഉണ്ടായി. അവയിൽ 715 എണ്ണം ബലാത്സംഗങ്ങൾ ആയിരുന്നു. തട്ടിക്കൊണ്ടുപോകൽ, അപമാനിക്കൽ, സ്ത്രീധനം, ബന്ധുക്കളുടെ ക്രൂരത എന്നിങ്ങനെയുള്ള കുറ്റകൃത്യങ്ങളായിരുന്നു പിന്നീടുള്ളവ. ഗാർഹിക പീഡനക്കേസുകളുടെ എണ്ണവും വളരെ കൂടുതലാണ്. തികച്ചും ജീർണ്ണവും അനാരോഗ്യകരവുമായ പ്രവണതകളിലേക്ക് കേരള സമൂഹം വലിച്ചിഴക്കപ്പെടുന്നു എന്ന് പരക്കെ ധാരണയുണ്ട്. ചില കേസുകളുടെ അങ്ങേയറ്റം നിന്ദ്യവും പൈശാചികവുമായ ക്രൂരതയ്ക്ക് കൈവന്ന വാർത്താ പ്രാധാന്യം ഈ തോന്നലിന് കൂടുതൽ വ്യാപ്തിയുണ്ടാക്കി.

ഈ പ്രശ്നത്തിന് പരിഹാരവും ഒഴിവാക്കാനുള്ള മാർഗ്ഗങ്ങളും ആദ്യമായി ആലോചിച്ച സംസ്ഥാനമാണ് കേരളം. 'നിർഭയ പദ്ധതി' ഉടലെടുത്തത് അങ്ങനെയാണ്. ദില്ലിയിലെ പെൺകുട്ടിയുടെ മരണം, നിയമ, നിയമപരിപാലന വ്യവസ്ഥകൾക്ക് ദേശീയതലത്തിൽ ആക്കം കൂട്ടാൻ പ്രേരകമായി. നിർഭയയിൽ പക്ഷേ ഫാസ്റ്റ് ട്രാക്ക് കോടതികളും പ്രത്യേക പൊലീസ് അന്വേഷണ സംഘവും വിഭാവന ചെയ്യപ്പെട്ടിരുന്നു. ദില്ലിയുടേതിന് സമാനമായ രീതിയിൽ കണ്ണൂർ ജില്ലയിൽ അതിക്രമത്തിന് ഇരയായ 17 കാരി പെൺകുട്ടി സമൂഹ മന:സ്സാക്ഷിക്ക് നേരെ അഗ്നിയിൽ തൊടുത്ത ചോദ്യചിഹ്നമാണ്.

ലൈംഗികാതിക്രമം, മനുഷ്യാവകാശത്തിന്മേലുള്ള ലംഘനമാണ്. അഭിമാനത്തോടെ ജീവിക്കാനുള്ള അവകാശം ഏതൊരു പൗരനുമുണ്ട്. ഒരു പൗരന്റെ അന്തസ്സിന്മേലുള്ള കടന്നുകയറ്റം ക്രിമിനൽ കുറ്റമാണ്. ഇത്തരം കുറ്റകൃത്യങ്ങൾ വ്യാപകമാകുന്നതിലൂടെ മനുഷ്യാവകാശ ലംഘനം വ്യാപകമാകുന്നു എന്നർത്ഥം. രാജ്യം അരാജകാവസ്ഥയിലേക്ക് എത്തപ്പെടുകയും ബന്ധങ്ങളുടെ പവിത്രതയും മാന്യതയും നഷ്ടമാവുകയും ചെയ്യും. സമൂഹത്തിന്റെ സ്വച്ഛന്ദമായ നിലനിൽപ്പ് തന്നെ അപകടത്തിലാവുന്നു. ഇതിനെതിരായി പ്രതിരോധം ഉയർത്തുകയും അതേസമയം ഇരകളെ സംരക്ഷിക്കുകയും ചെയ്യുക എന്നത് സമൂഹത്തിന്റെ പൊതുവായ ഉത്തരവാദിത്തമാകുന്നു. 'നിർഭയ' ഈ ലക്ഷ്യത്തോടെ രൂപീകരിക്കപ്പെട്ടതാണ്.

സമൂഹത്തിലെ പ്രാതിനിധ്യ സ്വഭാവമുള്ള വിവിധ വ്യക്തികളും സംഘടനകളും ജനപ്രതിനിധികളും ഉദ്യോഗസ്ഥ സംവിധാനവും ഉൾപ്പെട്ട ജാഗ്രതാ സമിതികൾ ഗ്രാമതലം വരെ സജീവമായാൽ മാത്രമേ ഈ പ്രശ്നം ഗണ്യമായി കുറച്ചുകൊണ്ടുവരാൻ കഴിയുകയുള്ളൂ. ജാഗ്രതാ സമിതികൾ സജീവമാക്കുക എന്നത് ഗവൺമെന്റ് അടിയന്തിര പ്രാധാന്യം നൽകുന്ന വിഷയമാണ്. കുടുംബശ്രീ ഉൾപ്പെടെയുള്ള വനിതാ പ്രസ്ഥാനങ്ങളെയും തദ്ദേശഭരണ സ്ഥാപനങ്ങളെയും ഇതിൽ സഹകരിപ്പിക്കും. സമൂഹത്തിന്റെ പൊതുധാരയിൽ ഇരകളായിപ്പോയവരെ നിലനിർത്തുക എന്ന ഉത്തരവാദിത്തവും സമൂഹവും ഭരണകൂടവും ഏറ്റെടുക്കേണ്ടതുണ്ട്. അവരുടെ വിദ്യാഭ്യാസം, തൊഴിൽ, സംരക്ഷണം, പൊതുധാരയിൽ ജീവിക്കാനുള്ള അവസരം ഇവയൊക്കെ ഉറപ്പാക്കാൻ നമുക്ക് കഴിയണം. 'നിർഭയ' യുടെ ഈ രംഗത്തെ പ്രവർത്തനങ്ങൾക്ക് എല്ലാവരുടെയും പിന്തുണയുണ്ടാകണം. 'നിർഭയ ആരംഭിക്കുന്ന ഷെൽറ്റർഹോം' ഇവിടെ എത്തിപ്പെടുന്നവർക്ക് വ്യത്യസ്ത മേഖലകളിൽ തൊഴിലെടുത്തും പഠനം പൂർത്തിയാക്കിയും സമൂഹത്തിൽ അന്തസ്സോടെ ജീവിക്കാനുള്ള അഭയ സ്ഥാനമാണ്. പരിപാവനമായ ഉദ്ദേശ്യലക്ഷ്യങ്ങളോടുകൂടിയ ഇത്തരം സ്ഥാപനങ്ങൾ രാജ്യത്തിന് മാതൃകയാവണം. ■



# നിർഭയ പദ്ധതിയിൽ

## ജാഗ്രത സമിതികളുടെ പ്രാധാന്യം

ലിഡാ ജേക്കബ്ബ്



**ആമുഖം**

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനു വേണ്ടി കേരള സർക്കാർ G.O. (MS) 17/2012/SWD dated 13.03.2012 പ്രകാരം അംഗീകരിച്ചു നടപ്പിലാക്കി വരുന്ന നൂതന നയപരിപാടിയാണ് **നിർഭയ**. ലൈംഗികപീഡനം, ലൈംഗിക അതിക്രമം, വേശ്യാവൃത്തിക്ക് വേണ്ടിയുള്ള മനുഷ്യക്കടത്ത് തുടങ്ങിയവയ്ക്കെതിരെയുള്ള ശക്തമായ പ്രവർത്തനങ്ങൾക്കാണ് ഈ പദ്ധതി മുൻതൂക്കം നൽകുന്നത്. ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന 2012 നവംബർ 14 ൽ പ്രാബല്യത്തിൽ വന്ന കേന്ദ്ര നിയമവും സ്ത്രീകൾ തൊഴിലിടങ്ങളിൽ നേരിടുന്ന ലൈംഗിക പീഡനങ്ങൾക്കുള്ള സംരക്ഷണ കരടു നിയമവും **നിർഭയ പദ്ധതി**യുടെ നടത്തിപ്പ് കൂടുതൽ ശക്തവും ഊർജ്ജിതവുമാക്കാൻ സഹായകരമാണ്.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിന് നാല് പ്രധാന മേഖലകളിലെ ഇടപെടലുകളാണ് പദ്ധതി ലക്ഷ്യമിടുന്നത്.

**എ. പ്രതിരോധം**

ലൈംഗിക അതിക്രമം എന്ന മഹാ വിപത്തിനെതിരെ സമൂഹത്തിലെ എല്ലാ വിഭാഗക്കാർക്കും വേണ്ടി ബൃഹത്തായ ബോധവൽക്കരണ യജ്ഞം നടത്തേണ്ടതാണ്. ഇതിന്റെ പ്രധാന കാരണങ്ങളായ ലിംഗവിവേചനം, ഗാർഹിക പീഡനം, മദ്യപാനം, ഉപഭോഗാസക്തി മുതലായവയ്ക്കെതിരെ സാമൂഹ്യ അവബോധം സൃഷ്ടിക്കുകയും കുറ്റകൃത്യങ്ങൾ തടയാനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.

**ബി. സംരക്ഷണം**

ശക്തമായ പ്രതിരോധ നടപടികളും, പരിഹാര മാർഗ്ഗങ്ങളും സ്വീകരിച്ചുകൊണ്ട് പീഡിതർക്ക് തങ്ങളുടെ ശാരീരികവും മാനസികവുമായ മുറിവുകളിൽ നിന്ന് മോചനം നൽകി സ്വന്തം സമൂഹത്തിൽ മാന്യമായി കഴിയാൻ സഹായകരമായ സുരക്ഷിത കേന്ദ്രങ്ങൾ നടത്തുകയും മറ്റു സംരക്ഷണ സേവനങ്ങളും നൽകേണ്ടതാണ്.

**ലൈംഗിക അതിക്രമത്തിനും വാണിഭത്തിനും ഇരയായവരെ മാനസികവും വൈകാരികവുമായി സുഖപ്പെടുത്തി, അനുയോജ്യമായ വിദ്യാഭ്യാസവും തൊഴിൽപരിശീലനവും നൽകി സമൂഹത്തിന്റെ മുഖ്യധാരയിൽ അന്തസ്സോടുകൂടി, ജീവിക്കുന്നതിന് പ്രാപ്തരാക്കേണ്ടതാണ്.**

**സി. നിയമനടത്തിപ്പ്**

ഇത്തരം കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. കേസ് അന്വേഷണം, സാക്ഷി വിസ്താരം തുടങ്ങിയ കോടതി നടപടികൾ ത്വരിതപ്പെടുത്തുകയും കുറ്റവാളികൾക്കെതിരായി ശക്തമായി നിയമ നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് പരമാവധി ശിക്ഷ ഉറപ്പു വരുത്തേണ്ടതുമാണ്. ജില്ലാതല One-Stop-Crisis Cell കൾ സ്ഥാപിച്ച് അതിക്രമങ്ങൾക്കു ഇരയായവർക്ക് ആവശ്യമായ എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ നൽകേണ്ടതുമാണ്.

**ഡി. പുനരധിവാസവും പുനരേകീകരണവും**

ലൈംഗിക അതിക്രമത്തിനും വാണിഭത്തിനും ഇരയായവരെ മാനസികവും വൈകാരികവുമായി സുഖപ്പെടുത്തി, അനുയോജ്യമായ വിദ്യാഭ്യാസവും തൊഴിൽപരിശീലനവും നൽകി സമൂഹത്തിന്റെ മുഖ്യധാരയിൽ അന്തസ്സോടുകൂടി, ജീവിക്കുന്നതിന് പ്രാപ്തരാക്കേണ്ടതാണ്.

ഈ നയം നടപ്പിലാക്കുന്നത് പ്രധാനമായും 4 തലങ്ങളിലാണ്.

1. പഞ്ചായത്ത്/മുനിസിപ്പാലിറ്റി, കോർപ്പറേഷൻ നഗരസഭകൾ
2. ബ്ലോക്ക്
3. ജില്ല
4. സംസ്ഥാനം

കൂടാതെ വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവയുടെ സംയോജിതമായ പ്രവർത്തനങ്ങളിലൂടെ ഈ സാമൂഹ്യ വിപത്തിനെ നേരിടാൻ **നിർഭയ പദ്ധതി** ലക്ഷ്യമിടുന്നു.

**നിർഭയ പദ്ധതിയുടെ** നടത്തിപ്പിനായി സാമൂഹ്യനീതി ഡയറക്ടറേറ്റിൽ **നിർഭയ സെൽ** രൂപീകരിച്ചിട്ടുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും ആവശ്യമായ സഹായവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിനുമായി **1800 4251 400** എന്ന **നിർഭയ ടോൾഫ്രീ ഹെൽപ്പ് ലൈൻ** പ്രവർത്തിച്ചുവരുന്നു.



## പദ്ധതി നടത്തിപ്പ് ഘടന

| | | |
|---|---|---|
| **സംസ്ഥാനതല ഏകോപന സമിതി** (മൂന്നുമാസത്തിലൊരിക്കൽ കൂടുന്നു) | ചെയർമാൻ | മുഖ്യമന്ത്രി |
| | കൺവീനർ | പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് |
| **എക്സിക്യൂട്ടീവ് കമ്മിറ്റി** (മാസത്തിലൊരിക്കൽ കൂടുന്നു) | ചെയർമാൻ | മന്ത്രി, സാമൂഹ്യനീതി വകുപ്പ് |
| | കൺവീനർ | അഡൈ്വസർ, ജെൻഡർ & ചൈൽഡ് പ്രൊട്ടക്ഷൻ |
| **ജില്ലാതല നിർഭയ കമ്മിറ്റി** (രണ്ടു മാസത്തിലൊരിക്കൽ കൂടുന്നു) | ചെയർമാൻ | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് |
| | വൈസ് ചെയർമാൻ | ജില്ലാ കളക്ടർ |
| | കൺവീനർ | ജില്ലാ സാമൂഹ്യനീതി ഓഫീസർ |
| **ജാഗ്രതാ സമിതി** (പ്രാദേശിക തലത്തിൽ മാസത്തിലൊരിക്കൽ കൂടുന്നു) | ചെയർ പേഴ്സൺ | ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, മുനിസിപ്പൽ, ചെയർപേഴ്സൺ, നഗരസഭ മേയർ |
| | കൺവീനർ | സി.ഡി.പി.ഒ./ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

**സ്ത്രീകൾക്കും യുവജനങ്ങൾക്കും വേണ്ടിയുള്ള സുസ്ഥിരവും, ഫലപ്രദവുമായ തൊഴിൽ പദ്ധതികളെക്കുറിച്ച് അവബോധം നൽകി പദ്ധതികളിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കുക**

**ഗ്രാമീണ/നഗരസഭാ തലത്തിലെ പ്രാദേശിക ഭരണ സംവിധാനം**

നിർഭയ പദ്ധതി നടപ്പിലാക്കുന്ന ഏറ്റവും പ്രധാന കണ്ണി ഗ്രാമീണ/നഗരസഭാതലത്തിലെ പ്രാദേശിക ഭരണ സംവിധാനത്തിലുള്ള ജാഗ്രതാ സമിതികളാണ്.

ജാഗ്രതാ സമിതികളുടെ നിലവിലുള്ള സഹായ സംവിധാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, വാർഡ് കൗൺസിലർമാർ, സ്ത്രീസംഘടനകളുടെ പ്രതിനിധികൾ, രാഷ്ട്രീയ സംഘടനകളുടെ പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്നതാണ്.

ജാഗ്രതാ സമിതികളുടെ നയങ്ങളും, പ്രവർത്തനങ്ങളും ശക്തിപ്പെടുത്തി നിർഭയ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് സഹായകരമാംവണ്ണം മാറ്റിയെടുക്കേണ്ടതായുണ്ട്. **ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് സ്ക്വാഡിലെ** പോലീസ് ഉദ്യോഗസ്ഥർ, സ്ത്രീകളുടേയും കുട്ടികളുടേയും മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾ ഇവരുടെ സേവനം ലഭ്യമാക്കാവുന്ന വിധത്തിൽ ജാഗ്രതാ സമിതികളെ ശാക്തീകരിക്കേണ്ടതാണ്.

**നിർഭയ ഡെസ്ക്**

ജില്ല , ഗ്രാമ പഞ്ചായത്തുകൾ, നഗരസഭ എന്നിവിടങ്ങളിൽ നിർഭയ ഡെസ്ക് സ്ഥാപിച്ച് താഴെ കൊടുത്തിരിക്കുന്ന ചുമതലകൾ നിർവ്വഹിക്കണം

- പൊതുജനങ്ങളിൽ നിന്ന് ലൈംഗിക അതിക്രമങ്ങളെക്കുറിച്ചുള്ള പരാതികൾ / നിർദ്ദേശങ്ങൾ സ്വീകരിക്കുക
- ജാഗ്രതാ സമിതി കൃത്യമായി മാസത്തിൽ ഒരിക്കൽ കൂടുന്നതായി ഉറപ്പുവരുത്തുക
- നിർഭയ ഡെസ്കിൽ ലഭിക്കുന്ന പരാതികൾ/നിർദ്ദേശങ്ങൾ ജാഗ്രതാ സമിതിക്കു നൽകുക, തുടർ നടപടികൾ സ്വീകരിക്കുക

ജാഗ്രതാ സമിതി നടപടികളുടെ റിപ്പോർട്ട് തയ്യാറാക്കി ജില്ലാ നിർഭയ കമ്മിറ്റിയുടെ കൺവീനർക്ക് നൽകുക



ജാഗ്രതാ സമിതിയുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക

**നിർഭയ ഡെസ്കിന്റെ ചുമതല വഹിക്കുന്ന താഴെക്കൊടുത്തിരിക്കുന്ന വിഭാഗത്തിൽ അനുയോജ്യരായ വ്യക്തികളുടെ സേവനം പ്രയോജനപ്പെടുത്തണം**

- സി.ഡി.എസ്. അംഗം
- സേവനസന്നദ്ധരായ വിരമിച്ച അദ്ധ്യാപകർ/ഉദ്യോഗസ്ഥർ

ഈ വ്യക്തികളെ നിയോഗിക്കുന്നതും അവർക്കുള്ള മാനവേതനം (honorarium) നൽകുന്നതും അതത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്റെ തീരുമാനപ്രകാരമായിരിക്കും.

**ജാഗ്രതാ സമിതിയുടെ ചുമതലകൾ**

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ എന്നിവയുടെ സഹായത്തോടെ സ്ത്രീ-പുരുഷ സമത്വം, സമീകൃത ഉപഭോഗം, മദ്യവർജ്ജനം, സ്ത്രീധന വിരുദ്ധത, സുരക്ഷിത കുടിയേറ്റം എന്നിവ പ്രോത്സാഹിപ്പിക്കുകയും, മേൽപ്പറഞ്ഞ കാര്യങ്ങളാൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുണ്ടാകുന്ന ലൈംഗിക അതിക്രമങ്ങളുടെ വിപത്തുകൾ തടുക്കാനായി പ്രചരണ പരിപാടികൾ നടത്തേണ്ടതാണ്.
- ലൈംഗിക അതിക്രമങ്ങൾക്ക് സാധ്യത കൂടുതലുള്ള മേഖലകളെ കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും, ഇത്തരം അതിക്രമങ്ങൾക്കെതിരെ പൊതുജനങ്ങളിൽ നിന്നുള്ള പ്രതിരോധ നടപടികൾക്ക് പ്രോത്സാഹനം നൽകുന്നതിനും വേണ്ടി പ്രാദേശിക ഭരണതലത്തിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രചരണ പരിപാടികൾ നടത്തുക

*ശേഷം 27-ാം പേജിൽ*



**പി.ടി. മാത്യു**

# ഗ്രാമസഭ
## പ്രാദേശിക ജനകീയ ഭരണതലം

**ഇന്ത്യയിൽ വേദകാലത്തോളം പഴക്കമാണ് പഞ്ചായത്തിരാജിന്റെ ചരിത്രത്തിനുള്ളത്. നീതിന്യായപരിപാലനമുൾപ്പെടെ ജനജീവിതത്തെ ബാധിക്കുന്ന എല്ലാ തുറകളിലും ക്ഷേമ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിൽ, കാർഷിക മേഖലയുടെ വികസനത്തിലൊക്കെ ഗ്രാമങ്ങൽ നിർണായക പങ്കു വഹിച്ചിട്ടുണ്ട്.**

**ഭാഗം I**

ഗ്രാമസ്വരാജിനെ വിസ്മരിച്ചുകൊണ്ടുള്ള ഒരു ഭരണവ്യവസ്ഥ ജനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനോ ജനവികാരങ്ങൾ പ്രതിഫലിപ്പിക്കുന്നതിനോ സഹായകമല്ല എന്ന് മഹാത്മാ ഗാന്ധി ഉറച്ചു വിശ്വസിച്ചിരുന്നു. ബ്രിട്ടീഷ് മേൽക്കോയ്മയ്ക്കെതിരെ പൊതു ജനത്തെ അണിനിരത്തി സമരത്തിന്റെ വൻമതിൽ തീർത്ത, ഗ്രാമത്തിന്റെ മുക്കുംമൂലയും നേരിട്ട് കണ്ട് തിരിച്ചറിഞ്ഞ നമ്മുടെ രാഷ്ട്രപിതാവിന്റെ ഏറ്റവും വലിയ കാഴ്ചപ്പാടായിരുന്നു ഗ്രാമസ്വരാജ്. പ്രാദേശിക ഭരണകൂടങ്ങളെ ശക്തിപ്പെടുത്തി സ്വയംഭരണ അവകാശത്തിലേക്കു നയിക്കേണ്ടത് അനിവാര്യമാണെന്ന ആശയം ദേശീയ പ്രസ്ഥാനത്തിന്റെ കാലം മുതൽ തന്നെ സജീവമായിരുന്നു. സുസ്ഥിരവികസനം സാധ്യമാക്കാനും പ്രാദേശിക പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനും ഭരണ നിർവഹണപ്രക്രിയകളെ കാര്യക്ഷമവും അഴിമതി വിമുക്തമാക്കാനും അധികാരദുർവിനിയോഗം തടയാനും പ്രാദേശികഭരണകൂടങ്ങളെ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്. ഇതു സാധ്യമാകണമെങ്കിൽ ജനങ്ങളെ ശാക്തീകരിക്കേണ്ടതും ഭരണത്തിലും വികസനത്തിലും പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തേണ്ടതും അതുവഴി അവരുടെ ഉത്തരവാദിത്വവും കടമയും നിർവ്വഹിക്കാനുള്ള അവസരമൊരുക്കേണ്ടത് അനിവാര്യമാണെന്നത് ഇന്നു പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

ഇന്ത്യയിൽ വേദകാലത്തോളം പഴക്കമാണ് പഞ്ചായത്തിരാജിന്റെ ചരിത്രത്തിനുള്ളത്. നീതിന്യായപരിപാലനമുൾപ്പെടെ ജനജീവിതത്തെ ബാധിക്കുന്ന എല്ലാ തുറകളിലും ക്ഷേമ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിൽ, കാർഷികമേഖലയുടെ വികസനത്തിലൊക്കെ ഗ്രാമങ്ങൽ നിർണായക പങ്കു വഹിച്ചിട്ടുണ്ട്. ഇന്ത്യയിൽ നിലനിന്നിരുന്ന ശക്തമായ ഗ്രാമഭരണം, നാട്ടുരാജ്യങ്ങൾ എന്നിങ്ങനെയുള്ള ചെറുചെറു സ്വയംഭരണസ്ഥാപനങ്ങളായിരുന്നു ഇന്ത്യയുടെ കരുത്ത്. ബ്രിട്ടീഷാധിപത്യം ഒറ്റയടിക്ക് വ്യാപിപ്പിക്കാൻ ശക്തരായ അവർക്കു പോലും കഴിയാതിരുന്നത് അതുകൊണ്ടാണ്. അതാണ്

**മറ്റു സംസ്ഥാനങ്ങളിൽ ഒരു പഞ്ചായത്തിലെ വോട്ടർമാർ ചേരുന്ന സഭയാണ് ഗ്രാമസഭ. എന്നാൽ കേരള പഞ്ചായത്തി രാജ് അനുസരിച്ച് വോട്ടവകാശമുള്ള ഒരു വാർഡിലെ മുഴുവൻ പേരും ചേരുന്നതാണ് ഗ്രാമസഭ. ഗ്രാമസഭ വാർഡ് അടിസ്ഥാന ത്തിൽ മാത്രമേ കേരളത്തിൽ കൂടാൻ കഴിയൂ.**



ഭിന്നിപ്പിച്ചു ഭരിക്കാനുള്ള തന്ത്രത്തിന് അവർ രൂപം നൽകിയത്. ഇന്ത്യയിൽ നില നിന്നിരുന്ന ഈ വൈരുദ്ധ്യത്തെ അംഗീ കരിച്ചുകൊണ്ടാണ് സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ ഒരു കേന്ദ്രീകൃതസംവിധാന മല്ല മറിച്ച്, ഒരു ഫെഡറൽ സംവിധാന മാണ് വേണ്ടതെന്ന് തീരുമാനിക്കപ്പെട്ടത്. ഇന്ത്യയിൽ മറ്റു സംസ്ഥാനങ്ങളിൽ ഗ്രാമ ഭരണവും ഗ്രാമസഭയും സ്വാതന്ത്ര്യ ത്തിനും എത്രയോ മുൻപു തന്നെ ഉണ്ടാ യിരുന്നു. എന്നാൽ കേരളത്തിൽ ഗ്രാമ സഭ ഒരു പുതിയ സംവിധാനമായിരുന്നു.

**എന്താണ് ഗ്രാമസഭ**

മറ്റു സംസ്ഥാനങ്ങളിൽ ഒരു പഞ്ചാ യത്തിലെ വോട്ടർമാർ ചേരുന്ന സഭയാണ് ഗ്രാമസഭ. എന്നാൽ കേരള പഞ്ചായത്തി രാജ് അനുസരിച്ച് വോട്ടവകാശമുള്ള ഒരു വാർഡിലെ മുഴുവൻ പേരും ചേരുന്ന താണ് ഗ്രാമസഭ. ഗ്രാമസഭ വാർഡ് അടി സ്ഥാനത്തിൽ മാത്രമേ കേരളത്തിൽ കൂടാൻ കഴിയൂ. ഇതു ഗുണകരമാകുമ്പോ ൾത്തന്നെ വികസനപ്രവർത്തനങ്ങൾ വാർഡ് അടിസ്ഥാനത്തിൽ ചിന്തിക്കാൻ പൊതുജനത്തേയും അതുവഴി ജനപ്രതി നിധികളേയും പ്രേരിപ്പിക്കുന്നു. ഇന്ത്യൻ ഭരണഘടനാ പിൻബലമുള്ള ഭരണസം വിധാനത്തിന്റെ ഏറ്റവും താഴത്തെ ശക്ത മായ ജനകീയതലമാണ് ഗ്രാമസഭ. കേന്ദ്ര നിയമമനുസരിച്ച് 6 മാസത്തിൽ ഒന്ന് എന്ന കണക്കിന് വർഷത്തിൽ രണ്ട് ഗ്രാമ സഭ കൂടണമെന്നാണ് രേഖപ്പെടുത്തിയി ട്ടുള്ളത്. എന്നാൽ കേരളത്തിൽ വന്ന പ്പോൾ 1999 ൽ സമർപ്പിച്ച സെൻകമ്മറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മൂന്നു മാസത്തിൽ ഒരു ഗ്രാമസഭ എന്ന കണ ക്കിന് ഒരു വർഷത്തിൽ കുറഞ്ഞത് നാല് ഗ്രാമസഭ വേണമെന്നു തീരുമാനിച്ചു. ഇത്തരത്തിൽ ഒരു നിർദ്ദേശം മുന്നോട്ടു വയ്ക്കാനുള്ള കാരണവും സെൻകമ്മിറ്റി സൂചിപ്പിച്ചിട്ടുണ്ട്. ഇത്രയും അധികാരവും പണവും താഴെതലത്തിൽ നൽകുമ്പോൾ അതു വിലയിരുത്താനും പങ്കാളികളാ കാനും പൊതുജനത്തിനുള്ള അവസരം രണ്ടായാൽ പോര എന്നും കുറഞ്ഞത് നാലു പ്രാവശ്യമെങ്കിലും ആവണമെന്നു മായിരുന്നു.

**ഇതുകൂടാതെ കൂടുതൽ ഗ്രാമസഭ കൾ കൂടാമോ?**

നാല് ഗ്രാമസഭകൾ കൂടാതെ പ്രത്യേ ക ഗ്രാമസഭകൾ എത്ര വേണമെങ്കിലും വിളിക്കാം. എന്നാൽ അവ ഈ നാല് ഗ്രാമ സഭകൾക്ക് ഇടക്കായിരിക്കണം. പ്രത്യേക ഗ്രാമസഭകൾ എന്തു കാര്യത്തിനാണോ വിളിക്കുന്നത് ആ അജണ്ടയ്ക്ക് മാത്രമാ യിരിക്കണം ഗ്രാമസഭ കൂടേണ്ടത്.

**ഒരു വാർഡിൽ മാത്രമായി ഗ്രാമസഭ വിളിക്കാമോ?**

ഒരു പ്രത്യേക ആവശ്യം പരിഗണിച്ച് ഒരു വാർഡിന്റേയോ ഒന്നിൽക്കൂടുതൽ വാർഡുകളുടേയോ ഗ്രാമസഭ മാത്രമായി വിളിക്കാവുന്നതാണ്. പഞ്ചായത്തിൽ നിന്നും ഒരു പിന്തുണാസംവിധാനവും ഉണ്ടായില്ലെങ്കിലും ഗ്രാമസഭ കൺവീന റെന്ന നിലയിൽ വാർഡ് മെമ്പർക്കു തന്നെ കൂടാമെന്നതാണ് ഒരു വിധിയുടെ ഭാഗമായി ഹൈക്കോടതി തന്നെ സൂചി പ്പിച്ചത്.

**എന്താണ് ഗ്രാമസഭയുടെ ഘടനാപര മായ പ്രത്യേകതകൾ?**

ഗ്രാമസഭയുടെ കൺവീനർ വാർഡ് മെമ്പറും കോഡിനേറ്റർ പഞ്ചായത്ത് ഭര ണസമിതി തീരുമാനിക്കുന്ന ഒരു ഉദ്യോ ഗസ്ഥനുമായിരിക്കും. ഗ്രാമസഭയുടെ സംഘാടനത്തിലും നടത്തിപ്പിലും ഗ്രാമ സഭാ കൺവീനറെ സഹായിക്കുകയാണ് ഈ കോഡിനേറ്ററുടെ ജോലി. ഗ്രാമസഭ യുടെ അദ്ധ്യക്ഷൻ പ്രസിഡന്റായിരിക്കു മെന്നു പറയാൻ കാരണം ഭരണസമിതി യുടെ അദ്ധ്യക്ഷനെന്ന നിലയിൽ ഗ്രാമ സഭയിൽ പങ്കെടുത്ത് പൊതുജനത്തി ന്റെ പ്രശ്നങ്ങൾ,ആവശ്യങ്ങൾ നേരിട്ട് കേൾക്കാനും , അതിന് ഒരു ചോർച്ചയും വരാതെ ഭരണസമിതിയിൽ തീരുമാനമാ ക്കുന്നതിനും വേണ്ടിയാണ്. അദ്ദേഹത്തിന് അതിനു കഴിയാത്ത സന്ദർഭത്തിൽ വേണം വൈസ് പ്രസിഡന്റോ സ്റ്റാന്റിംഗ് കമ്മിറ്റി മെമ്പർമാരോ മറ്റു മെമ്പർമാരോ ആകേണ്ടത്. ആരുമെത്താത്ത സാഹച ര്യത്തിൽ വാർഡ് മെമ്പറുടെ നേതൃത്വ ത്തിൽത്തന്നെ ഗ്രാമസഭ നടത്താം.

ഒരു ഗ്രാമസഭയുടെ കോറം 10% ആണ്. എന്നാൽ കോറം തികയാതെ മാറ്റിവച്ച് കൂടുന്ന ഗ്രാമസഭയിൽ കോറം 50 പേരാ ണ്. ഏത് പ്രത്യേക സാഹചര്യം വന്നു പോയാലും ഗ്രാമസഭ കൂടാൻ വേണ്ടി യാണ് ഇത്തരത്തിൽ കോറം നിശ്ചയി ച്ചിരിക്കുന്നത്. എന്നു പറഞ്ഞാൽ പരമാ വധി കുറച്ച് ആളിനെ പങ്കെടുപ്പിച്ച് ഗ്രാമ

സഭ നടത്താനുള്ള പഴുതായി ഇതിനെ കാണരുത്. എന്നാൽ നമ്മളിൽ പലരും പരമാവധി ആളിനെ പങ്കെടുപ്പിക്കാൻ ശ്രമിക്കുന്നതിൽ നിന്നും രക്ഷപ്പെടാനായി ഈ നിയമങ്ങൾ ഉപയോഗിക്കുന്ന രീതിയിലേക്ക് തരംതാണിട്ടുണ്ടെന്നത് വിമർശനാത്മകമാണ്.

ഗ്രാമസഭ വിളിക്കാനും നടത്തിക്കാനുമുള്ള ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തുകൾക്കാണെന്നു കരുതി അത് അവർക്കു മാത്രം ബാധകമായ ഒരു ഇടമെന്ന നിലയിലാണ് പരക്കെ വിശ്വസിക്കുന്നത്. എന്നാൽ ഇത് ത്രിതല പഞ്ചായത്തുകൾക്കും ബാധകമായ ഇടമാണ് ഗ്രാമസഭ എന്നു നാം മനസ്സിലാക്കണം. അതുകൊണ്ടാണ് എല്ലാ ഗ്രാമസഭയിലേക്കും-ബ്ലോക്ക് മെമ്പർമാർ, ജില്ലാ പഞ്ചായത്ത് മെമ്പർ, നിയമസഭാ മെമ്പർ എന്നിവരെ ഗ്രാമസഭാ കൺവീനർ ക്ഷണിച്ചിരിക്കേണ്ടതാണെന്നു നിഷ്കർഷിക്കുന്നത്. അവർ ഗ്രാമസഭയിൽ ഉടനീളം പങ്കെടുക്കുന്ന അവസ്ഥ സംജാതമാകുമ്പോഴാണ് യഥാർത്ഥത്തിൽ അധികാരം ജനങ്ങളുടെ അടുക്കലേക്കെത്തുന്നത്. ഇതുവഴി ഗ്രാമസഭയുടെ നിർദ്ദേശങ്ങൾ, അഭിപ്രായങ്ങൾ, ആവശ്യങ്ങൾ എന്നിവ നേരിട്ട് അതതു തലത്തിലെത്തിക്കുന്നതിന് ഇതു സഹായകമാകും.

ഗ്രാമസഭയിലെ 10% വോട്ടർമാർ രേഖാമൂലം പ്രത്യേക അജണ്ട വച്ച് ഗ്രാമസഭ വിളിക്കാൻ ആവശ്യപ്പെട്ടാൽ 15 ദിവസത്തിനുള്ളിൽ ഗ്രാമസഭ വിളിക്കാൻ ബാധ്യസ്ഥരാണ്. ഈ ഗ്രാമസഭ സാധാരണ ഗ്രാമസഭകൾക്ക് ഇടയ്ക്കായിരിക്കണം കൂടേണ്ടത്. കൂടാതെ ജനം ആവശ്യപ്പെട്ട ആ അജണ്ട മാത്രമേ വയ്ക്കാനും പാടുള്ളൂ. ഇത് ജനാധിപത്യത്തിന്റെ ഏറ്റവും ഉദാത്തഭാവമായി, അവകാശമായി കാണാനും അതിനുവേണ്ട പിന്തുണ നൽകാനും നമുക്കു കഴിയണം. ഗ്രാമസഭയുടെ അറിയിപ്പ് ഏഴു ദിവസത്തിനു മുൻപ് വോട്ടർമാരെ അറിയിക്കണമെന്നു വ്യവസ്ഥ ചെയ്യുന്നു. ഇത് ഗ്രാമസഭാമെമ്പർമാർക്ക് ഇതിൽ പങ്കെടുക്കാൻ വേണ്ട തയ്യാറെടുപ്പ് നടത്താൻ സഹായകമാകും.

**ഗ്രാമസഭയും അയോഗ്യതയും**

അടുത്തടുത്ത രണ്ട് ഗ്രാമസഭകൾ വിളിച്ചില്ലെങ്കിൽ ആ വാർഡിന്റെ ജനപ്രതിനിധി അയോഗ്യരാക്കപ്പെടുമെന്ന കേരള പഞ്ചായത്തിരാജിലെ വ്യവസ്ഥ സർക്കാർ പ്രത്യേക ഓഡിനൻസിൽക്കൂടി മാറ്റുകയുണ്ടായി. ഇപ്പോൾ അടുത്തടുത്ത് മൂന്ന് ഗ്രാമസഭ വിളിച്ചില്ലെങ്കിൽ അയോഗ്യരാകുമെന്നതാണ് ഈ ഓഡിനൻസിനെക്കുറിച്ച് നിലവിലുള്ള നിയമം. അയോഗ്യത എന്നത് നമ്മുടെ ഈ മേഖലയിലെ ശ്രദ്ധ കൂട്ടാനും പ്രാധാന്യം ബോധ്യപ്പെടുത്താനുമാണ്. ഇന്ന് പലരുടേയും സമീപനം അയോഗ്യരാവാതിരിക്കാൻ ഗ്രാമസഭ വിളിക്കുക എന്ന നിലയിലേക്കു മാറിപ്പോയിട്ടുണ്ട്. ആറുമാസത്തിൽ ഒരു ഗ്രാമസഭ നന്നായി നടത്താൻ നമുക്കു കഴിഞ്ഞില്ലെങ്കിൽ പ്രാദേശികഭരണം ശക്തിപ്പെടുത്താൻ ജനാധിപത്യം കരുത്തുപകരാൻ നാം ശബ്ദമുയർത്തുന്നതിൽ അർത്ഥമില്ല. ഇത്തരത്തിൽ ഒരു ഓഡിനൻസ് ഇറക്കാനായി സർക്കാരിനോട് ആവശ്യപ്പെടേണ്ടിവരുന്ന അവസ്ഥ നാണക്കേട് ഉണ്ടാക്കുന്നതാണ്, നമ്മുടെ കഴിവുകേട് വിളിച്ചോതുന്നതാണ്. കൂടുതൽ അധികാരവും പണവും തന്ന് പ്രാദേശിക സർക്കാരുകളായി മാറ്റാൻ വേണ്ടി നാം നടത്തുന്ന ശ്രമത്തിനും സർക്കാരിനോടുള്ള ആവശ്യത്തിനും ഇത്തരത്തിലുള്ള നമ്മുടെ അശ്രദ്ധയും അവഗണനയും നിഷേധനിലപാടും മങ്ങലേൽപ്പിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. ■

(തുടരും)

*ലേഖകൻ കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റാണ്*



# പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കാൻ

**ഡോ. ജെ.ബി.രാജൻ**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ഒന്നാം പ്രോജക്ടുകൾക്കുള്ള അംഗീകാര നടപടികൾ ഏകദേശം പൂർത്തിയായിരിക്കുകയാണ്. കേരളത്തിലെ 1209 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 187,771 പ്രോജക്ടുകൾ സമർപ്പിച്ചതിൽ 176,850 പ്രോജക്ടുകൾക്ക് (94%) ഇതിനോടകം അംഗീകാരം ലഭിച്ചുകഴിഞ്ഞു (2013 ജനുവരി 5ലെ 'സുലേഖ' സോഫ്റ്റ്‌വെയർ കണക്ക് പ്രകാരം). സമർപ്പിച്ച പ്രോജക്ടുകളുടെ ആകെ അടങ്കൽതുക 8504.91 കോടി രൂപയാണ് ഇതിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ അടങ്കൽ തുക 7662.09 കോടി രൂപയാണ് (90%). അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ നിർവ്വഹണത്തിന് കഷ്ടിച്ച് രണ്ട് മാസമാണുള്ളത്. സംസ്ഥാന നിയമസഭ മുമ്പാകെ കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ റിപ്പോർട്ട് പ്രകാരം 2010-11 സാമ്പത്തിക വർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തിയ അടങ്കൽ തുകയുടെ 34 ശതമാനം മാത്രമേ വിനിയോഗിച്ചിട്ടുള്ളൂ. ഇത്തരുണത്തിൽ പദ്ധതി ധനവിനിയോഗം സമ്പൂർണ്ണമാകുന്നതിന് ഊർജ്ജിതമായ ശ്രമങ്ങൾ ആവശ്യമാണ്. ധനവിനിയോഗം സമ്പൂർണ്ണമാക്കുക എന്നതിലുപരി വികസന-സേവന പ്രവർത്തനങ്ങളുടെ സാക്ഷാത്കാരമാണ് സമയ ബന്ധിതമായ പദ്ധതി നിർവ്വഹണത്തിലൂടെ സാധ്യമാകുന്നത്. സമയബന്ധിതമായി പൂർത്തിയാകാത്ത പ്രോജക്ടുകൾ പാഴ്ചെലവുകൾക്കും ദുർവ്യയത്തിനും കാരണവുമാകും. ആസൂത്രണത്തിന്റെ ഫല പ്രാപ്തി സാക്ഷാത്കരിക്കപ്പെടുന്നത് കാര്യക്ഷമമായ നിർവ്വഹണത്തിലൂടെയാണല്ലോ. പദ്ധതി നിർവ്വഹണം കാര്യക്ഷമമാകുവാൻ ദിശാബോധത്തോടെയുള്ള നിർവ്വഹണത്തിനുള്ള ആസൂത്രണവും, ഉത്തരവാദിത്തം പങ്കുവയ്ക്കലും, തുടർച്ചയായ വിലയിരുത്തലും ആവശ്യമാണ്.

**നിർവ്വഹണ ആസൂത്രണം**

പ്രോജക്ട് ലക്ഷ്യങ്ങൾ കൈവരിക്കുന്ന തരത്തിൽ സമയബന്ധിതമായ നിർവ്വഹണത്തിന് വ്യക്തമായി ആസൂത്രണം ചെയ്യണം. പദ്ധതി നിർവ്വഹണ ആസൂത്രണത്തിനുള്ള ഉപാധിയാണ് പദ്ധതി നിർവ്വഹണ കലണ്ടർ. ഓരോ പ്രോജക്ടിനും നിർവ്വഹണ കലണ്ടർ ഉണ്ടെങ്കിലും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുന്ന പ്രോജക്ടുകളുടെയുടെയാകമാനം നിർവ്വഹണ കലണ്ടർ തയ്യാറാക്കേണ്ടതുണ്ട്. 2013 മാർച്ച് 31നകം പരമാവധി പ്രോജക്ടുകളുടെ നിർവ്വഹണവും ധനവിനിയോഗവും പൂർത്തീകരിക്കാൻ സഹായിക്കുന്നതരത്തിലാണ് നിർവ്വഹണ കലണ്ടർ തയ്യാറാക്കേണ്ടത്. നിർവ്വഹണ കലണ്ടറിലൂടെ ഓരോ ഘട്ടത്തിലും നടക്കേണ്ട പ്രവർത്തനങ്ങളുടെ പുരോഗതിയും ചുമതലപ്പെട്ടവരുടെ ഉത്തരവാദിത്വ നിർവ്വഹണത്തിന്റെ വിലയിരുത്തലും സാധ്യമാകും. ഓരോ പ്രോജക്ടുകളിലും ഉൾപ്പെടുന്ന പ്രവർത്തനങ്ങളുടെ ആരംഭവും പൂർത്തീകരണവും സംബന്ധിച്ച് വ്യക്തതയുണ്ടാക്കാനും അവ ത്വരിതപ്പെടുത്തുവാനും നിർവ്വഹണ ആസൂത്രണത്തിലൂടെ സാധിക്കും.




പ്രോജക്ടുകളുടെ കാലചക്രം പരിഗണിച്ചുകൊണ്ടുള്ള നിർവ്വഹണം നടത്തിയെങ്കിൽ മാത്രമേ പ്രതീക്ഷിക്കുന്ന നേട്ടങ്ങളും ഭൗതീക ലക്ഷ്യങ്ങളും കൈവരിക്കാനാകൂ. പ്രോജക്ട് ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനുമുള്ള നിശ്ചിത കാലയളവിനെയാണ് പ്രോജക്ടിന്റെ കാലചക്രം എന്ന് പറയുന്നത്. പ്രോജക്ട് നിർദ്ദിഷ്ട കാലചക്രത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിലൂടെയാണ് കാര്യക്ഷമമായ നിർവ്വഹണം സാധ്യമാകുന്നത്. നിർവ്വഹണ ആസൂത്രണത്തിന്റെ ഭാഗമായി പ്രോജക്ടുകളെ അവയുടെ സ്വഭാവമനുസരിച്ച്

വർഗ്ഗീകരിക്കാവുന്നതാണ്. കാലയളവ്, വികസനമേഖല, വിഷയമേഖല, ഗുണ ഭോക്തൃസ്വഭാവം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ വർഗ്ഗീകരിക്കാം. കാലയളവിന്റെ അടിസ്ഥാനത്തിൽ ഏക വർഷ പ്രോജക്ടുകളും ബഹുവർഷ പ്രോജക്ടുകളും; വികസനമേഖലയുടെ അടിസ്ഥാനത്തിൽ ഉൽപ്പാദനമേഖലാ, സേവനമേഖലാ, പശ്ചാത്തല മേഖല പ്രോജക്ടുകൾ എന്നിങ്ങനെയും തരം തിരിക്കാം. വികസനമേഖലകളിൽ തന്നെ വിഷയമേഖലകളുടെ അടിസ്ഥാനത്തിലും തരംതിരിക്കാം. ഉദാഹരണത്തിന് ഉൽപ്പാദനമേഖലയിൽ കൃഷി, മൃഗപരിപാലനം, മത്സ്യബന്ധനം എന്നിങ്ങനെ. അതുപോലെ ഗുണഭോക്തൃസ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തിഗത പ്രോജക്ടുകളും പൊതു പ്രോജക്ടുകളും എന്നും തരംതിരിക്കാം.

പ്രോജക്ടുകളുടെ വർഗ്ഗീകരണം അവയുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ ഉയർത്താവുന്ന വെല്ലുവിളികൾ തിരിച്ചറിയുവാനും അവ തരണം ചെയ്യുവാനും സഹായിക്കും. ഉദാഹരണത്തിന് കൃഷി, ജലസേചനം എന്നീ പ്രോജക്ടുകൾ കാലാവസ്ഥയുമായും, വിദ്യാഭ്യാസ പ്രോജക്ടുകൾ അക്കാദമിക വർഷവുമായും ബന്ധപ്പെട്ടിരിക്കുന്നു. കുടിവെള്ള പ്രോജക്ടുകൾ കുടിവെള്ള ക്ഷാമം രൂക്ഷമാകുന്നതിനു മുമ്പും മരാമത്ത് പ്രവൃത്തികൾ കാലവർഷം തുടങ്ങുന്നതിനുമുമ്പും ചെയ്തുതീർക്കേണ്ടവയാണ്. ഇവയൊക്കെ പരിഗണണിച്ചു വേണം പദ്ധതി നിർവ്വഹണ കലണ്ടർ തയ്യാറേക്കണ്ടത്. വികസന പരിപ്രേക്ഷ്യത്തിന്റെയും പ്രാദേശിക പ്രത്യേകതകളുടേയും പ്രോജക്ടുകളുടെ വർഗ്ഗത്തിന്റെയും അടിസ്ഥാനത്തിൽ നിർവ്വഹണത്തിനുള്ള മുൻഗണനകൾ നിശ്ചയിക്കണം.



**ഉത്തരവാദിത്ത വിഭജനം**

ഉത്തരവാദിത്ത വിഭജനം പദ്ധതി നിർവ്വഹണം സുഗമമാക്കും. പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കാൻ ആസൂത്രണത്തിലെന്നപോലെ നിർവ്വഹണത്തിലും ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തണം. ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും പരിധിയിൽവരുന്ന വിഷയമേഖലകളിലെ പ്രോജക്ടുകളുടെ ഉത്തരവാദിത്തം വിഭജിച്ച് നൽകണം.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ നിറവേറ്റുന്നതിൽ ഭരണസമിതിയെ സഹായിക്കുന്ന സംവിധാനമാണ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ. ഡോ. സെൻ കമ്മിറ്റി വിഭാവന ചെയ്തതുപ്രകാരം ഭരണനിർവ്വഹണത്തിൽ ഭരണസമിതിയെ സഹായിക്കുന്നതിനുള്ള ഉപസമിതികളാണ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ. ആസൂത്രണ സമിതികളായ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പരിപോഷണത്തിലാക്കികൊണ്ട് പ്രാദേശികാസൂത്രണ പ്രവർത്തനങ്ങൾ കൂടുതൽ ജൈവപരമാക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമം പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖയിലൂടെ സംസ്ഥാന സർക്കാർ നടത്തിയിട്ടുണ്ട്. ആസൂത്രണത്തിലെന്നപോലെ നിർവ്വഹണത്തിലും ഇത് സാധ്യമാകേണ്ടതുണ്ട് നിർവഹണ ഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായിട്ടാണ് പ്രവർത്തിക്കേണ്ടത്. ആയതിനാൽ അതത് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് സമിതികൾ വിളിച്ചു ചേർത്ത് വിവിധ വിഷയ മേഖലകളുടെ നിർവ്വഹണ കലണ്ടർ തയ്യാറാക്കണം. പ്രസ്തുത കലണ്ടറുകൾ മോണിറ്ററിംഗ് സമിതി ചെയർപേഴ്സൺമാരുടെയും കൺവീനർമാരുടെയും സംയുക്ത യോഗത്തിൽ വച്ച് ക്രോഡീകരിക്കണം. അങ്ങനെ വിഷയമേഖലകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിവരുന്ന നിർവ്വഹണ കലണ്ടറുകൾ ക്രോഡീകരിച്ചു വേണം പദ്ധതി നിർവ്വഹണ കലണ്ടർ തയ്യാറാക്കുവാൻ. ഇത് ഉത്തരവാദിത്ത ബോധം ജനിപ്പിക്കുവാനും ഉത്തരവാദിത്തങ്ങൾ പങ്കിടുവാനും സഹായിക്കും.



**തുടർച്ചയായ വിലയിരുത്തൽ**

നിർവ്വഹണ കലണ്ടർ പ്രകാരം പ്രോജക്ട് നിർവ്വഹണ പുരോഗതി തുടർച്ചയായി വിലയിരുത്തണം. തുടർച്ചയായ വിലയിരുത്തൽ പ്രോജക്ടുകളുടെ നിർവ്വ

ഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുണ്ടാകുന്ന തടസ്സങ്ങൾ പരിഹരിക്കുവാനും നിർവ്വഹണ പുരോഗതി ത്വരിതപ്പെടുത്തുവാനും സഹായിക്കും. ആയതിലേക്ക് ജനാധിപത്യ വേദികളുടെ പ്രവർത്തനം കാര്യക്ഷമമാകണം. തുടർച്ചയായ വിലയിരുത്തൽ ഫലവത്താക്കുന്നതിന് സ്റ്റാൻഡിംഗ് കമ്മിറ്റി സംവിധാനം സഹായകമാണ്. നിർവ്വഹണ പുരോഗതിയുടെ തുടർച്ചയായ വിലയിരുത്തലിന് വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയും പ്രോജക്ടിൽ വിഭാവന ചെയ്ത അളവിൽ വിഭവങ്ങൾ ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും മുൻകൈ എടുക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസൂത്രണ സമിതികളായ വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് കമ്മിറ്റികളാണെന്ന് സൂചിപ്പിച്ചുവല്ലോ. മോണിറ്ററിംഗ് കമ്മിറ്റികളുടെ സഹായത്തോടെ തുടർച്ചയായ വിലയിരുത്തലിന് സ്റ്റാൻഡിംഗ് കമ്മറ്റികളും സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ക്രോഡീകൃതവേദിയായ സ്റ്റിയറിംഗ് കമ്മിറ്റിയും സജീവമായി പ്രവർത്തിക്കണം.

പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി ജനകീയ മോണിറ്ററിംഗിന് വിധേയമാക്കുന്നതും ഉചിതമാണ്. ആയതിലേക്ക് ഗ്രാമ/വാർഡ്സഭകൾ സംഘടിപ്പിച്ച് വിഭാവന ചെയ്ത പ്രവർത്തനങ്ങൾ നിർവ്വഹിക്കപ്പെടുന്നുണ്ടോ, വകയിരുത്തിയ ഇനങ്ങൾക്കാണോ ചെലവഴിക്കുന്നത്, പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നുണ്ടോ, തുടങ്ങീ കാര്യങ്ങൾ ജനകീയ മോണിറ്ററിംഗിന് വിധേയമാക്കണം. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം ഒന്നാം വർഷാവസാനഘട്ടത്തിൽ (ജനുവരി മാസത്തിൽ) വാർഷിക പദ്ധതിയുടെ ഒരു ദ്രുതവിശകലനം (Rapid Assessment)നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ദ്രുത വിശകലനത്തിന്റെ ഫലങ്ങൾകൂടി പരിഗണിച്ചു വേണം അടുത്ത വർഷത്തെ പ്രോജക്ടുകൾ അന്തിമമാക്കാൻ. ഈ വർഷത്തെ പദ്ധതിനിർവ്വഹണം കാര്യക്ഷമമാക്കുന്നതോടൊപ്പം അടുത്ത വർഷത്തെ പദ്ധതി 2013 ഫെബ്രുവരിയിൽ തന്നെ അന്തിമമാക്കുകയെന്ന ദൗത്യവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. വ്യക്തമായ ആസൂത്രണത്തിലൂടെ മാത്രമെ ഇവ സാധ്യമാകുകയുള്ളൂ. ■

*ലേഖകൻ "കില" യിൽ അസിസ്റ്റന്റ് പ്രൊഫസറാണ്.*





# ഭാരത അന്താരാഷ്ട്ര വ്യാപാര മേള 2012

**മേള നഗരിയിൽ വർണ്ണങ്ങളുടെ മഹോൽസവമായിരുന്നു. ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളുടേയും പവലിയനുകൾ വിവിധ വർണ്ണങ്ങൾ ചാലിച്ച് തേച്ച് അതിസുന്ദരികളായി സുഭഗനായ നവവരനെ അക്ഷമരായി കാത്തിരിക്കുന്ന നവവധുക്കളെ പോലെ തോന്നിച്ചു.**

### ഇന്ദ്രപ്രസ്ഥത്തിൽ ഒരു ശിശിരകാലത്ത്

2012 നവംബർ മാസം 6-ാം തീയതി രാവിലെ 11.00 മണിയ്ക്ക് കെ.കെ.എക്സ്പ്രസ്സിൽ കയറുമ്പോൾ മനസ്സിൽ ആശങ്കകളും, വ്യാകുലതകളും ആയിരുന്നു. കേരളത്തിലെ 978 പഞ്ചായത്തുകളെയും പ്രതിനിധാനം ചെയ്ത് നമ്മുടെ രാജ്യത്തിന്റെ തലസ്ഥാന നഗരിയിൽ വച്ച് ലോകത്തിന് മുന്നിൽ കേരളത്തിന്റെ പഞ്ചായത്ത് വകുപ്പിനെ പരിചയപ്പെടുത്തുവാൻ പോകുന്നു. നിശ്ചയമായും ഏതൊരാൾക്കും ഹൃദയമിടിപ്പ് കൂട്ടുന്ന ഒരു ചിന്തയാണിത്. എന്നാൽ കഴിഞ്ഞ നാല് മാസങ്ങളായി (ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ) നടത്തിയ കഠിന പരിശ്രമങ്ങൾ ഞങ്ങൾക്ക് അത്ഭുതാവഹമായ ഒരു ആത്മധൈര്യം പകർന്ന് തന്നിരുന്നു. പഞ്ചായത്ത് വകുപ്പ് കേരള ഭരണ സംവിധാനത്തിൽ പിറന്ന് വീണതിന് ശേഷം ആദ്യമായി ഒരു അന്താരാഷ്ട്ര പ്രദർശനത്തിൽ പങ്കെടുക്കുന്നതിനാൽ ഞങ്ങൾ ആവശ്യത്തിൽ കൂടുതൽ മുൻകരുതലുകൾ സ്വീകരിച്ചിരുന്നു. കാരണം തലസ്ഥാന നഗരിയായ ഡൽഹിയിൽ ഇരുന്നുകൊണ്ട് പോരായ്മകൾ പരിഹരിക്കുന്നതിൽ പരിമിതിയുണ്ടല്ലോ? എല്ലാവരും കുടുംബസമേതം തിരുവനന്തപുരം റയിൽവേസ്റ്റേഷനിൽ എത്തി യാത്രികർക്ക് യാത്ര അയപ്പ് നൽകി.

യാത്രയുടെ കൂട്ടായ്മയിലൂടെ ഉരുത്തിരിഞ്ഞ ആനന്ദം ട്രെയിനിലുള്ളിലെ പോരായ്മകൾ മറക്കുവാനും പൊറുക്കുവാനും ഞങ്ങളെ പ്രാപ്തരാക്കി. മദ്ധ്യാഹ്നവും സായാഹ്നവും സന്ധ്യയും കഴിഞ്ഞ് രാത്രിയിലേക്ക് പ്രവേശിക്കുമ്പോൾ ട്രെയിൻ കൂടുതൽ കൂടുതൽ കരുത്താർജ്ജിക്കുന്നത് പോലെ ഞങ്ങൾക്ക് തോന്നി. എട്ടുമണി കഴിഞ്ഞപ്പോൾ പാലക്കാട് സ്റ്റേഷനിൽ ട്രെയിൻ എത്തിച്ചേർന്നു. അവിടെ അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ ഉൽപ്പന്നമായ പർപ്പിടകവുമായി പഞ്ചായത്ത് വകുപ്പിലെ ഒരു ഉദ്യോഗസ്ഥനായ ഷിറാസ് പാലക്കാട് റയിൽവേ സ്റ്റേഷനിൽ സന്നിഹിതനായിരുന്നു. അത്താഴവും കഴിഞ്ഞ് ഞങ്ങൾ ബർത്തിനെ ശരണം പ്രാപിക്കുമ്പോൾ നമുക്ക് അജ്ഞാതമായ തമിഴ്നാട്ടിലെയും മറ്റു സംസ്ഥാനങ്ങളിലെ സ്ഥലങ്ങളിലൂടെയും സഞ്ചരിച്ച് തലസ്ഥാനത്ത് ഉച്ചതിരിഞ്ഞ് എത്തിച്ചേർന്നു. അവിടെ നിന്നും ഞങ്ങളുടെ താമസ സ്ഥലങ്ങളിലേക്ക് പുറപ്പെട്ടു.

താമസസൗകര്യങ്ങൾ ലഭ്യമായതോടെ എങ്ങോ മയക്കം ബാധിച്ച് ആലസ്യത്തിലാണ്ടു കിടന്ന ഉത്സാഹം വീണ്ടും ഉണർന്നെണീറ്റ് വീര്യം കാട്ടിത്തുടങ്ങി. സിവിൽ സർവ്വീസ് പരീക്ഷയുടെ പരിശീലനങ്ങൾക്കായി ഡൽഹിയിൽ വർഷങ്ങൾ താമസിച്ച് പഠിച്ചിരുന്ന ജൂനിയർ സൂപ്രണ്ടുമാരായ

രാരാരാജിന്റേയും, ഹരികൃഷ്ണന്റേയും ഡൽഹിയിലെ മുൻപരിചയം ഞങ്ങൾക്ക് മഹാഭാഗ്യമായി. ആദ്യദിനം ഞങ്ങൾ താമസിച്ചിരുന്ന സ്ഥലത്തിലെ ചുറ്റുപാടുകൾ കാണുന്നതിന് സന്ധ്യാനേരത്ത് പുറത്തേക്ക് പോയി.

ഞങ്ങൾ താമസിച്ചിരുന്നത് ടാഗോർ ഗാർഡൻസിലായിരുന്നു. ഇടത്തരക്കാരായ ഗവ.ജീവനക്കാരും ചെറുകിട ജീവനക്കാരും, സ്വകാര്യ കമ്പനി ഉദ്യോഗസ്ഥരും ഇടതിങ്ങി താമസിക്കുന്ന ഒരു ഗല്ലി (ഇടനാഴി) ആയിരുന്നു ഞങ്ങൾ താമസിച്ചിരുന്ന ടാഗോർ ഗാർഡൻസ് ബി ബ്ലോക്ക്. ഒരു കാർ കഷ്ടിച്ച് കടന്നുപോകുന്ന ഇടവഴിയുടെ ഇരുവശത്തും നാലും അഞ്ചും നിലകളിൽ വിവധ കെട്ടിട സമുച്ചയങ്ങൾ. അവയിൽ ഒന്നും, രണ്ടും, മൂന്നും മുറികളായുള്ള നിരവധി അപ്പാർട്ട്മെന്റുകൾ.അവയ്ക്ക് ഓരോന്നിനും ഈടാക്കുന്ന വാടകകൾ ഞെട്ടിക്കുന്നതാണ്.

ആദ്യദിനത്തിൽ ഞങ്ങളുടെ ഐഡന്റിറ്റി കാർഡുകൾ ലഭ്യമാകാത്തതിനാൽ ഗേറ്റ് കൗണ്ടറിൽ നിന്നും തുകയടച്ച് പ്രവേശന ടിക്കറ്റുകൾ വാങ്ങേണ്ടി വന്നു. പ്രവേശന കവാടത്തിലൂടെ ഐ.ഐ.ടി.എഫ്. മേള നഗരിയിലേക്ക് കടന്നപ്പോൾ തന്നെ ഞങ്ങൾക്ക് യക്ഷിക്കഥകളിൽ നിന്നും മാത്രം വായിച്ച് പരിചയിച്ച ഒരു മായാ മായിക ലോകമാണ് ഓർമ്മകളിലേക്ക് കടന്ന് വന്നത്. പവലിയനുകളുടേയും, സ്റ്റാളുകളുടേയും അവസാന മിനുക്ക് പണികൾ ധൃതഗതിയിൽ നടന്നു വരുന്നുണ്ടായിരുന്നു.

മേള നഗരിയിൽ വർണ്ണങ്ങളുടെ മഹോത്സവമായിരുന്നു. ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളുടേയും പവലിയനുകൾ വിവിധ വർണ്ണങ്ങൾ ചാലിച്ച് തേച്ച് അതി സുന്ദരികളായി സുഭഗനായ നവവരനെ അക്ഷമരായി കാത്തിരിക്കുന്ന നവവധുക്കളെ പോലെ തോന്നിച്ചു.

കേരള പവലിയന്റെ സന്ദേശം പകർന്ന് നൽകുന്ന ആകാശനീലിമ ചുവരുകളിൽ തേച്ച് അത്യന്തം ആകർഷകമാക്കിയിരുന്നു. ഇൻഡ്യൻ ഇന്റർനാഷണൽ ട്രേഡ് ഫെയറിന്റെ മുദ്രാവാക്യമായ "സ്കില്ലിംഗ് ഇന്ത്യ"യെ അന്വർത്ഥമാക്കുന്ന ശിൽപ്പ വേലകളും, സിംബലുകളും ആയിരുന്നു. കേരള പവലിയന്റെ പ്രവേശന കവാടവും, കമാനങ്ങളും അലങ്കരിച്ചിരുന്നത്. ഒരു ആൺകുട്ടിയും പെൺകുട്ടിയും ചേർന്ന് അന്യോന്യം ഘടിപ്പിക്കാൻ കഴിയുന്ന കൊളാഷ് കളിക്കോപ്പുകൾ ഉപയോഗിച്ച് അവരുടെ ഭാവനക്കൊത്ത് രൂപങ്ങൾ നിർമ്മിക്കുന്ന സ്പോഞ്ച് നിർമ്മിത ശിൽപ്പമായിരുന്നു പവലിയന്റെ കമാനത്തിലെ ഏറ്റവും ആകർഷകമായ ദൃശ്യം. അതിന് ചുറ്റിലും കേരളത്തിന്റെ പ്രകൃതി സൗന്ദര്യം, വ്യാപാര, വ്യവസായ, വിദ്യാഭ്യാസ, ഭരണ, സാങ്കേതിക വിദ്യകളുടെ വളർച്ച വിശദമാക്കുന്ന ശിൽപ്പഭംഗികൾ എന്നിവയാൽ അലങ്കരിച്ചിരുന്നു.




കേരള പവലിയന്റെ കവാടം കഴിഞ്ഞാൽ കാണാൻ സാധിച്ചത് പവലിയന്റെ ഒത്ത നടുക്ക് ഒരു തുറന്ന പുസ്തകത്തിന്റെ പുറത്ത് ചിറക് വിരിച്ച് പറന്ന് പൊങ്ങുവാൻ ആഞ്ഞ് നിൽക്കുന്ന മനുഷ്യന്റെ ഭീമാകാരമായ ധവള രൂപമാണ്. തിരുവനന്തപുരം സ്വദേശിയായ ശിൽപ്പി ജിനന്റെ അന്യാദൃശ്യമായ കരവിരുതാണ് ഇത്തരത്തിൽ അർധഗർഭമായ ഒരു ശിൽപ്പത്തിന്റെ നിർമ്മിതിക്ക് കാരണമായത്. അടിസ്ഥാന വിദ്യാഭ്യാസം സിദ്ധിച്ച് നിപുണരായി, വ്യത്യസ്തമായ മേഖലകളിൽ കഴിവ് തെളിയിച്ച് വിജയികളായി പറന്നകലുന്ന മനുഷ്യരെ ഭീമാകാരമായ ധവള ശിൽപ്പത്തിന് മുകളിലായി കാണാമായിരുന്നു.

മനോഹരമായ ധവള ശിൽപ്പത്തിന് ഇടത് വശത്ത് പുറകിലായി പഞ്ചായത്ത് വകുപ്പിന്റെ നയനമനോഹരവും അർഥ സമ്പൂർണ്ണവുമായ സ്റ്റാൾ തീം ഏര്യായിൽ നിർമ്മിച്ചിരുന്നു. ആൽ മുതൽ ആപ്പിൾ വരെ എന്ന ക്യാപ്ഷനോട് കൂടി തയ്യാറാക്കിയിരുന്ന സ്റ്റാളിൽ പഞ്ചായത്തുകളുടെ ആവിർഭാവം മുതൽ നാളിതുവരെയുള്ള വികാസവും വളർച്ചയും സിംബോളിക്കായി പ്രദർശിപ്പിച്ചിരുന്നു. പൗരാണിക കാലങ്ങളിൽ ആചരിച്ചിരുന്ന രീതിയിൽ ആൽമരങ്ങളുടെ തണലിൽ പഞ്ചായത്ത് യോഗങ്ങൾ ചേർന്ന് ഗ്രാമവാസികളുടെ പൊതുവായതും വ്യക്തിപരമായതുമായ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്തിരുന്നു. അങ്ങനെയുള്ള ആൽമരങ്ങളുടെ തണലിൽ നിന്നും നവയുഗ കമ്പ്യൂട്ടറുകളായ ആപ്പിൾ കമ്പ്യൂട്ടറുകളിലേക്കുള്ള പ്രയാണമാണ് പഞ്ചായത്ത് വകുപ്പ് സ്റ്റാളുകളിൽ ദൃശ്യവൽക്കരിച്ചിരുന്നത്. സ്റ്റാളിലെ ത്രീഡിയിൽ ചെയ്ത ആൽമരവും ആപ്പിളും സന്ദർശകരുടെ പ്രശംസകൾ ഏറ്റു വാങ്ങിയത് കേരളപഞ്ചായത്ത് വകുപ്പിന് കിട്ടിയ അംഗീകാരമാണ്.

വികസനത്തിന്റെ പാതയിൽ അതിവേഗം നീങ്ങിക്കൊണ്ടിരിക്കുന്ന കേരളത്തിലെ വിവിധ പഞ്ചായത്തുകളിൽ നിന്നുമുള്ള ഉൽപ്പന്നങ്ങളുടെ വിൽപ്പനക്കായി കൊമേഴ്സ്യൽ ഏര്യയിൽ പഞ്ചായത്ത് വകുപ്പിന് ഒരു സ്റ്റാൾ കൂടി അനുവദിച്ചിരുന്നു. കേരളത്തിൽ നിന്നും ഐ.ഐ.ടി.എഫ്. മേളയിൽ പങ്കെടുത്ത വകുപ്പുകളിൽ പഞ്ചായത്തു വകുപ്പിനും കുടുംബശ്രീക്കും മാത്രമാണ് രണ്ട് സ്റ്റാളുകൾ അനുവദിച്ചിരുന്നത്.

2012 നവംബർ 14 ന് ഐ.ഐ.ടി.എഫ്. എക്സിബിഷൻ ബഹു.ഇൻഡ്യൻ പ്രസിഡന്റ് ഉദ്ഘാടനം ചെയ്യുകയുണ്ടായി. ഗ്രാമവികസന സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് കേരള പവലിയൻ ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനം കഴിഞ്ഞ് തുടർച്ചയായ അഞ്ച് ദിവസങ്ങൾ വ്യാപാരി വ്യവസായികൾക്കായി മാത്രം നിജപ്പെടുത്തി ഫെയർ പ്രദർശനം അനുവദിച്ചിരുന്നു. പിന്നീടുള്ള ദിനങ്ങളിൽ സന്ദർശകരുടെ മലവെള്ളപ്പാച്ചിലായിരുന്നു.

ഇൻഡ്യൻ സംസ്ഥാനങ്ങളുടെ സ്റ്റാളുകൾക്കും, പവലിയനുകൾക്കും പുറമെ, അയൽ രാജ്യങ്ങളായ പാകിസ്ഥാൻ, ബംഗ്ലാദേശ്, നേപ്പാൾ, ഭൂട്ടാൻ തുടങ്ങിയവയുടേയും അനവധി മറ്റ് രാജ്യങ്ങളുടേയും , വ്യാപാര വ്യവസായ സ്ഥാപനങ്ങളുടേയും കമനീയമായ സ്റ്റാളുകൾ സന്ദർശകരുടെ ആഗമനത്തിനായി കാത്ത് നിന്നിരുന്നു.

ഐ.ഐ.ടി.എഫ്. മേള ദിവസവും പത്ത് മണിക്ക് തന്നെ പ്രവർത്തനനിരതമാവുന്നതിനാൽ സ്റ്റാളുകൾ സജീവമാക്കുന്നതിന് രാവിലെ എട്ട് മണിക്ക് തന്നെ കഠിനമായ തണുപ്പ് അവഗണിച്ച് ഞങ്ങൾക്ക് പ്രവർത്തിക്കേണ്ടിവന്നു. പഞ്ചായത്ത് വകുപ്പിന്റെ കൊമേഴ്സ്യൽ സ്റ്റാളിൽ വൻ തിരക്കാണ് ദിവസവും അനുഭവപ്പെട്ടിരുന്നത്. ഡൽഹി മലയാളികൾ പോലും മലയാളമോ ഇംഗ്ലീഷോ സംസാരിക്കാതെ ഗോസായി ഭാഷയിൽ മൊഴിഞ്ഞപ്പോൾ സംഘാംഗങ്ങളിൽ ചിലർക്ക് വിമ്മിഷ്ടം ഉണ്ടായത് മറച്ചു വെക്കുന്നില്ല. പക്ഷെ ദിവസങ്ങൾക്കകം ഹിന്ദി ഭാഷ അനായാസമായി സംഘാംഗങ്ങൾക്ക് ഉപയോഗിക്കാൻ കഴിഞ്ഞത് മലയാളികളുടെ മാത്രം കഴിവായി കണക്കാക്കുവാൻ കഴിയുന്നതാണല്ലോ.



**ഐ.ഐ.ടി.എഫ്.മേളയിൽ പ്രദർശിപ്പിക്കുന്നതിനായി ഒരു ഡോക്യുമെന്ററി ഫിലിം നിർമ്മിച്ചിട്ടുണ്ടായിരുന്നു. പഞ്ചായത്തുകളുടെ വികസനത്തെപ്പറ്റിയും വിവിധ നേട്ടങ്ങളെപ്പറ്റിയും വിവരിച്ചു കൊണ്ട് ചിത്രീകരിച്ച ഡോക്യുമെന്ററി ഫിലിം ഇരുപത്തി ആറ് മിനിട്ട് ദൈർഘ്യം ഉള്ളതായിരുന്നു. ആല് മുതൽ ആപ്പിൾ വരെ എന്ന പേരിൽ നിർമ്മിച്ച ഡോക്യുമെന്ററി ഫിലിം പബ്ലിക് റിലേഷൻ വകുപ്പ് തുടർച്ചയായി സെൻട്രൽ തീം ഏരിയയിൽപ്രദർശിപ്പിച്ചിരുന്നു.**

ആദ്യ ദിനങ്ങളിൽ കൊമേഴ്സ്യൽ സ്റ്റാളിൽ അനുഭവപ്പെട്ട ഭാഷാ വിഷമം പിന്നീടങ്ങോട്ട് ഇല്ലാതായി . എന്നാലും തിരക്ക് നിയന്ത്രിച്ച് കച്ചവടം ചെയ്യുന്നതിന് ശരിക്കു ബുദ്ധിമുട്ടുണ്ടായിരുന്നു. സംഘാംഗങ്ങൾ അവസരത്തിനൊത്ത് ഉയർന്നതിനാൽ അവയെല്ലാം തരണം ചെയ്യുവാൻ സാധിച്ചു. തീം ഏര്യയിൽ വലിയ തിരക്ക് അനുഭവപ്പെട്ടിരുന്നില്ല. വിജ്ഞാന ദാഹികളും, ഭരണകർത്താക്കളും, ഗവേഷകരും, ബുദ്ധിജീവികളും, വിദ്യാർത്ഥികളും ആണ് തീം ഏര്യയിൽ കൂടുതൽ എത്തിയിരുന്ന് സംഘാംഗങ്ങളുടെ സമയോചിതമായ തീം അവതരണം പഞ്ചായത്ത് വകുപ്പ് വർഷങ്ങളായി നേടിയെടുത്ത നേട്ടങ്ങൾ ശരിയാംവണ്ണം സന്ദർശകരിൽ എത്തിക്കുവാൻ കഴിഞ്ഞത് ചാരിതാർത്ഥ്യജനകമാണ്. കേരളം എന്ന് കേൾക്കുമ്പോൾ ഒരു ടൂറിസം പോയിന്റ് എന്നതിൽ കവിഞ്ഞ് മറ്റൊരു തലത്തിൽ ഞങ്ങൾ ചിന്തിച്ചിരുന്നില്ല. എന്നാൽ സമൂഹത്തിന്റെ അടിത്തട്ടിൽ വരെ ചെന്നെത്തി അധികാരം കൈമാറുന്ന യഥാർത്ഥ ജനാധിപത്യ സംവിധാനത്തിന്റെ ഉദാഹരണമാണ് നിങ്ങളുടെ സംസ്ഥാനം എന്ന് ഇപ്പോഴാണ് അറിയാൻ സാധിച്ചത്. ഡൽഹിയിലെ ഒരു ഗവേഷണ വിദ്യാർത്ഥിയായ അവിനാഷ് പാണ്ഡെയുടെ വാക്കുകളാണ് ഇത്. ഇൻഡ്യയിൽ മിക്ക സംസ്ഥാനങ്ങളിലും പഞ്ചായത്തീരാജ് നിയമങ്ങൾ ഉണ്ടെങ്കിലും ഒരു വകുപ്പുതല നിയന്ത്രണ സംവിധാനമോ വ്യവസ്ഥാപിതമായ മറ്റെന്തെങ്കിലും സംവിധാനമോ അവർക്ക് ഇല്ല എന്നത് സത്യമാണ്. പഞ്ചായത്തുകൾക്ക് ഒരു വകുപ്പ് എന്നത് തന്നെ പല സന്ദർശകർക്കും ആദ്യത്തെ അറിവായിരുന്നു.

ഐ.ഐ.ടി.എഫ്.മേളയിൽ പ്രദർശിപ്പിക്കുന്നതിനായി ഒരു ഡോക്യുമെന്ററി ഫിലിം നിർമ്മിച്ചിട്ടുണ്ടായിരുന്നു. പഞ്ചായത്തുകളുടെ വികസനത്തെപ്പറ്റിയും വിവിധ നേട്ടങ്ങളെപ്പറ്റിയും വിവരിച്ചു കൊണ്ട് ചിത്രീകരിച്ച ഡോക്യുമെന്ററി ഫിലിം ഇരുപത്തി ആറ് മിനിട്ട് ദൈർഘ്യം ഉള്ളതായിരുന്നു. ആല് മുതൽ ആപ്പിൾ വരെ എന്ന പേരിൽ നിർമ്മിച്ച ഡോക്യുമെന്ററി ഫിലിം പബ്ലിക് റിലേഷൻ വകുപ്പ് തുടർച്ചയായി സെൻട്രൽ തീം ഏരിയയിൽപ്രദർശിപ്പിച്ചിരുന്നു. സന്ദർശകരുടെ ശ്രദ്ധക്കും പ്രശംസയ്ക്കും പാത്രീഭൂതമായി മേളയിലുടനീളം ആലു മുതൽ ആപ്പിൾ വരെ എന്ന ഡോക്യുമെന്ററി ഫിലിംപഞ്ചായത്ത് വകുപ്പിന്റെ മുഖചിത്രമായി നിലകൊണ്ടു.

കേരളത്തിലെ മന്ത്രിമാരായ മഞ്ഞളാംകുഴി അലി, ഷിബു ബേബിജോൺ, കേന്ദ്ര മന്ത്രി ശശി തരൂർ, തുടങ്ങിയ പ്രമുഖർ പഞ്ചായത്ത് വകുപ്പ് സ്റ്റാളിൽ സന്ദർശനം നടത്തി അഭിനന്ദനങ്ങൾ അറിയിച്ചു. പഞ്ചായത്ത് വകുപ്പ് ഡയറക്ടർ എസ്.ലളിതാംബിക ഐ.എ.എസ്സിന്റെ സന്ദർശനം മേളയുടെ സംഘാംഗങ്ങൾക്ക് ഉന്മേഷകരമായ നിമിഷങ്ങൾ സമ്മാനിച്ചു.

പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ.എം. കെ. മുനീർ ഐ.ഐ.ടി.എഫ്. മേളയിൽ പഞ്ചായത്ത് വകുപ്പ് പങ്കെടുക്കുന്നതിന് വേണ്ടുന്ന എല്ലാവിധ സഹായങ്ങളും ചെയ്ത് അനുവാദം നൽകുകയും ആയതിന് വേണ്ടുന്ന ധാർമ്മിക പിന്തുണയും നൽകിയിരുന്നു. വകുപ്പു മന്ത്രിയുടേയും, ഒപ്പം മറ്റ് പേഴ്സണൽ സ്റ്റാഫിന്റേയും സഹായം ഇല്ലായിരുന്നു എങ്കിൽ ഐ.ഐ.ടി.എഫ്. മേളയിൽ പഞ്ചായത്ത് വകുപ്പിന് പങ്കെടുക്കുവാനോ, നേട്ടങ്ങൾ കൈവരിക്കുവാനോ സാധിക്കില്ലായിരുന്നു. പഞ്ചായത്ത് വകുപ്പ്മന്ത്രി ഡോ.എം.കെ.മുനീറിനോടും, അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറി ഷെരീഫിനോടും, ആഫീസ് ജീവനക്കാരോടും നന്ദി പ്രകാശിപ്പിക്കുന്നതിന് ഈ അവസരം വിനിയോഗിക്കുന്നു.

ഡൽഹിയിൽ ഉയർന്ന ഉദ്യോഗസ്ഥ ശ്രേണിയിലെ അനേകം പേർ മേള ആരംഭിച്ച് ആദ്യത്തെ ആഴ്ചയിൽ തന്നെ കേരള പവിലിയനിൽ സന്ദർശനം നടത്തിയിരുന്നു. എല്ലാവരും പഞ്ചായത്ത് വകുപ്പ് സിംബോളിക്കായി തയ്യാറാക്കിയ തീം ഏര്യയിലെ സ്റ്റാളിനെ അഭിനന്ദനങ്ങൾ കൊണ്ട് മൂടി. മികച്ച പവലിയനുകളെ തിരഞ്ഞെടുക്കുന്നതിന് നിയോഗിച്ച വിധികർത്താക്കൾക്ക് മുൻപിൽ പഞ്ചായത്ത് വകുപ്പിന്റെ തീം ഏര്യയിലെ സ്റ്റാളിനെക്കുറിച്ചും പഞ്ചായത്ത് വകുപ്പ് നൽകുന്ന സേവനങ്ങളെക്കുറിച്ചും മതിപ്പ് ഉളവാക്കുന്ന വിധത്തിൽ സംഘാംഗങ്ങൾക്ക് വിവരിക്കുവാൻ കഴിഞ്ഞത് പഞ്ചായത്ത് വകുപ്പിന് മാത്രമല്ല കേരള പവലിയന് മൊത്തത്തിൽ തന്നെ അത്യന്തം ഗുണകരമായി ഭവിച്ചു.

ആഹാരം വൻ പ്രശ്നമായിത്തന്നെ അവശേഷിച്ചു. മെട്രോ പൊളിറ്റൻ നഗരമായ ഡൽഹിയിൽ ഉദ്യോഗസ്ഥർക്ക് നിയമപരമായി അനുവദിക്കാവുന്ന ദിനബത്ത അപര്യാപ്തമാണെന്ന് വിശേഷിപ്പിക്കേണ്ടതില്ലല്ലോ. കേരള പവിലിയൻ സന്ദർശിച്ചവരിൽ ഞങ്ങൾക്ക് ഇൻഡ്യാ മഹാരാജ്യത്തിന്റെ നാനാത്വത്തിൽ ഏകത്വം ദർശിക്കുവാൻ കഴിഞ്ഞു. ഇൻഡ്യയിലെ മിക്ക സംസ്ഥാനത്തു നിന്നും എത്തിച്ചേർന്നവരും ഡൽഹിയിൽ സ്ഥിരതാമസമായവരും ഒത്തു ചേർന്ന മേള നഗരി അക്ഷരാർത്ഥത്തിൽ ഇൻഡ്യയുടെ ഒരു മിനി പതിപ്പായി മാറിക്കഴിഞ്ഞിരുന്നു. വ്യത്യസ്ത രൂപങ്ങൾ, നിറങ്ങൾ, വസ്ത്രങ്ങളിലെ വ്യത്യസ്തത, അവ ധരിക്കുന്നതിലുള്ള വിവിധ ഭാവനകൾ, ഭാഷകളിലെ വൈവിധ്യങ്ങൾ, എന്തിനേറെ ചലനങ്ങളിൽ പോലും ഒന്നിനോട് ഒന്ന് വ്യത്യാസമാണെന്നും തിരിച്ചറിഞ്ഞു. പക്ഷെ ഈ വ്യത്യാസങ്ങൾക്കും, വൈവിധ്യങ്ങൾക്കും ഇടയിൽ എല്ലാവരെയും ബന്ധിപ്പിക്കുന്ന അദൃശ്യമായ എന്തോ ഒരു ഘടകം ഉണ്ടെന്ന് ഞങ്ങൾക്ക്തോന്നിയിരുന്നു.

ഡൽഹിയിൽ സ്ഥിരതാമസമാക്കിയവരിൽ ഭൂരിഭാഗവും മറ്റ് സംസ്ഥാനത്തു നിന്ന് എത്തിയവരാണ്. സർദാർജിമാർ, കാശ്മീരികൾ, ബീഹാറികൾ, ഉത്തർപ്രദേശ്കാർ, കേരളീയർ അങ്ങനെ അനേകം സംസ്ഥാനക്കാർ ഡൽഹി നഗരത്തിൽ കുടിയേറി പാർക്കുന്നുണ്ട്. ഒരു യഥാർത്ഥ ഡൽഹി നിവാസിയെ കണ്ടെത്തുന്നതിന് ഞങ്ങളുടെ മിഴികൾ ശ്രമം നടത്തിനോക്കിയെങ്കിലും പരാജയപ്പെട്ടു.

ഓരോ ദിവസവും എട്ടുമണിക്കു ശേഷം അവസാനിച്ച് സ്റ്റാൾ അടച്ച് പവലിയന്റെ പുറത്തിറങ്ങുമ്പോൾ ഇരുട്ടിന്റെ പുറത്ത് കൂടി മൂടൽമഞ്ഞിന്റെ (പുക മഞ്ഞ്) പുതപ്പ്



ചൂടിക്കഴിയുമായിരുന്നു. കേരളത്തിൽ നിന്നും ഡൽഹിയിൽ എത്തിയ ഞങ്ങൾക്ക് ഈ മഞ്ഞും, കുളിരും, തണുപ്പും ഒക്കെ ആവേശം ഉണർത്തുന്ന പുതുമകളായിരുന്നു. മുന്നറിയിപ്പുകൾ വകവെക്കാതെ സുരക്ഷിതമായ കമ്പിളി വസ്ത്രങ്ങളോ സ്വറ്ററോ ധരിക്കാതെ മഞ്ഞിന്റെ കുളിർമ്മ ആസ്വദിച്ച ഞങ്ങളിൽ പലർക്കും ഇൻഫെക്ഷൻ പിടിപെട്ടു. ഡൽഹിയിലെ അന്തരീക്ഷം രാവും പകലും പൊടിപടലങ്ങൾ നിറഞ്ഞതാണ്. ധൈര്യപൂർവ്വം ഒന്ന് ദീർഘനിശ്വാസം വിടുവാൻ പോലും സാധിക്കാത്ത ദയനീയ അവസ്ഥയിൽ ശ്വാസകോശങ്ങളിൽ പൊടിപടലങ്ങൾ നിറയുന്നതിൽ അത്ഭുതപ്പെടാനില്ലല്ലോ. പക്ഷെ ഡൽഹി നിവാസികൾ ഈ ധൂമപടലങ്ങളിൽ നിന്നും ഇമ്മ്യൂണായതുപോലെ തോന്നിച്ചു. എന്തു തന്നെയായാലും ഞങ്ങളിൽ മിക്കവരും കേരളത്തിൽ തിരിച്ചെത്തുന്നത് വരെ മത്സരിച്ച് ചുമച്ചുകൊണ്ടിരുന്നു.

അഞ്ചൽ ഗ്രാമപഞ്ചായത്തിൽ നിന്നും ഐ.ഐ.ടി.എഫ്. മേളയിൽ പ്രദർശിപ്പിച്ചിരുന്ന മുള കൊണ്ടുള്ള വാദ്യ ഉപകരണങ്ങളും കരകൗശല വസ്തുക്കളും പഞ്ചായത്ത് വകുപ്പിന്റെ കൊമേഴ്സ്യൽ സ്റ്റാളിലെ പ്രധാന ആകർഷണീയതയായിരുന്നു. വിധികർത്താക്കളുടെ മുന്നിൽ സന്തോഷ് (മുള കൊണ്ടുള്ള കരകൗശല വാദ്യോപകരണ നിർമ്മാണ വിദഗ്ധൻ) മുള കൊണ്ടുള്ള വാദ്യോപകരണങ്ങൾ ഇമ്പമായി വായിച്ച് കേൾപ്പിക്കുകയുണ്ടായി. 'തൃണ' വർഗത്തിൽപ്പെടുന്ന സസ്യമായ മുളയിൽ നിന്നും നിർമ്മിച്ച മധുരസംഗീതം പുറപ്പെടുവിക്കുന്ന വാദ്യോപകരണങ്ങൾ കേരള പവലിയൻ സന്ദർശിച്ചവർക്ക് ഒരു നവ അനുഭവം ആയിരുന്നു.

ന്യൂഡൽഹി എഡിഷനിൽ നിന്നും പ്രസിദ്ധീകരിക്കുന്ന എല്ലാ മലയാള പത്രങ്ങളും ഐ.ഐ.ടി.എഫ്.ലെ കേരള പവലിയനെക്കുറിച്ചും അതിലെ പഞ്ചായത്ത് വകുപ്പിന്റെ സ്റ്റാളിനെപ്പറ്റിയും വളരെയധികം പ്രകീർത്തിച്ച് ദിവസവും എഴുതിയിരുന്നു. കേരള മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി കേരള പവലിയൻ സന്ദർശിക്കുകയും പഞ്ചായത്ത് വകുപ്പിന്റെ സ്റ്റാൾ പ്രത്യേകം പരാമർശിച്ച് അഭിനന്ദിക്കുകയും ചെയ്തു. പഞ്ചായത്ത് വകുപ്പിന്റെ സ്റ്റാളുകളിൽ ദിവസവും നടന്നകൊണ്ടിരിക്കുന്ന സംഭവവികാസങ്ങൾ പഞ്ചായത്ത് വകുപ്പിന്റെ ഔദ്യോഗിക മെയിലിലും സൈറ്റിലും മുടങ്ങാതെ അയയ്ക്കുന്നുണ്ടായിരുന്നു.

അഭിനന്ദനങ്ങളുടെ നിലയ്ക്കാത്ത പ്രവാഹങ്ങൾ ഞങ്ങളിൽ സമ്മാന മോഹങ്ങൾ ജനിപ്പിച്ചു.ഒരു പക്ഷെ ആദ്യത്തെ മൂന്ന് സ്ഥാനങ്ങളിൽ ഒന്ന് .........കണിശ്ശമായും മോഹിക്കുവാൻ തീർച്ചയായും കാരണങ്ങൾ ഉണ്ടായിരുന്നു. ഒന്ന് വകുപ്പ് തലത്തിൽ തീം ഏര്യയിലും കൊമേഴ്സ്യൽ ഏര്യയിലും സ്റ്റാളുകൾ സജ്ജീകരിച്ച രണ്ടു വകുപ്പുകളിൽ ഒന്ന്, രണ്ട് തീം ഏര്യയിൽ താത്വിക തലത്തിലും, ബൗധിക തലത്തിലും ഉന്നതനിലവാരം പുലർത്തുന്ന സ്റ്റാളിന്റെ സജ്ജീകരണം, മൂന്ന്, ഐ.ഐ.ടി.എഫ്. ന്റെ മുദ്രാവാക്യത്തിനോട് ചേർന്നു നിൽക്കുന്ന ദൃശ്യവൽക്കരണം, കൊമേഴ്സ്യൽ സ്റ്റാളിലെ ഉൽപ്പന്നങ്ങൾ. 27-ാം തീയതി ഞങ്ങൾ ആകാംക്ഷാഭരിതരായി ശ്വാസം അടക്കിപ്പിടിച്ച് ഫലപ്രഖ്യാപനത്തിന് കാത്തിരുന്നു.

കേരള പവലിയന് വെള്ളി മെഡൽ ലഭിച്ചെന്ന വാർത്തയാണ് ഫലപ്രഖ്യാപനത്തിലൂടെ ആദ്യം അറിഞ്ഞത്. വകുപ്പ് സ്റ്റാളുകളിൽ പഞ്ചായത്ത് വകുപ്പിന് രണ്ടാം സ്ഥാനം ലഭ്യമായ പ്രഖ്യാപനം ഞങ്ങളിൽ ആനന്ദം ഉണ്ടാക്കി. പക്ഷെ രണ്ടാം സ്ഥാനലബ്ധിയിലും ഉള്ളിലെവിടെയോ നിരാശ നൊമ്പരപ്പെടുത്തിക്കൊണ്ടിരുന്നു. യന്ത്ര സാമഗ്രികളുടെ ചെറുപതിപ്പുകൾ സ്റ്റാളിൽ അവതരിപ്പിച്ച വ്യവസായ വകുപ്പിന് (Industraial Training Department) ന് ഒന്നാം സ്ഥാനം ലഭ്യമായി. സ്ഥാനങ്ങളും, സമ്മാനങ്ങളും നിർണ്ണയിച്ച് നൽകിയ മാനദണ്ഡങ്ങളിൽ ഒരു പക്ഷെ ഭിന്നാഭിപ്രായങ്ങൾ ഉണ്ടായേക്കാം. പക്ഷെ ആദ്യതവണ തന്നെ ഒരു നേട്ടം ലഭ്യമായത് തീർച്ചയായും ഞങ്ങളെ സംതൃപ്തരാക്കി.

ഐ.ഐ.ടി.എഫ്. മേളയിൽ കൾചറൽ പ്രോഗ്രാമിനായി കേരളത്തിന് അനുവദിച്ചിരുന്ന ദിവസം മലയാളി കലാകാരന്മാർ അവിസ്മരണീയമാക്കി. ഫലപ്രഖ്യാപന ദിവസം സംഘടിപ്പിച്ച ചെറിയ ആഘോഷത്തിൽ ഉൽസാഹത്തോടെ ഞങ്ങളും പങ്കെടുത്തു.

നവംബർ ഇരുപത്തി എട്ടാം തീയതി മേളയുടെ ആരവം ഒടുങ്ങി. രണ്ടാഴ്ചത്തെ പരിചയത്തോടെ അടുത്ത സുഹൃത്തുക്കളായി മാറിയ കേരള പവലിയനിലെ മറ്റ് സ്റ്റാൾ അംഗങ്ങളോട് യാത്ര പറഞ്ഞു.

ചരിത്രം ഉറങ്ങുന്ന ചുവപ്പ് കോട്ടയും വാസ്തുശില്പ വിസ്മയങ്ങളായ കുത്തബ് മിനാറും, ജന്തർമന്തറും, രക്തസാക്ഷികളായ ധീര ജവാന്മാർ സ്മരണകളിലൂടെ പുനർജീവിക്കുന്ന ഇൻഡ്യഗേറ്റും ഒരു ഓട്ട പ്രദക്ഷിണത്തിലൂടെ കണ്ടെന്നു വരുത്തി നവംബർ ഇരുപത്തി ഒൻപതാം തീയതി ഞങ്ങൾ ഡൽഹിയോട് യാത്ര പറഞ്ഞു.

ഐ.ഐ.ടി.എഫ്.മേളയിലെ കേരള പവിലിയനിൽ പ്രദർശിപ്പിക്കുന്നതിന് തയ്യാറാക്കിയ ഡോക്യുമെന്ററി ഫിലിം നിർമ്മിക്കുന്നതിനും കൊമേഴ്സ്യൽ ഏര്യയിലെ സ്റ്റാളിൽ കച്ചവട ചരക്കുകൾ നൽകി സഹകരിച്ചതുമായ അഞ്ചൽ ഗ്രാമപഞ്ചായത്ത് (കൊല്ലം), തുമ്പമൺ ഗ്രാമപഞ്ചായത്ത് (കോട്ടയം), നെടുമ്പന ഗ്രാമപഞ്ചായത്ത് (കൊല്ലം), മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത് (തൃശൂർ), അടാട്ട് ഗ്രാമപഞ്ചായത്ത് (തൃശൂർ), പുലാമന്തോൾ ഗ്രാമപഞ്ചായത്ത് (മലപ്പുറം), പുഴാതി ഗ്രാമപഞ്ചായത്ത് (കണ്ണൂർ), നാദാപുരം ഗ്രാമപഞ്ചായത്ത് (കോഴിക്കോട്), ഏലപ്പുള്ളി ഗ്രാമപഞ്ചായത്ത് (പാലക്കാട്), അകത്തേത്തറ ഗ്രാമപഞ്ചായത്ത് (പാലക്കാട്), മാങ്കുളം ഗ്രാമ പഞ്ചായത്ത് (ഇടുക്കി), കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് (ആലപ്പുഴ), ചെമ്പിലോട് ഗ്രാമപഞ്ചായത്ത് (കണ്ണൂർ), പയ്യോളി ഗ്രാമപഞ്ചായത്ത് (കോഴിക്കോട്), മക്കരപറമ്പ് ഗ്രാമപഞ്ചായത്ത് (മലപ്പുറം) എന്നിവിടങ്ങളിലെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, പഞ്ചായത്ത് സെക്രട്ടറിമാർ, ജീവനക്കാർ തുടങ്ങിയവരെ നന്ദിയോടെ സ്മരിക്കുക മാത്രമല്ല, ഡൽഹിയിലെ മേളയിൽ കേരള പഞ്ചായത്ത് വകുപ്പ് നേടിയ നേട്ടത്തിന്റെ അണിയറശിൽപ്പികൾ അവർ കൂടിയാണ് എന്ന് വ്യക്തമാക്കുവാനും ഞങ്ങൾ ആഗ്രഹിക്കുന്നു. ഈ പ്രവർത്തനത്തിന് ആദ്യന്തം പിന്തുണ നൽകിയ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികളേയും നന്ദിപൂർവ്വം ഓർക്കുന്നു.

2013 ഐ.ഐ.ടി.എഫ്. മേളയിൽ പ്രഥമ സ്ഥാനം നേടുന്നതിനായി കേരള പഞ്ചായത്ത് വകുപ്പിനെ പ്രാപ്തമാക്കുന്നതിന് 2012 വർഷത്തിലെ ദ്വിതീയ സ്ഥാനത്തിന് കഴിയുമാറാകട്ടെ എന്ന് ആത്മാർത്ഥമായി പ്രത്യാശിക്കുന്നു. ■

*തയ്യാറാക്കിയത്:*
*എ. സെയ്ദ്, നോഡൽ ആഫീസർ*
*(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,*
*തിരുവനന്തപുരം)*

# ഇ-ഗവേണൻസ് വാർത്തകൾ
## E- Governance News

### സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗ് പൂർണ്ണമായി നടപ്പിലാക്കി രണ്ടാമത്തെ ജില്ലയായി കോട്ടയം

കാസർഗോഡ് ജില്ലയ്ക്കു പുറമേ കോട്ടയം ജില്ലയിലും അക്രൂവൽ അടിസ്ഥാന ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം "സാംഖ്യ" എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കിക്കഴിഞ്ഞു. ജില്ലാ ഭരണകൂടം, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എഡിസി ജനറൽ, തദ്ദേശസ്വയം ഭരണവകുപ്പിലേയും സ്ഥാപനങ്ങളിലെയും ജനപ്രതിനിധികൾ, ജീവനക്കാർ, ഇൻഫർമേഷൻ കേരള മിഷന്റെ ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനമാണ് കോട്ടയം ജില്ലയ്ക്ക് ഈ ബഹുമതി നേടിക്കൊടുത്തത്. സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും ജില്ലാ പഞ്ചായത്തുകളിലും സാംഖ്യ ഡബിൾ എൻട്രി സംവിധാനം പ്രവർത്തനക്ഷമമാണ്. സംസ്ഥാനത്ത് 1066 തദ്ദേശഭരണസ്ഥാപനങ്ങളിൽ ഈ സംവിധാനം നിലവിലുണ്ട്. മാർച്ച് മാസത്തോടുകൂടി എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും ഈ സംവിധാനം നിലവിൽ വരുന്നതാണ്.

### ഹോസ്പിറ്റൽ കിയോസ്കുകൾ കൂടുതൽ ഗ്രാമപഞ്ചായത്തുകളിലേക്ക്...

ആശുപത്രികളിൽ നിന്നും ഓൺലൈനായി ജനന മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഹോസ്പിറ്റൽ കിയോസ്ക് സംവിധാനം കോഴഞ്ചേരി, കാളികാവ്, ഓങ്ങല്ലൂർ, വാണിയംകുളം എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ വന്നു. സംസ്ഥാനത്തെ ഹോസപിറ്റൽ കിയോസ്കകളുടെ നിലവിലെ സ്ഥിതി പട്ടികയിൽ ചേർത്തിരിക്കുന്നു.

ഹോസ്പിറ്റൽ കിയോസ്കുകളുടെ 31.1.2013 വരെയുള്ള സ്റ്റാറ്റസ്

| തദ്ദേശഭരണ സ്ഥാപന തരം | ഓൺലൈൻ | ഗവ: ആശുപത്രി | സ്വകാര്യ ആശുപത്രി | ആകെ |
|---|---|---|---|---|
| കോർപ്പറേഷൻ | 5 | 29 | 108 | 137 |
| മുനിസിപ്പാലിറ്റി + കന്റോൺമെന്റ് | 43 | 26 | 160 | 186 |
| ഗ്രാമപഞ്ചായത്ത് | 74 | 11 | 107 | 118 |
| ആകെ | 122 | 66 | 375 | 441 |

### എറണാകുളം ജില്ലയിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പൊതു വിവാഹ രജിസ്ട്രേഷൻ അപേക്ഷകൾ ഇ-ഫയലിംഗിലൂടെ സമർപ്പിക്കുന്നതിനുള്ള സംവിധാനം നിലവിൽ വന്നു.

സംസ്ഥാനത്തെ മുഴുവൻ മുനിസിപ്പാലിറ്റികളിലും, 3 കോർപ്പറേഷനുകളിലും, 862 ഗ്രാമപഞ്ചായത്തുകളിലും ഈ സംവിധാനം ഇതിനകം നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്. മാർച്ച് മാസത്തോടുകൂടി ഇക്കാര്യത്തിൽ സമ്പൂർണ്ണത കൈവരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

### നാഷണൽ സയൻസ് എക്സ്പോ 2013 – ഐ.കെ.എം പങ്കാളിത്തം

തിരുവനന്തപുരം കനകക്കുന്ന് പാലസിൽ വെച്ച് ജനുവരി 28 മുതൽ ഫെബ്രുവരി 3 വരെ നടന്ന 25-ാംമത് നാഷണൽ സയൻസ് എക്സ്പോ 2013-ൽ ഇൻഫർമേഷൻ കേരള മിഷൻ സാന്നിധ്യം കൊണ്ട് സന്ദർശകരുടെ ശ്രദ്ധ പിടിച്ചുപറ്റി. ഐ.കെ.എം ഒരുക്കിയ സ്റ്റാളിൽ ജനന-മരണ - വിവാഹ സർട്ടിഫിക്കറ്റുകളും, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റുകളും ഡൗൺലോഡ് ചെയ്ത് നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിരുന്നു. 25 സ്കൂളുകളിൽ നിന്നായി പതിനായിരത്തിൽപ്പരം വിദ്യാർത്ഥികളും ഒരുലക്ഷത്തിൽപ്പരം പൊതുജനങ്ങളും എക്സ്പോയിൽ പങ്കെടുക്കുകയുണ്ടായി. 1343 പേർക്ക് ഓൺലൈൻ സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്തു. തദ്ദേശഭരണസ്ഥാപനങ്ങളിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങളെപ്പറ്റി പൊതുജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിന് നാഷണൽ സയൻസ് എക്സ്പോ സഹായകരമായി.





## മലപ്പുറം ജില്ലയിൽ ഇ–ഗവേണൻസ് പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ

**മങ്കട നിയോജക മണ്ഡലത്തിനു ഇരട്ട അംഗീകാരം**



സിവിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ വെബസൈറ്റിൽ നിന്നും ലഭ്യമാവുന്ന ഇന്ത്യയിലെ ആദ്യ നിയോജക മണ്ഡലം, ആദ്യ വികസന ബ്ലോക്ക് എന്നീ "ഇരട്ട ബഹുമതികൾ" മങ്കടയ്ക്ക്. 26-01-2013 ശനിയാഴ്ച ഉച്ചക്ക് 2 മണിക്ക് കുറുവ പഞ്ചായത്തിൽ നടന്ന ചടങ്ങിൽ പഞ്ചായത്ത്-സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എം.കെ.മുനീർ, സിവിൽ രജിസ്ട്രേഷനുകളുടെ സമ്പൂർണ ഡിജിറ്റലൈസേഷൻ കൈവരിക്കുന്ന സംസ്ഥാനത്തെ പ്രഥമ നിയോജകമണ്ഡലമാണ് മങ്കട എന്ന ഔദ്യോഗിക പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും നിർവ്വഹിച്ചു. മങ്കട നിയോജകമണ്ഡലത്തിലെ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് മുതൽ അങ്ങാടിപ്പുറം, മങ്കട, കൂട്ടിലങ്ങാടി, കുറുവ, പുഴക്കാട്ടിരി, മൂർക്കനാട് എന്നീ ഗ്രാമപഞ്ചായത്തുകൾ സിവിൽ രജിസ്ട്രേഷനുകൾ വിവരങ്ങൾ വെബസൈറ്റിൽ ലഭ്യമാക്കിയതോടെയാണ് പ്രസ്തുത ബഹുമതികൾ മങ്കട നിയോജക മണ്ഡലം കൈവരിച്ചത്. ചടങ്ങിൽ മങ്കട എം.എൽ.എ. ടി.എ.അഹമ്മദ് കബീർ അദ്ധ്യക്ഷത വഹിച്ചു. ജില്ല കളക്ടർ ശ്രീ എം.സി മോഹൻദാസ് ഐ.എ.എസ്, ജില്ലാ പഞ്ചായത്ത് വികസന കാര്യസ്ഥിരസമിതി അദ്ധ്യക്ഷ സകീന പുല്പാടൻ, മെമ്പർമാരായ സലിം കുരുവമ്പലം, ഉമ്മർ അറക്കൽ,ഡിഡിപി-സി എൻ. ബാബു തുടങ്ങയവർ ആശംസകളർപ്പിച്ചു. ഐ.കെ.എം.ജില്ല കോർഡിനേറ്റർ എം.പി.രാജൻ പദ്ധതി വിശദീകരിച്ചു. കുറുവ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജുവൈരിയ ടീച്ചർ സ്വാഗതവും സീനിയർ സൂപ്രണ്ട് പി.നവാസ് നന്ദിയും പറഞ്ഞു.

**തിരുവാലി ഗ്രാമപഞ്ചായത്തിൽ ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ...**





മലപ്പുറം ജില്ലയിലെ തിരുവാലി ഗ്രാമപഞ്ചായത്തിൽ ജനന-മരണ-വിവാഹ രജിസ്ട്രേഷനുകളുടെ ഓൺലൈൻ സർട്ടിഫിക്കറ്റ് വിതരണ ഉദ്ഘാടനം കേരള ടൂറിസം/പട്ടികജാതി/പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി എ.പി.അനിൽകുമാർ 31.01.2013 ന് നിർവ്വഹിച്ചു. ചടങ്ങിൽ തിരുവാലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി.കെ ജയ്ദേവ് അദ്ധ്യക്ഷത വഹിച്ചു.

## അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്–ജനന–മരണ–വിവാഹ രജിസ്ട്രേഷൻ വെബ് അധിഷ്ഠിതമാക്കലും ഓൺലൈൻ സേവനങ്ങളുടെ സമർപ്പണവും

അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെ സിവിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭ്യമാക്കി. പഞ്ചായത്തിന്റെ 2012-13 വാർഷിക പദ്ധതിയിലുൾപ്പെടുത്തി 1970 മുതലുള്ള ജനന-മരണ-വിവാഹ രജിസ്ട്രേഷനുകളുടെ ഡിജിറ്റൈസേഷൻ പൂർത്തീകരിച്ചതോടെ പൊതുജനങ്ങൾക്ക് ലോകത്തിന്റെ ഏത് കോണിൽ നിന്നും സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാവുന്നതാണ്. ജനന-മരണ-വിവാഹ രജിസ്ട്രേഷനുകളുടെ ഓൺലൈൻ പ്രഖ്യാപനവും, വെബ്സൈറ്റ് വഴിയുള്ള ആദ്യ സർട്ടിഫിക്കറ്റ് വിതരണവും 2013 ജനുവരി 25 ന് അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ വെച്ച് ടി. എ.അഹമ്മദ് കബീർ എം.എൽ.എ നിർവ്വഹിച്ചു.

## തദ്ദേശസ്വയംഭരണവകുപ്പ്–ഔദ്യോഗിക വെബ്സൈറ്റിന്റെ പ്രസക്തി

ഇൻഫർമേഷൻ കേരളാ മിഷന്റെ നേതൃത്വത്തിൽ രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുള്ള തദ്ദേശസ്വയംഭരണവകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.lsgkerala.gov.in ന്റെ ഉപഭോക്താക്കളുടെ എണ്ണം മുൻകാലങ്ങളെ അപേക്ഷിച്ച് ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. പൊതുജനങ്ങൾ, ഉദ്യോഗസ്ഥർ, വിദ്യാർത്ഥികൾ എന്നിവരുൾപ്പെടെ ഓരോ ദിവസവും ഈ വെബ്സൈറ്റ് സന്ദർശിക്കുന്നവരുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരുന്നു. മുൻ വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ 2012 ൽ 34.06% പേരുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഭൂമിശാസ്ത്രപരമായ വിവരങ്ങൾ, ജനസംഖ്യാ കണക്കുകൾ, തെരഞ്ഞെടുപ്പുവിവരങ്ങൾ, പ്രാദേശിക കലാസാംസ്കാരിക വിശേഷങ്ങൾ, പ്രാദേശിക ചരിത്രം തുടങ്ങി വൈവിധ്യങ്ങളായ, ബൃഹത്തായ, വിവരങ്ങളുടെ ശേഖരമാണ് പ്രസ്തുത വെബ്സൈറ്റ്. സർക്കാർ ഉത്തരവുകൾ, ടെണ്ടറുകൾ, ഔദ്യോഗിക അറിയിപ്പുകൾ, പ്രോവിഡന്റ് ഫണ്ട് വിശദാംശങ്ങൾ, പദ്ധതി വിവരങ്ങൾ, ജനന-മരണ-രജിസ്ട്രേഷൻ വിവരങ്ങൾ എന്നിങ്ങനെ നിരവധി ഔദ്യോഗിക വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

ഐ.കെ.എം. രൂപകൽപ്പന ചെയ്തിട്ടുള്ള എല്ലാ ഓൺലൈൻ സർവ്വീസുകളുടെയും പ്രധാനപോർട്ടലായി ഇത് പ്രവർത്തിക്കുന്നു. ഇതിലൂടെ ജനന-മരണ-വിവാഹസർട്ടിഫിക്കറ്റുകൾ, വസ്തു നികുതിയുടെ ഇ-പേയ്മെന്റ്, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, ഫയലുകളുടെ തൽസ്ഥിതി സംബന്ധമായ വിവരങ്ങൾ, സാമൂഹ്യസുരക്ഷാപെൻഷനുകളുടെ വിതരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ തുടങ്ങി വിവിധ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാകുന്നുണ്ട്.



നിയമദൃഷ്ടി

**ജോൺ എസ്. ജെയിംസ്**



# കുടിവെള്ളം നിയമത്തിനു മുന്നിൽ

## ജനങ്ങളുടെ ചിരാനുഭവ അവകാശം



ഈ വർഷം മുൻപ് ഒരിക്കലും ഉണ്ടായിട്ടില്ലാത്ത വിധം കൊടും വരൾച്ച നാടിനെ ഗ്രസിക്കാൻ പോകുന്നു എന്ന ബോധോദയം ഉണ്ടായിട്ട് മാസങ്ങൾ പലതായി. സമകാലപത്രമാധ്യമങ്ങളിൽ വറ്റി വരണ്ടു കിടക്കുന്ന നദികളും അണക്കെട്ടു പ്രദേശങ്ങളും കണ്ടു തുടങ്ങിയിട്ട് ആഴ്ചകൾ പലതായി. മെയ് മാസം വന്നു ചേർന്നാൽ തുള്ളി കുടിക്കാൻ കിട്ടില്ലെന്ന വാർത്ത വന്നിട്ട് ദിവസങ്ങൾ പലതായി. പാവം പൊതുജനം അവർക്കറിയാം-മറുവശത്ത് കുടിവെള്ള മാഫിയ ഈ വരൾച്ച ആഘോഷിക്കുവാൻ കോപ്പുകൂട്ടുകയാണെന്ന്; പലരുടേയും ഒത്താശയോടെ ടാങ്കർ ലോറികൾ നിരത്തുകളിൽ പൊടിപാറിക്കുവാൻ തയ്യാറെടുക്കുകയാണെന്ന്; മുനിസിപ്പാലിറ്റി വല്ലപ്പോഴും ടാങ്കറിൽ കൊണ്ടുവരുന്ന കുടിവെള്ളം നിറയ്ക്കാൻ ബക്കറ്റുകളുമായി റോഡരികിൽ പെണ്ണുങ്ങൾ കാത്തു നിൽക്കേണ്ടി വരുമെന്ന്.

കടുത്ത ജലക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ ഓരോ ഗ്രാമപഞ്ചായത്തും ഒപ്പം മുനിസിപ്പാലിറ്റിയും, ജല സുരക്ഷാ-കുടിവെള്ളവിതരണ പദ്ധതിയും അടിയന്തിരമായി തയ്യാറാക്കി നടപ്പിലാക്കണമെന്ന് ഹരിത വിപ്ലവത്തിന്റെ തലതൊട്ടപ്പനും കൃഷി ശാസ്ത്രജ്ഞനുമായ ഡോ. എം.എസ്.സ്വാമിനാഥൻ ആഹ്വാനം ചെയ്തത് റിപ്പബ്ലിക് ദിനത്തിന്റെ തലേനാൾ വയനാട് പ്രസ് ക്ലബ്ബിൽ വച്ചാണ്. വേനൽ കത്തി നിൽക്കുന്ന ഈ അവസരത്തിലെങ്കിലും കേരളത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഈ ആഹ്വാനത്തിന് വില കൽപിക്കുമോ? ആവോ!



പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ഇതിലെന്തു കാര്യം എന്ന് ചില ശുദ്ധാത്മാക്കൾ ചോദിച്ചേക്കാം. കാര്യം ഉണ്ട് പ്രശ്നത്തിന്റെ നിയമവശവും സാമൂഹിക പ്രസക്തിയും ഇവിടെ ചർച്ച ചെയ്യുന്നത് ഉചിതമെന്നു തോന്നുന്നു.

നിയമം സാമൂഹ്യ നീതിയുടെ, ധാർമ്മികതയുടെ വാൽക്കണ്ണാടിയാണെന്ന് ഓർക്കുക.സാമൂഹിക പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും നിയമത്തിൽ യഥാതഥം പ്രതിഫലിക്കുക തന്നെ ചെയ്യും. അതുകൊണ്ടാണ് കേരള പഞ്ചായത്ത് രാജ് ആക്ട് പട്ടിക മൂന്നിലും കേരള മുനിസിപ്പാലിറ്റി ആക്ട് പട്ടിക ഒന്നിലും അനിവാര്യ ചുമതലകളുടെ കൂട്ടത്തിൽ മൂന്നും നാലും ഇനങ്ങളിലായി:

"പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക"

"കുളങ്ങളും മറ്റു ജലസംഭരണികളും സംരക്ഷിക്കുക" എന്നീ കാര്യങ്ങൾ പഞ്ചായത്തിന്റെ/മുനിസിപ്പാലിറ്റിയുടെ അനിവാര്യ ചുമതലകളായി കുറിച്ചിട്ടിരിക്കുന്നത്.

എത്ര പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളുമാണ് കുടിവെള്ള സ്രോതസ്സുകളും മറ്റു ജലാശയങ്ങളും മലിനമാക്കാതെ സംരക്ഷിച്ചു വരുന്നത്? ഇനിയെങ്കിലും അതിനിവർ മുതിരുമോ?ഇക്കാര്യത്തിൽ അടിയന്തിര നിർദ്ദേശങ്ങൾ നൽകാൻ സർക്കാർ ഇനി അമാന്തിച്ചു കൂടാ. ഇതവരുടെ അനിവാര്യ ചുമതലയാണ്. മാൻഡേറ്ററി ഫങ്ഷൻ.

ഇനി നമുക്ക് കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 218 ഉം കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 208 എ യും ഒന്ന് ഓടിച്ചു നോക്കാം. ജലമാർഗ്ഗം, നീരുറവകൾ, ജലസംഭരണികൾ എന്നിവയെ അതത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഏൽപിച്ചുകൊടുക്കുക. എന്നാൽ ഉടമസ്ഥാവകാശം നിക്ഷിപ്തമാക്കുക എന്നു തന്നെയാണർത്ഥം എന്ന് ഈ വകുപ്പുകൾ തുടർന്ന് വ്യക്തമാക്കുന്നു. അവ പഞ്ചായത്തു ചെലവിൽ ഉണ്ടാക്കിയതാണെങ്കിലും അല്ലെങ്കിലും ചിരാനുഭവഅവകാശം, (പ്രിസ്ക്രിപ്റ്റീവ് റൈറ്റ്) നൽകത്തക്കവിധത്തിൽ പൊതുജനങ്ങൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന എല്ലാ നദികളും തോടുകളും തടാകങ്ങളും കായലുകളും ജലമാർഗ്ഗങ്ങളും കെട്ടിനിൽക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ ജലവും നീരുറവകളും, ജലസംഭരണികളും, കുളങ്ങളും, നീർത്തടങ്ങളും, ധാരകളും, കിണറുകളും, കാപ്പുകളും, ചാലുകളും, സ്റ്റാന്റ് പൈപ്പുകളും, മറ്റു ജല സംഭരണികളും, അവയോടു ചേർന്നു കിടക്കുന്ന സ്വകാര്യ വസ്തു അല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്ക് നിയമവശാൽ ഇപ്രകാരം കൈമാറ്റം ചെയ്യപ്പെട്ടത്, പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതുമാകുന്നു. സർക്കാർ, ഗസറ്റ് വിജ്ഞാപനം മൂലം നിർദ്ദേശിക്കുന്ന നദികളും ജലസേചനപ്പണിയോ അതോടു ബന്ധപ്പെട്ട പണിയോ അതോടു ചേർന്ന ഭൂമിയേയോ മാത്രമേ ഇത്തരം നിക്ഷിപ്തമാക്കലിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളു. നിയമവശാലുള്ള ഈ നിക്ഷിപ്ത

**എത്ര പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളുമാണ് കുടിവെള്ള സ്രോതസ്സുകളും മറ്റു ജലാശയങ്ങളും മലിനമാക്കാതെ സംരക്ഷിച്ചു വരുന്നത്?ഇനിയെങ്കിലും അതിനിവർ മുതിരുമോ?ഇക്കാര്യത്തിൽ അടിയന്തിര നിർദ്ദേശങ്ങൾ നൽകാൻ സർക്കാർ ഇനി അമാന്തിച്ചു കൂടാ. ഇതവരുടെ അനിവാര്യ ചുമതലയാണ്. മാൻഡേറ്ററി ഫങ്ഷൻ.**



**കുടിവെള്ളം പൊതുജനങ്ങളുടെ ചിരാനുഭവ അവകാശമാണെന്ന കാര്യം നിയമം ഉണ്ടായകാലം മുതൽ സമൂഹം അംഗീകരിച്ച കാര്യമാണ്. അത് സംരക്ഷിക്കാനും വിതരണം ചെയ്യാനും തദ്ദേശസ്വയം ഭരണ സ്ഥാപനം ചുമതലപ്പെട്ടതുമാണ്.**



മാക്കലിന് തെളിവായി ഏതെങ്കിലും രേഖയോ, ചീട്ടോ, രസീതോ ആവശ്യമില്ല. സർക്കാരിന്റെ അവകാശങ്ങളും ബാധ്യതകളുമാണ് ഇവിടെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമാകുന്നത്. ഇത്തരം ജലസ്രോതസ്സിൽ നിന്ന് മൂല്യമുള്ള യാതൊരു വസ്തുവും സ്ഥാപനത്തിന്റെ അനുമതിയില്ലാതെ യാതൊന്നും നീക്കം ചെയ്യാൻ പാടില്ല. അത് നിയമവിരുദ്ധമാണ്. ജലം പൊതുജനത്തിന്റെ ചിരാനുഭവ അവകാശമാകയാൽ പഞ്ചായത്തിനു പോലും അത് നീക്കം ചെയ്യുന്നതിന് അനുവദിക്കാനാവില്ല. സ്വകാര്യാവശ്യത്തിന് വിപണനം ചെയ്യാനായി കുടിവെള്ളംകച്ചവടം നടത്തരുതെന്നർത്ഥം.

കുടിവെള്ളം പൊതുജനങ്ങളുടെ ചിരാനുഭവ അവകാശമാണെന്ന കാര്യം നിയമം ഉണ്ടായകാലം മുതൽ സമൂഹം അംഗീകരിച്ച കാര്യമാണ്. അത് സംരക്ഷിക്കാനും വിതരണം ചെയ്യാനും തദ്ദേശസ്വയംഭരണ സ്ഥാപനം ചുമതലപ്പെട്ടതുമാണ്. ഇക്കാര്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 234 എ യും മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 315 ഉം പരിശോധിച്ചു നോക്കാം.

ജലഅതോറിറ്റിയുടെ കീഴിൽ നിലവിലുള്ള ജലവിതരണവും അഴുക്കുചാൽ സർവ്വീസുകളും മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമാക്കിക്കൊണ്ടുള്ളതാണ് വകുപ്പ് 315. മനസ്സിരുത്തി വകുപ്പ് ആദ്യാവസാനം വായിച്ചു നോക്കുക. (ഞെട്ടരുത്). (1)-ാം ഉപവകുപ്പനുസരിച്ച് സർക്കാർ ഒരു വിജ്ഞാപനം പുറപ്പെടുവിച്ചാൽ പ്രസ്തുത വിജ്ഞാപനത്തിൽ പറയുന്നതീയതി മുതൽ പ്രസ്തുത മുനിസിപ്പാലിറ്റിയുടെ ഭൂപ്രദേശങ്ങളിൽ 1986 ലെ ജലവിതരണവും അഴുക്കുചാലും സംബന്ധിച്ച ആക്ട് പ്രകാരം, ജലഅതോറിറ്റിക്ക് ഉണ്ടായിരുന്ന എല്ലാ അധികാരങ്ങളും അവകാശങ്ങളും ബന്ധപ്പെട്ട മുനിസിപ്പാലിറ്റി നിർവ്വഹിക്കേണ്ടതുമാണ്. പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 234 എ യിലും സമാന വ്യവസ്ഥയാണുള്ളത്. പൊതുജനത്തിന് കുടിവെള്ളം നൽകാനുള്ള പ്രാഥമിക ചുമതല പഞ്ചായത്ത് മുനിസിപ്പാലിറ്റികൾക്കാണെന്ന വസ്തുതയ്ക്ക് അടിവരയിടുന്നതാണ് ഈ വകുപ്പുകൾ.

ഇത്ര ശക്തമായ വ്യവസ്ഥ പഞ്ചായത്ത്/മുനിസിപ്പാലിറ്റി ആക്ടുകളിൽ ഉണ്ടായിരുന്നിട്ടും, ജലസ്രോതസ്സുകളുടെ ഉടമയായ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് സ്വന്തമായി ഒരു ചെറുകിട ജലവിതരണപദ്ധതിയെങ്കിലും നടത്തിക്കൊണ്ടുപോകാൻ കഴിയാതെ വരുന്നതെന്താണ് എന്ന് ചിന്തിക്കണം. വാട്ടർ അതോറിട്ടിയും തദ്ദേശസ്വയംഭരണ സ്ഥാപനവും സഹകരിച്ച് ജലവിതരണ പദ്ധതികൾ നടപ്പിലാക്കിയാൽ, സർക്കാർ അതിന് മുൻകൈ എടുത്താൽ, ഡോക്ടർ എം.എസ്. സ്വാമിനാഥൻ വിഭാവനം ചെയ്ത ജലസുരക്ഷാ-ജലവിതരണ പദ്ധതികൾ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും പ്രാദേശികമായി നടപ്പാക്കാൻ സാധിക്കും. ഇതിനായി കൂട്ടായ ഒരു ശ്രമവും സർക്കാരിന്റെ മുൻകൈയും ആവശ്യമാണ്.കുടിവെള്ളം മനുഷ്യന്റെ പ്രാഥമികാവശ്യമാണ്; ചിരാനുഭവ അവകാശവുമാണ്. പ്രകൃതിയുടെ വരദാനമാണ്; അത് സംരക്ഷിച്ച് വിതരണം ചെയ്യുക എന്നത് തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ അനിവാര്യ ചുമതലയുമാണ്. അതിനാൽ ക്ഷീരമുള്ള അകിടിൻ ചുവട്ടിലും ചോര തന്നെ കൗതുകത്തോടെ അന്വേഷിക്കുന്ന കച്ചവടമനസ്ഥിതി കുടിവെള്ളത്തിന്റെ കാര്യത്തിൽ കടന്നുവരാൻ അനുവദിക്കരുത്. പഞ്ചായത്തുകൾ ഈ ചുമതല വരുന്ന വേനലിൽ സ്തുത്യർഹമായി നിർവഹിക്കാൻ ഒരുങ്ങുക. നിയമം നിങ്ങളോടൊപ്പം ഉണ്ട്.

**വാൽക്കഷ്ണം:** ഒരു ചോദ്യം:- മക്ഡവല്ലിന്റെ മിനറൽ വാട്ടർ പതിനേഴുരൂപയ്ക്ക് ഒരു കുപ്പി വാങ്ങി കുടുകുടാ കുടിക്കാമെങ്കിൽ ടാങ്കർ ലോറിയിൽ വരുന്ന ഒരു ബക്കറ്റ് വെള്ളത്തിന് പത്തുരൂപാ കൊടുത്തു വാങ്ങിക്കൂടേ?

മറുചോദ്യം: ആപ്പീസ് രാവിലെ തൊറന്നു വച്ചിരിക്കണത് പിന്നെന്തിനാണ് സാറെ! അടച്ചു പൂട്ടീട്ട് നേരത്തേ കാലത്തേ വീട്ടിപ്പോയി കെടന്നൂടേ?

എല്ലാവരോടുമുള്ള ചോദ്യമാണ് ഈ മറുചോദ്യം- ഉത്തരമുണ്ടോ?

■

*ലേഖകൻ സെക്രട്ടറിയേറ്റ് ലോ ഡിപ്പാർട്ടുമെന്റിൽ നിന്നും അഡീഷണൽ സെക്രട്ടറിയായി വിരമിച്ചതാണ്.*



# നാം അറിയേണ്ട ലോകം

## എന്താണ് ബ്രോഡ് ബാൻഡ്

ആധുനിക ലോകത്ത് വിവരങ്ങൾ പ്രസരണം ചെയ്യുന്നത് ഇലക്ട്രോണിക് രീതിയിലാണ്. കമ്മ്യൂണിക്കേഷൻ ചാനലുകളാണ് ഇതിനായി ഉപയോഗിക്കുന്നത്. വിവരങ്ങൾ പ്രസരണം ചെയ്യുന്നതിന്റെ കഴിവിനെയാണ് ബ്രോഡ് ബാൻഡ്, നാരോ ബാൻഡ്, വോയിസ് ബാൻഡ് എന്നീ വാക്കുകൾ കൊണ്ട് സൂചിപ്പിക്കുന്നത്. ഇതിന്റെ അളവിനെ ബിറ്റ് പെർ സെക്കന്റ് അല്ലെങ്കിൽ കാരക്ടേഴ്സ് പെർ സെക്കന്റ് ആയി ഉപയോഗിക്കുന്നു. 8 ബിറ്റുകൾ ചേർന്നതാണ് ഒരു കാരക്ടർ. നാരോ ബാൻഡിൽ വിവരങ്ങൾ 150 ബിറ്റ് പെർ സെക്കന്റ് എന്ന തോതിലാണ് അയയ്ക്കുന്നത്. സാധാരണ വിവരകൈമാറ്റങ്ങൾക്ക് നാരോ ബാൻഡ് മതിയാകും. വോയ്സ് ബാൻഡ് ചാനലിന് ഏറ്റവും കൂടിയ 8000 കാരക്ടേഴ്സ് പെർ സെക്കന്റിൽ വിവരങ്ങൾ അയയ്ക്കാൻ കഴിയും. ടെലഫോൺ ലൈനുകൾ ഈ വകുപ്പിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ബ്രോഡ് ബാൻഡ് ചാനലിൽ ഒരു സെക്കന്റിൽ ദശലക്ഷക്കണക്കിന് കാരക്ടേഴ്സ് ആയിട്ടാണ് വിവരങ്ങൾ അയയ്ക്കുന്നത്. സാറ്റലൈറ്റും, മൈക്രോവേവും ഇതേ കപ്പാസിറ്റിയിലാണ് പ്രവർത്തിക്കുന്നത്.

## 8 മണിക്കൂർ 2298 കി.മീ.

2012 ഡിസംബർ 26 -ാം തീയതി ചൈനയിൽ ലോകത്തിലെ ഏറ്റവും വേഗതയേറിയ ദീർഘദൂര റയിൽ റൂട്ട് ഉദ്ഘാടനം ചെയ്യപ്പെട്ടു. ബീജിംഗിൽ നിന്നും ഗുവാൻഗുസ്ബോ (Guangz-bou) യിലേക്ക് 2298 കി.മീ. ദൂരം കേവലം 8 മണിക്കൂർ കൊണ്ട് യാത്ര ചെയ്യാൻ കഴിയും. മുമ്പ് ഇത്രയും ദൂരം യാത്ര ചെയ്യാൻ 22 മണിക്കൂർ വേണമായിരുന്നു.



## ആദ്യ കൃത്രിമ മനുഷ്യൻ

കൃത്രിമ അവയവങ്ങളുപയോഗിച്ച് നിർമ്മിച്ച ആദ്യ 'മനുഷ്യൻ' ലണ്ടൻ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചു. മനുഷ്യ ശരീരത്തിലെ നഷ്ടപ്പെട്ടു പോയതോ കേടു പറ്റിയതോ ആയ അവയവങ്ങൾക്കു പകരം കൃത്രിമ അവയവങ്ങൾ ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ കൂടുതൽ മുന്നോട്ടു കൊണ്ടു പോകാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് "റെക്സ്" എന്ന് പേരായ കൃത്രിമ മനുഷ്യനെ ഗവേഷകർ സൃഷ്ടിച്ചത്. കണ്ണടയിലെ ക്യാമറ ഒപ്പിയെടുക്കുന്ന ദൃശ്യങ്ങൾ നേത്ര പടലത്തിലെ "മൈക്രോ ചിപ്പ്" സ്വീകരിച്ച് വൈദ്യുത തരംഗങ്ങളാക്കി തലച്ചോറിലേക്കയക്കുന്ന രീതിയിലാണ് കണ്ണുകൾ രൂപപ്പെടുത്തിയിരിക്കുന്നത്. ബാറ്ററി കൊണ്ട് പ്രവർത്തിക്കുന്ന ഹൃദയം കൃത്രിമ രക്ത ചംക്രമണം നടത്തുന്നു. 18 സർവകലാശാലകളും കമ്പനികളും ചേർന്ന് പത്തു ലക്ഷം ഡോളർ മുടക്കിയാണ് കൃത്രിമ മനുഷ്യന്റെ ശരീരഭാഗങ്ങൾ നിർമ്മിച്ചത്.

## അർബുദ സാധ്യത നിർണയത്തിന് നൂതന രീതി

അമേരിക്കയിലെ ടഫ്റ്റ്സ് യൂണിവേഴ്സിറ്റിയിലെ ശാസ്ത്രജ്ഞരാണ് ശ്രദ്ധേയമായ കണ്ടെത്തൽ നടത്തിയത്. കോശങ്ങളെ നിയന്ത്രിക്കുന്ന ജൈവ വൈദ്യുത സന്ദേശങ്ങൾ ഉപയോഗിച്ച് ശരീരത്തിലെ അർബുദ സാധ്യത നേരത്തേ നിർണയിക്കാമെന്ന് കണ്ടെത്തി. സർവ്വകലാശാലയിലെ പ്രൊഫസർ മൈക്കിൽ ലവിനും ഗവേഷക വിദ്യാർത്ഥി ബ്രൂക്ക് ചെർനറ്റും ചേർന്നാണ് ഈ കണ്ടെത്തൽ നടത്തിയത്. കോശസ്തരത്തിലെ വൈദ്യുത ചാർജിൽ മാറ്റം വരുത്തി കോശത്തിലെ അർബുദ സാധ്യത കുറയ്ക്കാൻ കഴിയുമെന്നും ഇവരുടെ പഠനത്തിൽ വ്യക്തമായി. ശരീരത്തിലെ കോശം എന്തു ചെയ്യണമെന്ന് തീരുമാനിക്കുന്നത് അതിലെ ജൈവ വൈദ്യുത സാന്നിദ്ധ്യമാണ്. കോശം വളരണോ വിഭജിക്കണമോ എന്ന് തീരുമാനിക്കുന്നത് അതിലെ ജൈവ വൈദ്യുത സന്ദേശങ്ങളാണ്. സിനോഫസ് ലവിസ് എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന ആഫ്രിക്കൻ തവളയുടെ ലാർവകളിൽ ആണ് ഗവേഷക സംഘം പഠനം നടത്തിയത്.

- പഞ്ചായത്ത് ന്യൂസ് സർവ്വീസ്

*പേജ് 10-ൽ നിന്ന് തുടർച്ച*

**ഇന്റർനെറ്റ്, മൊബൈൽ ഫോൺ കുറ്റകൃത്യങ്ങൾ, അശ്ലീല എസ്.എം.എസ് കൾ ഇവ സംബന്ധിച്ച പരാതികൾക്ക്,**

hitechcell@keralapolice.gov.in
igscrb@keralapolice.gov.in
cyberps@keralapolice.gov.in

എന്നീ ഇ-മെയിൽ വിലാസങ്ങളിലേക്കോ 0471 – 2556179 എന്ന സൈബർ പോലീസ് സ്റ്റേഷൻ നമ്പറിലേക്കോ ബന്ധപ്പെടാവുന്നതാണ്.

- ഈ വിപത്തുകൾക്കെതിരായി സമൂഹത്തിൽ മാറ്റങ്ങൾ ഉണ്ടാക്കാൻ പ്രാപ്തരായ യുവാക്കളേയും, പുരുഷന്മാരേയും, (പി.ആർ.ഡി., ജില്ലാ ഇൻഫർമേഷൻ ഓഫീസർ, Nehru Yuva Kendra (NYK), National Service Scheme (NSS), യുവജനക്ലബ്ബുകൾ, രാഷ്ട്രീയ മതസംഘടനകൾ) സംഘടിപ്പിച്ച് അവരിൽക്കൂടി സാമൂഹ്യ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യുകയും അതുവഴി ലൈംഗിക ചൂഷണത്തിന്റെ വ്യാപ്തി കുറയ്ക്കാൻ നടപടികൾ സ്വീകരിക്കുക
- ലൈംഗിക പീഡനത്തിന് വിധേയരായവർക്ക് മന:ശാസ്ത്രപരമായ ഉപദേശവും വൈദ്യസഹായവും നിയമസഹായവും നൽകാനും സുരക്ഷിത കേന്ദ്രങ്ങളിലേക്ക് അയയ്ക്കാനുമായി ജില്ലാ പ്രൊട്ടക്ഷൻ ഓഫീസറുടെ സേവനം പ്രയോജനപ്പെടുത്തുക
- അംഗീകൃത കമ്മ്യൂണിറ്റി കൗൺസലേഴ്സിനെ ശാക്തീകരിക്കുക, ഫോസ്റ്റർ കെയർ സേവനങ്ങളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക, ബന്ധപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിക്കുന്നു എന്ന് ഉറപ്പു വരുത്തുക
- പീഡിതർക്കും അവരുടെ കുടുംബാംഗങ്ങൾക്കും കൗൺസലിംഗ് സേവനങ്ങൾ തുടർച്ചയായി നൽകേണ്ടതാണ്. കൂടാതെ സമൂഹത്തിൽ വിവിധ മാനസിക സംഘർഷങ്ങൾ അനുഭവിക്കുന്നവർ, കുടുംബപ്രശ്നങ്ങൾ നേരിടുന്നവർ, പഠനം, തൊഴിൽ സംബന്ധമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുട്ടികൾ, യുവതീ-യുവാക്കൾ,വിവിധ മാനസിക പ്രശ്നങ്ങളുള്ള കൗമാരപ്രായക്കാർ, മദ്യത്തിനും മയക്കുമരുന്നിനും അടിമകളായ വ്യക്തികൾ, അവരുടെ കുടുംബാംഗങ്ങൾ മുതലായവർക്ക് തക്ക സമയത്ത് വിദഗ്ധ കൗൺസലിംഗ് നൽകുന്നതിനായി ഓരോ ബ്ലോക്ക് റിസോഴ്സ് സെന്ററിലും, ജില്ലാ പഞ്ചായത്ത് ഓഫീസുകളിലും സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. ഇതിനായി നിശ്ചിതയോഗ്യതയും പരിശീലനവും നേടിയിട്ടുള്ള ഫാമിലി കൗൺസിലിംഗ് കേന്ദ്രങ്ങളിലെ കൗൺസിലർമാർ, സന്നദ്ധസംഘടനകളുടെ കീഴിൽ പ്രവർത്തിക്കുന്ന കൗൺസിലർമാർ എന്നിവരുടെ ലിസ്റ്റ് തയ്യാറാക്കുകയും സേവനം ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്.
- ഉയർന്ന അപകടസാധ്യതയുള്ളവരായ തെരുവ് കുട്ടികൾ, അവഗണിയ്ക്കപ്പെട്ട കുട്ടികൾ, വിവാഹമോചനം നേടിയവരോ വേർപിരിഞ്ഞവരോ ആയവരുടെ മക്കൾ, ദുരിതം അനുഭവിക്കുന്ന സ്ത്രീകൾ തുടങ്ങിയവരുടെ ദൗർബല്യം ചൂഷണം ചെയ്യുന്നത് തടയാനും, ഇവർക്ക് മതിയായ സംരക്ഷണം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും വേണ്ടി ക്ഷേമസ്ഥാപനങ്ങളുടെ നടത്തിപ്പിൽ മേൽനോട്ടം വഹിക്കേണ്ടതാണ്.
- കുറ്റകൃത്യങ്ങൾ നടക്കാൻ സാധ്യതയുള്ള കേന്ദ്രങ്ങളുടേയും പ്രദേശങ്ങളുടേയും ഡേറ്റാബേസ് തയ്യാറാക്കി ശ്രദ്ധാപൂർവ്വം നിരീക്ഷിക്കുന്നതിന് ആന്റി ട്രാഫിക്കിംഗ് പോലീസിന്റേയും ജനമൈത്രി പോലീസിന്റേയും സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.
- സ്ത്രീകൾക്കും യുവജനങ്ങൾക്കും വേണ്ടിയുള്ള സുസ്ഥിരവും, ഫലപ്രദവുമായ തൊഴിൽ പദ്ധതികളെക്കുറിച്ച് അവബോധം നൽകി പദ്ധതികളിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കുക
- തദ്ദേശ ഭരണസംവിധാനതലത്തിൽ ഈ വിഷയവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലെ ഇടപെടലുകളിലും – National Rural Health Mission (NRHM), Sarva Siksha Abhiyan (SSA), Rashtriya Madhyamik Siksha Abhiyan (RMSA), Kudumbasree മുതലായ ഏജൻസികളെ ഉൾപ്പെടുത്തി കർമ്മപരിപാടികൾ തയ്യാറാക്കുക
- അന്യസ്ഥലങ്ങളിൽ കൂട്ടമായി തൊഴിൽ തേടി പോകുന്ന ദുർബല വിഭാഗങ്ങളിൽപ്പെട്ടവരുടെ, ബന്ധപ്പെട്ട തൊഴിൽശാലകൾ/കൃഷിയിടങ്ങൾ എന്നിവിടങ്ങളിലെ പാർപ്പിടസൗകര്യങ്ങൾ, വേതനം, സുരക്ഷിതത്വം മുതലായ വിവരങ്ങൾ ശേഖരിക്കുക. ഇവ മോണിറ്റർ ചെയ്യുക. കൂടാതെ വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടി പോകുന്നവരുടെ വിസ,ശമ്പളം,മറ്റു സൗകര്യങ്ങൾ, സ്പോൺസർ/ഏജന്റിന്റെ വിശ്വാസ്യത എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക, വഞ്ചിക്കപ്പെടാതിരിക്കാനാവശ്യമായ പ്രചാരണ പരിപാടികൾ നടത്തുക. ഇതിനായി നോർക്ക (NORKA)യുടെ സേവനം തേടാവുന്നതാണ്
- സംരക്ഷിത, പരിചിത-അപരിചിത സാഹചര്യങ്ങളിൽ ഗാർഹികമോ, അല്ലാത്തതോ ആയ പീഡനത്തിന് ഇരയാകുന്നവരുടെ (സ്ത്രീകളും, കുട്ടികളും) പ്രശ്നപരിഹാരത്തിൽ സർക്കാരിതര സംഘടനകൾ KELSA, DELSA. സേവന ദാതാക്കൾ, കൗൺസിലർമാർ,സ്കൂൾ അധികൃതർ എന്നിവരുമായി സംയോജിത പ്രവർത്തനം നടത്തുക
- പീഡിതരായ കുട്ടികൾക്ക് അടിയന്തിരമായി നിയമസഹായം ലഭ്യമാക്കുന്ന



തിനും അവരെ സുരക്ഷിതസ്ഥാനങ്ങളിലേക്ക് മാറ്റുന്നതിനുമായി ഏറ്റവും അടുത്ത ചൈൽഡ് വെൽഫെയർ കമ്മിറ്റിയുമായി ബന്ധപ്പെട്ട് പ്രവർത്തനം ഏകോപിപ്പിക്കുക. സർക്കാർ/സർക്കാരിതര അനാഥാലയങ്ങളിലും കെയർഹോമുകളിലും ഉള്ള കുട്ടികളുടേയും, സ്ത്രീകളുടേയും സുരക്ഷയിന്മേലുള്ള സർക്കാർ നിർദ്ദേശങ്ങൾ G.O.No.(RT) 546/2012 SJD dt. 18.12.2012 കർശനമായി പാലിക്കപ്പെടുന്നുണ്ട് ഉറപ്പു വരുത്തുക

- കുടുംബശ്രീ പോലുള്ള സംരംഭങ്ങളുമായി യോജിച്ച് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ മനസ്സിലാക്കുകയും KELSA, DELSA യുടെ സഹായത്തോടെ സമൂഹത്തിലുള്ള ഏവർക്കും നിയമസഹായം ഉറപ്പാക്കുകയും ചെയ്യുക. പീഡിതരുടെ അന്തസ്സ് ഉറപ്പാക്കുക. മാധ്യമ ശ്രദ്ധയിൽ നിന്നും പീഡകരെ സംരക്ഷിക്കുക.

സ്ത്രീകളുടേയും കുട്ടികളുടേയും അവകാശത്തെയും സംരക്ഷണത്തേയും സംബന്ധിച്ചുള്ള നിയമങ്ങളിൽ KELSA/ DELSA യുടെ സഹായത്താൽ ചർച്ചകളും അവബോധവും സൃഷ്ടിക്കുക

* ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം ഫോസ്റ്റർ കെയറിന് അനുയോജ്യരായ സുരക്ഷിത കുടുംബങ്ങളെ കണ്ടെത്തി ജില്ലാ ചൈൽഡ് വെൽഫെയർ സമിതിയെ അറിയിക്കുക

* കുറ്റകരമായ നീക്കങ്ങൾ, കുറ്റവാളികൾ ഇവയെക്കുറിച്ച് നിയമപാലകർക്ക് ജാഗ്രതാ അറിയിപ്പ് നൽകുന്ന സന്നദ്ധ സേവകർക്ക് ആവശ്യമായ സഹായവും സംരക്ഷണവും നൽകുക

* സ്വന്തം കുടുംബങ്ങളിലേക്ക് തിരികെ പോകാൻ ആഗ്രഹിക്കുന്ന പീഡിതർക്ക് സാമൂഹ്യ സ്വീകാര്യതയ്ക്കുള്ള മാർഗ്ഗങ്ങൾ സൃഷ്ടിക്കുക, അവരുടെ സമൂഹത്തിലെ പുനരധിവാസത്തിനു വേണ്ടി, കുടുംബങ്ങൾക്ക് കൗൺസിലിംഗും സഹായവും നൽകുക

**നിർഭയ ദിനം**

2013 മാർച്ച് 1 നിർഭയ ദിനമായി ആചരിക്കേണ്ടതും തുടർന്നുള്ള 7 ദിവസം (അന്താരാഷ്ട്ര വനിതാദിനമായ മാർച്ച് 8 വരെ) വിപുലമായ പ്രചരണ കർമ്മപരിപാടികൾ നടത്തേണ്ടതുമാണ്. ■

*ലേഖിക-ജെന്റർ & ചൈൽഡ് പ്രൊട്ടക്ഷൻ-ഗവ: അഡ്വൈസറാണ്.*



അജയൻ പനയറ

# ഭയമില്ലാത്ത സ്ത്രീയും വളരുന്ന നാടും

“യത്ര നാര്യസ്തു പൂജ്യന്തേ രമന്തേ തത്ര ദേവതാ” (എവിടെ സ്ത്രീ പൂജിക്കപ്പെടുന്നുവോ, അവിടെ ദേവതമാർ വസിക്കുന്നു) എന്ന് വിശ്വസിച്ച നാടാണ് ഭാരതം. ലോകത്തിലെ മത വിശ്വാസങ്ങളെല്ലാം സ്ത്രീത്വത്തിന് വിലകല്പിച്ചു. സമൂഹത്തിന്റെ വജ്രങ്ങളാണ് സ്ത്രീകളെന്നും, അമ്മയുടെ പാദങ്ങളിലാണ് സ്വർഗമെന്നും ഇസ്ലാം പഠിപ്പിച്ചു. പാപം ചെയ്യാത്തവർ കല്ലെറിയട്ടെ എന്ന് ജനക്കൂട്ടത്തോട് വിളിച്ചു പറഞ്ഞു പാപത്തിന്റെ വഴികളിൽ നിന്ന് മഗ്ദലനയിലെ മറിയയെ വിശുദ്ധിയിലേക്ക് ഉയർത്തിയ ക്രൈസ്തവ വഴികളും വേറിട്ടതല്ല. എല്ലാ മതങ്ങളും സ്ത്രീയെ ആദരിക്കാൻ പഠിപ്പിച്ചിട്ടും പെണ്ണുടൽ ആസക്തിയുടെയും കാമത്തിന്റെയും തീയിൽ വെന്തുപോകുന്ന കാലത്താണ് നാം ജീവിക്കുന്നത്. ഡൽഹിയിൽ ഒരു പെൺകുട്ടി ക്രൂരമായ നരഹത്യയ്ക്ക് വിധേയമായ പശ്ചാത്തലത്തിലാണ് സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള ലൈംഗീകാതിക്രമങ്ങളും ചൂഷണങ്ങളും പൊതുസമൂഹത്തിന്റെ ചർച്ചയിൽ സജീവമാകുന്നത്.

നമ്മുടെ നാട്ടിൽ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ ഉറപ്പാക്കുന്ന നിയമങ്ങൾ അനവധിയുണ്ട്. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 304 B, 313, 314, 354, 366, 375, 498 A, 509 തുടങ്ങിയ വകുപ്പുകൾ സ്ത്രീകൾക്കു നേരെയുള്ള അക്രമങ്ങൾ തടയാനുദ്ദേശിച്ചുള്ളവയാണ്. ഇതിൽ തന്നെ 375, 376 വകുപ്പുകൾ ബലാത്സംഗത്തിന് ശക്തമായ ശിക്ഷ ഉറപ്പാക്കുന്നുണ്ട്. Pre-natal Diagnostic Technique (Regulation and Prevention of misuse) Act, The Indescent Representation of women (prohibition) Act (1988) The Immoral Traffic (Prevention) Act (1986), Protection of women from Domestic Violence Act (2005), The Sexual Harassment of women at work place bill (2012) തുടങ്ങിയ നിയമനിർമ്മാണങ്ങൾ കാലാകാലങ്ങളിൽ നാം സ്ത്രീ സുരക്ഷ മുൻനിർത്തി നടത്തുകയും ചെയ്തു. ഭ്രൂണാവസ്ഥയിൽ തുടങ്ങി ജീവിതത്തെ സമഗ്രമായി സംരക്ഷിക്കാനുതകുന്ന നിയമങ്ങൾ ഉണ്ടായിട്ടും നമ്മുടെ സ്ത്രീകൾ ഭയത്തിന്റെ വഴികളിലൂടെയാണ് ഇന്നും നടക്കുന്നത്.

സത്രീ അപമാനിക്കപ്പെടുന്നിടത്ത് സംസ്കാരം അപമാനവീകരിക്കപ്പെട്ടു തുടങ്ങുന്നു. രാമായണേതിഹാസത്തിൽ അപഹരിക്കപ്പെട്ട സീതയുടെ കഥയിൽ നിന്ന് സ്ത്രീക്കു നേരെയുള്ള അതിക്രമത്തിന്റെ ചരിത്രവും തുടങ്ങുന്നു. എന്നാൽ സുരക്ഷയുടെ കരങ്ങൾ അവൾക്കു താങ്ങായെത്തിയപ്പോൾ നിർഭയത്വത്തിന്റെ കരുത്ത് അവൾക്കു കൈവന്നു. ആ നിർഭയത്വം ഉറപ്പാക്കാനാവണം കേരള ഗവൺമെന്റിന്റെ ‘നിർഭയ’ പദ്ധതി ലക്ഷ്യമിടേണ്ടത്. പിന്നെയും അപമാനിക്കപ്പെട്ട സീതയ്ക്ക് ഭൂമിമാതാവ് തന്നെ അഭയമൊരുക്കിയ ഇതിഹാസ ചിത്രം നമുക്ക് പ്രചോദനമാകണം.

വർത്തമാന കാലത്ത് കമ്പോളാധിഷ്ഠിതമായ ഉപഭോഗ സംസ്കാരം പെണ്ണുടലിനെ കച്ചവടച്ചരക്കാക്കുന്ന ഭീകര യാഥാർത്ഥ്യം നാം കാണാതിരുന്നുകൂടാ. പരസ്യങ്ങളിൽ വിനോദ പരിപാടികളിലൊക്കെ സ്ത്രീയെ കെട്ടു കാഴ്ചയാക്കുന്ന സംസ്കാരിക ച്യുതിക്കെതിരായ പ്രതിരോധം നാം കെട്ടിപ്പടുക്കണം. പച്ച മാംസത്തിൽ ലോഹദണ്ഡ് കുത്തിയിറക്കി രസിക്കുന്നത് മനുഷ്യരല്ല എന്ന തിരിച്ചറിവ് നമുക്കുണ്ടാകേണ്ടതുണ്ട്.

സ്ത്രീയെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്ന മനോഭാവം കുടുംബത്തിൽ നിന്നും തുടങ്ങണം. മൂല്യബോധമുള്ള വിദ്യാഭ്യാസം ആ മനോഭാവത്തെ വളർത്താൻ ഉതകണം. ആങ്ങള/പെങ്ങൾ എന്നീ പരികല്പനകളുടെ അർത്ഥ വിവക്ഷകൾ നിഘണ്ടുക്കളിലല്ല, മനുഷ്യ ഹൃദയങ്ങളിലാണ് നിറയേണ്ടത്. എല്ലാ യുദ്ധ

**സ്ത്രീയെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്ന മനോഭാവം കുടുംബത്തിൽ നിന്നും തുടങ്ങണം. മൂല്യബോധമുള്ള വിദ്യാഭ്യാസം ആ മനോഭാവത്തെ വളർത്താൻ ഉതകണം. ആങ്ങള/പെങ്ങൾ എന്നീ പരികല്പനകളുടെ അർത്ഥ വിവക്ഷകൾ നിഘണ്ടുക്കളിലല്ല, മനുഷ്യ ഹൃദയങ്ങളിലാണ് നിറയേണ്ടത്.**

**വൈകുന്ന നീതി, ലഭ്യമാകാത്ത നീതി തന്നെയാണ്. സ്ത്രീ പീഡനക്കേസുകളിൽ കുറ്റവാളികൾ പലപ്പോഴും നീണ്ട കാലം നിയമത്തിന്റെ പഴുതുകളിൽ തൂങ്ങി രക്ഷ പെടുന്നുണ്ട്. അത്രയും കാലം ഇരയനുഭവിക്കുന്ന വേദന ആരറിയാൻ?**

ങ്ങളും ഫാസിസ്റ്റ് കയ്യേറ്റങ്ങളും സ്ത്രീയ്ക്കു നേരെയാണ് തുടങ്ങുന്നതും അവസാനിക്കുന്നതും എന്ന് തിരിച്ചറിയുമ്പോൾ ലൈംഗീകാതിക്രമങ്ങൾ ഫാസിസത്തിന്റെ സൂക്ഷ്മമായ പരാവർത്തനമാണ് എന്ന് ഭരണസംവിധാനത്തിനും നീതി നിർവ്വഹണ വ്യവസ്ഥയ്ക്കും ജാഗ്രതയുണ്ടാകണം.

പെണ്ണിന് വഴിനടക്കാനവകാശമുണ്ടെന്നും അവൾ ഉപയോഗിച്ച് വലിച്ചെറിയാനുള്ള പാഴ്വസ്തു അല്ലെന്നും അറിയാൻ അമ്മയെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന മനോഭാവം കുഞ്ഞുങ്ങളിൽ നിറയണം. സ്ത്രീധനത്തിന്റെ പേരിൽ ക്രൂരമായി പീഡിപ്പിക്കപ്പെടാനുള്ളതല്ല പെൺജന്മം എന്ന് പുരുഷന്മാർ ഓർക്കണം. സാമ്പത്തിക ലാഭത്തിന്റെയും ശരീരദാഹത്തിന്റെയും ഇരകളായി എന്നും വേട്ടയാടപ്പെടാനുള്ളതല്ല സ്ത്രീ എന്ന് ബോധ്യപ്പെടുത്താൻ ശക്തമായ നിയമങ്ങളുടെ ഫലപ്രദമായ നിർവ്വഹണം കൂടിയേ തീരൂ.

വൈകുന്ന നീതി, ലഭ്യമാകാത്ത നീതി തന്നെയാണ്. സ്ത്രീ പീഡനക്കേസുകളിൽ കുറ്റവാളികൾ പലപ്പോഴും നീണ്ട കാലം നിയമത്തിന്റെ പഴുതുകളിൽ തൂങ്ങി രക്ഷപെടുന്നുണ്ട്. അത്രയും കാലം ഇരയനുഭവിക്കുന്ന വേദന ആരറിയാൻ? പണത്തിന്റെയും അധികാരത്തിന്റെയും കയ്യാളാണ് പീഡകനെങ്കിൽ തുടർഭീഷണിയുടെയും ഒറ്റപ്പെടുത്തലിന്റെയും പരിഹാസത്തിന്റെയും ഉമിത്തീയിൽ ദഹിക്കാനാണ് ഇരയുടെ ദുർവിധി. പ്രണയം നടിച്ച് പെൺകുട്ടികളെ വശത്താക്കിവച്ചു വാണിഭം നടത്തുന്ന നരാധമന്മാർ പ്രണയമെന്ന ഉദാത്ത ഭാവത്തെപ്പോലും വികലമാക്കുകയാണ്. ഇവിടെയൊക്കെ ജനങ്ങളുടെ ജാഗ്രതയാണ് അത്യാവശ്യം

"പേടിച്ചരണ്ട നിൻ കണ്ണുകൾ രാപ്പകൽ
തേടുന്നതാരെയെന്നറിവൂ ഞാൻ
മാരനെയല്ല, മണാളനെയല്ല, നിൻ
മാനം കാക്കുമൊരാങ്ങളെയെ"–

എന്നൊരു കവി പാടിയിട്ടുണ്ട്. നമ്മുടെ സ്ത്രീകൾ ആങ്ങളമാരെ അന്വേഷിക്കുന്ന നാളുകളാണിത്. സുരക്ഷയുടെയും സ്നേഹത്തിന്റെയും കൈകളാണ് സ്ത്രീകൾക്കു നേരെയുള്ള ആക്രമണങ്ങൾക്ക് തടയിനാനുള്ള എളുപ്പവഴി.

ഇതൊടൊപ്പം ചേർത്തുവായിക്കേണ്ട ഒന്നാണ് കുഞ്ഞുങ്ങൾക്കുനേരെയുള്ള ആക്രമം. ഐ.പി.സി. 366 A, 366 B, 369, 372, 373, 375 മുതലായ വകുപ്പുകളും 2005 ലെ Child Right Act, 2012 മെയ് 14 ലെ Protection of Children from Sexual Offences Act തുടങ്ങിയ നിയമങ്ങളും കാവലായുണ്ടെങ്കിലും പീഡനങ്ങളിലേറെയും പ്രായപൂർത്തിയാകാത്ത ബാലികമാർക്കു നേരെയാണെന്നുള്ളതാണ് ക്രൂരയാഥാർത്ഥ്യം.

മുലപ്പാൽകുടി മാറാത്ത പിഞ്ചുകുഞ്ഞിനെപ്പോലും ക്രൂരമായി പീഡിപ്പിക്കുന്ന ഒരു സമൂഹം ജീവിക്കാൻ പോലും അർഹരല്ല എന്നതാണ് സത്യം. സ്വയം നാണിച്ചും ആത്മനിന്ദയിൽ നീറിയും കഴിയേണ്ട ദുരവസ്ഥയിലേക്ക് മലയാളി മാറിയിരിക്കുന്നു. ഇവിടെയാണ് 'നിർഭയ' പോലുള്ള പദ്ധതികൾ സുസജ്ജമാകേണ്ടത്.

"ഭയകൗടില്യ ലോഭങ്ങൾ വളർക്കില്ലൊരു നാടിനെ" എന്നൊരു ദേശസ്നേഹി നമ്മെ ഓർമിപ്പിച്ചിട്ടുണ്ട്. ഭീതിയൊഴിയാത്ത കണ്ണുകളുമായി നമ്മുടെ സ്ത്രീത്വവും കൗടില്യ ലോഭങ്ങളുടെ ആസക്തി പൂണ്ട കണ്ണുകളുമായി പുരുഷത്വം പുലരുന്ന നാട് വളരില്ല തന്നെ. ഇവിടെയാണ്, സ്ത്രീകൾ ഏറ്റവും കൂടുതൽ സാന്നിധ്യമറിയിച്ചിട്ടുള്ള നമ്മുടെ ത്രിതല പഞ്ചായത്തുകളുടെ പ്രസക്തി. 'നിർഭയ' പദ്ധതിയിലൂടെ സ്ത്രീ പീഡനങ്ങളെയും ബാല പീഡനങ്ങളെയും ചെറുക്കാനും കുറ്റവാളികൾക്കെതിരെ ശക്തമായ ശിക്ഷ ഉറപ്പിക്കാനും ഇരകളെ പുനരധിവസിപ്പിക്കാനും പഞ്ചായത്തുകൾക്ക് കഴിയും, കഴിയണം. അധികാര സ്ഥാനങ്ങളിലെ സ്ത്രീ സാന്നിദ്ധ്യം ആ സ്ഥാപനങ്ങളെ സ്ത്രീ-ബാലസൗഹൃദപരമാക്കണം.

"എല്ലാം നശിച്ചുപോയിട്ടില്ല, പോകില്ല, വല്ലതും ശേഷിക്കും" എന്ന് പുനലൂർ ബാലൻ എന്ന കവി പ്രത്യാശിച്ചിട്ടുണ്ട്. വേട്ടയാടപ്പെടുന്ന അമ്മ പെങ്ങന്മാരുടെയും, പിഞ്ചു കുഞ്ഞുങ്ങളുടെയും ജീവിതത്തിന് കരുത്തും താങ്ങുമാകുന്ന നന്മയുടെ ശേഷിപ്പായി നിർഭയ പദ്ധതി മാറട്ടെ. ഭയമൊഴിഞ്ഞ കണ്ണുകളും മനസുമായി നമ്മുടെ സത്രീത്വം ജീവിതത്തിന്റെ വഴികളിൽ വിളക്കും വെളിച്ചവുമായി നിറയുമ്പോൾ നാട് നന്മയാർന്നതാകും. അതിനുതകുന്ന കർമ്മ പദ്ധതികൾ നമുക്ക് ഏറ്റെടുക്കാം. ■

*(ലേഖകൻ തിരുവനന്തപുരം വിമൺസ് കോളേജിൽ അസിസ്റ്റന്റ് പ്രൊഫസറാണ്.)*



സി. ഡെമാസ്റ്റൻ

# സേവനാവകാശനിയമം

## ഗ്രാമപഞ്ചായത്തുകളിൽ

ഭരണകൂടത്തിൽ നിന്നും ഒരു പൗരന് ലഭിക്കേണ്ട സേവനം നിർദിഷ്ടസമയപരിധിയ്ക്കുള്ളിൽ പ്രദാനം ചെയ്യുകയെന്നത് ഒരു ജനാധിപത്യഭരണസംവിധാനത്തിന്റെ അടിസ്ഥാനശിലയാണ്. സ്വാതന്ത്ര്യം കിട്ടി അമ്പത് വർഷം പിന്നിട്ടിട്ടും ഈ അടിസ്ഥാന അവകാശം പൊതു ജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിഞ്ഞില്ലായെന്നത് പരിതാപകരമായ ഒരു യഥാർത്ഥ്യമാണ്. സേവനം ലഭിക്കേണ്ടവർ ഒരു അഭയാർത്ഥിയെ പോലെ സർക്കാർ ഓഫീസുകളുടെ വരാന്തയിൽ ദൈനംദിനം കയറിയിറങ്ങുന്നത് ഒരു ജനാധിപത്യ ഭരണസംവിധാനത്തിനു ഭൂഷണമല്ല. സേവനം ലഭിക്കേണ്ടതു ഒരു പൗരന്റെ അവകാശമാണെന്നും അത് നൽകേണ്ടവർ നിയമപരമായി അതിനു ബാധ്യസ്ഥരാണെന്നും ഉറപ്പുവരുത്തുവാൻ കഴിഞ്ഞുവെന്നതാണ് 2012-ലെ സേവനാവകാശ നിയമത്തിന്റെ പ്രസക്തി.

2005-ലെ വിവരാവകാശനിയമത്തിന്റെ ചുവടുപിടിച്ചു കൊണ്ടാണ് സേവനാവകാശ നിയമം രൂപ കല്പന ചെയ്തിട്ടുള്ളത്. വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭിക്കുന്നതിനുള്ള അവകാശം പോലെ തന്നെ സേവനങ്ങളും പൊതുജനങ്ങളുടെ അവകാശമാണെന്ന് സേവനാവകാശനിയമവും ഉറപ്പു നൽകുന്നു. ഈ അവകാശം ലഭിക്കുന്നതിലൂടെ അഴിമതി കുറയ്ക്കുന്നതിനും സുതാര്യത വർദ്ധിപ്പിക്കുന്നതിനും പൊതുജനങ്ങളോടുള്ള സേവനബാധ്യത ഉറപ്പുവരുത്തുന്നതിനും കഴിയുന്നു. പൊതുജനങ്ങൾക്ക് ലഭ്യമാവേണ്ട സേവനങ്ങൾ ഔദാര്യമല്ല മറിച്ച് ഭരണഘടന ഒരു പൗരന് പ്രദാനം ചെയ്യുന്ന അവകാശമാണെന്ന് സേവനാവകാശനിയമം ഉറപ്പുനൽകുന്നു.






**കേരള സംസ്ഥാന സേവനാവകാശ നിയമം 2012 ആഗസ്റ്റ് 6–ാം തീയതി സർക്കാർ പ്രസിദ്ധപ്പെടുത്തുകയും 2012 നവംബർ മാസം ഒന്നാം തീയതി മുതൽ നിയമം സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നതായി സർക്കാർ വിജ്ഞാപനം ചെയ്യുകയും ചെയ്തു.**

2010 ആഗസ്റ്റ് 18–ാം തീയതി മധ്യപ്രദേശ് സർക്കാർ സേവനാവകാശനിയമം നടപ്പാക്കിയ ആദ്യസംസ്ഥാനമായി മാറി. ബീഹാർ, പഞ്ചാബ്, ഡൽഹി, രാജസ്ഥാൻ, ഹിമാചൽ പ്രദേശ്, ജാർഖണ്ഡ്, ഉത്തരാഖണ്ഡ്, ഹരിയാന, ഉത്തർപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ സേവനാവകാശനിയമം പ്രാബല്യത്തിൽ വന്നു കഴിഞ്ഞു. 2012 ഏപ്രിൽ 2–ാം തീയതി കർണ്ണാടക സർക്കാർ നടപ്പാക്കിയ 'സകല' എന്ന സേവനാവകാശ നിയമം ഇന്ത്യയ്ക്കുതന്നെ മാതൃകയാണ്. ഈ നിയമത്തിന്റെ ഏകദേശമാതൃകയിൽ തന്നെയാണ് കേരളവും നിയമവും ചട്ടങ്ങളും രൂപീകരിച്ചിട്ടുള്ളത്. സേവനം നൽകാൻ പരാജയപ്പെടുന്ന ഉദ്യോഗസ്ഥന്റെ ശമ്പളത്തിൽ നിന്നും ഒരു നിശ്ചിത തുക പിഴയായി ഈടാക്കുന്നതിനും കൂടാതെ സേവനം നൽകാത്ത ഉദ്യോഗസ്ഥർക്കെതിരെ അടിയന്തിരനടപടി എടുക്കുന്നതിന് ഒരു 'ഡിസിപ്ലിനറി അതോറിറ്റിയേയും നിശ്ചയിച്ചിരിക്കുന്നു. കൃത്യസമയത്ത് സേവനം നൽകുന്ന ഉദ്യോഗസ്ഥരെ അഭിനന്ദിക്കുന്നതിന് ഒരു അഭിനന്ദനകത്തിന്റെ കരട് കൂടി ചട്ടങ്ങളിൽ ഉൾപ്പെടുത്തിയത് സേവനം നൽകാൻ സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് പ്രചോദനകമാകുമെന്നുള്ളത് കർണ്ണാടകസർക്കാർ നടപ്പാക്കിയ "സകല" എന്ന പേരിട്ടിട്ടുള്ള. സേവനാവകാശനിയമത്തിന്റെ മാതൃകാപരമായ സവിശേഷതയാണ് എന്ന് എടുത്തുപറയാതിരിക്കാൻ വയ്യ.

കേരള സംസ്ഥാന സേവനാവകാശ നിയമം 2012 ആഗസ്റ്റ് 6–ാം തീയതി സർക്കാർ പ്രസിദ്ധപ്പെടുത്തുകയും 2012 നവംബർ മാസം ഒന്നാം തീയതി മുതൽ നിയമം സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നതായി സർക്കാർ വിജ്ഞാപനം ചെയ്യുകയും ചെയ്തു. ആയത് പ്രകാരമുള്ള കേരള സംസ്ഥാനസേവനാവകാശ ചട്ടങ്ങൾ 2012 ഒാക്ടോബർ 27–ാം തീയതി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

സേവനാവകാശനിയമം വകുപ്പ് 3 പ്രകാരം നിയമം പ്രാബല്യത്തിലായി ആറ് മാസത്തിനകം ഓരോ വകുപ്പ് മേധവിയും ഓരോ തദ്ദേശസ്ഥാപനവും അവർ നൽകുന്ന സേവനങ്ങൾ, സമയപരിധി, നിയുക്ത ഉദ്യോഗസ്ഥർ, അപ്പീൽ അധികാരികൾ എന്നിവ സംബന്ധിച്ച് ഒരു ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഒരു ഏകദേശരൂപം ഉണ്ടാക്കുന്നതിനു വേണ്ടി വകുപ്പുമേധാവികൾ സർക്കാർ നിർദ്ദേശാനുസരണം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്തുവകുപ്പിലെ സേവനങ്ങൾ, സമയപരിധി, നിയുക്ത ഉദ്യോഗസ്ഥർ, അപ്പിൽ അധികാരികൾ എന്നിവ സംബന്ധിച്ച് 2013 ജനുവരി 1–ാം തീയതി സ.ഉ.(എം.എസ്സ്) നമ്പർ 3/2013 തസ്വഭവ ആയും (ഗ്രാമവികസനവകുപ്പിലെ സേവനങ്ങൾ സംബന്ധിച്ച് 2013 ജനുവരി 1–ാം തീയതി സഉ.(എംഎസ്സ്) നമ്പർ. 01/13/തസ്വഭവ ആയും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരം 24 ഇനങ്ങളിലായി ഗ്രാമപഞ്ചായത്തുകളുടെ സേവനങ്ങളും 5 ഇനങ്ങളിലായി ബ്ലോക്ക് പഞ്ചായത്തുകളിലെ സേവനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. സേവനാവകാശ നിയമം എത്രയുംപെട്ടെന്ന് പ്രാബല്യത്തിൽ വരുന്നതിന് വകുപ്പ് 3 പ്രകാരമുള്ള വിജ്ഞാപനം ഓരോ സ്ഥാപനവും മുപ്പത് ദിവസത്തിനകം പുറപ്പെടുവിക്കണമെന്ന് വകുപ്പ്മേധാവി നിർദ്ദേശിച്ചിട്ടുണ്ട്.

**ഗസറ്റ് വിജ്ഞാപനം**

കേരള സേവനാവകാശനിയമം നടപ്പിലാക്കുന്നതിന്റെ ആദ്യപടി ആയത് സംബന്ധിച്ച വിശദമായ വിജ്ഞാപനം എല്ലാവകുപ്പ് മേധാവികളും തദ്ദേശസ്ഥാപനങ്ങളും പരസ്യപ്പെടുത്തുകയെന്നുള്ളതാണ്. 1996–ലെ കേരളാ പഞ്ചായത്ത്രാജ് (വിജ്ഞാപനമോ, നോട്ടീസോ പരസ്യപ്പെടുത്തേണ്ട രീതി) ചട്ടങ്ങൾ പ്രകാരം തദ്ദേശസ്ഥാപനങ്ങൾ ഗസറ്റ് വിജ്ഞാപനം നടത്തണം. നൽകുന്ന സേവനങ്ങൾ സംബന്ധിച്ചും സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ സംബന്ധിച്ച വിശദമായ വിവരങ്ങളുമാണ് വിജ്ഞാപനം ചെയ്യേണ്ടത്.

**നോട്ടീസ് ബോർഡ്**

എല്ലാം തദ്ദേശസ്ഥാപനവും പൊതുജനങ്ങളുടെ അറിവിലേയ്ക്കായി സേവനാവകാശ നിയമപ്രകാരം നൽകുന്ന സേവനങ്ങളുടെ വിശദവിവരങ്ങൾ കാണിക്കുന്ന ഒരു പരസ്യനോട്ടീസ് ബോർഡ് സ്ഥാപനത്തിന്റെ മുന്നിൽ പ്രദർശിപ്പിക്കണം. ഈ ബോർഡിൽ നൽകുന്ന സേവനങ്ങൾ, സേവനം ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം നൽകേണ്ട രേഖകൾ, സേവനം ലഭ്യമാകുന്ന സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി, എന്നിവയും അപ്പീൽ നൽകുന്ന ഫോറങ്ങളുടെ മാതൃകയും പ്രദർശിപ്പിച്ചിരിക്കണം.

**നടപടി ക്രമങ്ങൾ**

അപേക്ഷകൾ സ്വീകരിക്കുന്നതിനും ഫോറം 1-ലുള്ള അക്നോളഡ്ജ്മെന്റ്

നൽകുന്നതിനും നിയുക്ത ഉദ്യോഗസ്ഥന് തന്റെ കീഴിലുള്ള ഒരു ഉദ്യോഗസ്ഥനെ രേഖാമൂലമായ ഉത്തരവുമൂലം ചുമതലപ്പെടുത്താവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന ഉദ്യോസ്ഥൻ ഫോറം നമ്പർ 1 ലുള്ള അക്നോളഡ്ജ്മെന്റ് അപേക്ഷകനു നൽകേണ്ടതാണ്. അപേക്ഷയോടൊപ്പം നിർബന്ധമായും നൽകണമെന്ന് നിഷ്ക്കർഷിച്ച രേഖകൾ അപേക്ഷകൻ അപേക്ഷയോടൊപ്പം നൽകിയിട്ടില്ലെങ്കിൽ ആയത് ഉടൻതന്നെ നൽകണം എന്ന വിവരം കൂടി അക്നോളഡ്ജ്മെന്റിൽ രേഖപ്പെടുത്തി അപേക്ഷികനു നൽകണം.

**സേവനം നൽകേണ്ട തീയതി**

ഗസറ്റിൽ പരസ്യപ്പെടുത്തിയ പ്രകാരം ഓരോ സേവനവും നിശ്ചിത സമയപരിധിയ്ക്കുള്ളിൽ തന്നെ നൽകുന്നതിന് ഓരോ സ്ഥാപനവും നിയമാനുസൃതം ചുമതലപ്പെട്ടിരിക്കുന്നു. പ്രവൃത്തി ദിവസങ്ങൾ മാത്രമാണ് സേവനങ്ങൾ നൽകുന്നതിനുവേണ്ടി പരിഗണിക്കുന്നത്. നിർബന്ധമായും അപേക്ഷയോടൊപ്പം നൽകേണ്ടരേഖകൾ അടിയന്തരമായി നൽകണമെന്ന് 'അക്നോളഡ്ജ്മെന്റിൽ' സൂചിപ്പിട്ടുണ്ടെങ്കിൽ ആയത് ലഭിക്കുന്ന തീയതി മുതലായിരിക്കും സമയപരിധി കണക്കാക്കുന്നത്.

**അപ്പീൽ**

സേവനം നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ലഭ്യമായില്ലായെങ്കിൽ പൊതുജനങ്ങൾക്ക് അപ്പീൽ അധികാരികളെ സമീപിക്കാവുന്നതാണ്. ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിങ്ങനെ രണ്ട് അപ്പീൽ അധികാര സ്ഥാപനങ്ങളെ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയുക്ത ഉദ്യോഗസ്ഥന്റെ തീരുമാനത്തിനെതിരെ ഒന്നാം അപ്പീൽ അധികാരിയ്ക്ക് മുപ്പത് ദിവസത്തിനകവും ഒന്നാം അപ്പീൽ അധികാരിയുടെ തീരുമാനത്തിനെതിരെ രണ്ടാം അപ്പീൽ അധികാരിയ്ക്ക് 60 ദിവസത്തിനകവും അപ്പീൽ നൽകാം. അപ്പീലിനോടൊപ്പം ബന്ധപ്പെട്ട രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കൂടി പരാതിക്കാരൻ സമർപ്പിക്കണം. നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിലാണ് അപ്പീൽ നൽകേണ്ടത്. അപ്പീൽ നൽകുന്നതിന് യാതൊരു അപേക്ഷാഫീസും നിശ്ചയിച്ചിട്ടില്ല. ഒന്നാം അപ്പീൽ അധികാരിയ്ക്കും രണ്ടാം അപ്പീൽ അധികാരിയ്ക്കും അപ്പീൽ പരിഗണിച്ച് ബന്ധപ്പെട്ടവർക്ക് സമൻസ് നൽകി തീരുമാനമെടുക്കാവുന്നതും നിയുക്ത ഉദ്യോഗസ്ഥനോട് നിശ്ചിത തീയതിയ്ക്കുള്ളിൽ സേവനം നൽകുന്നതിന് ഉത്തരവ് ഇടാവുന്നതോ അപ്പീൽ നിരസിക്കുകയോ ചെയ്യാവുന്നതാണ്.

**പിഴ ഈടാക്കൽ**

പൊതുജനങ്ങൾക്ക് നൽകേണ്ട സേവനങ്ങൾ നിശ്ചിതസമയപരിധിയ്ക്കുള്ളിൽ നൽകിയില്ലെങ്കിൽ നിയുക്ത ഉദ്യോഗസ്ഥനിൽ നിന്നും പിഴ ഈടാക്കാവുന്നതാണ്. രണ്ടാം അപ്പീൽ അധികാരിയാണ് പിഴ സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നത്. ഒന്നാം അപ്പീൽ അധികാരിയിൽ നിന്നുകൂടി പിഴ ഈടാക്കാൻ വ്യവസ്ഥയുണ്ട് എന്നതാണ് നിയമത്തിന്റെ മറ്റൊരു സവിശേഷത. നിയുക്ത ഉദ്യോഗസ്ഥന്റെ ശമ്പളത്തിൽ നിന്നോ ഓണറേറിയവും മറ്റ് പ്രതിഫലങ്ങൾ എന്നിവയിൽ നിന്നോ പിഴ ഈടാക്കി ട്രഷറിയിൽ ഒടുക്കേണ്ടതാണ്. നിയുക്ത ഉദ്യോഗസ്ഥൻ സേവനം യാതൊരു കാരണവുമില്ലാതെ നൽകിയില്ലെന്ന് രണ്ടാം അപ്പീൽ അധികാരി കണ്ടെത്തുന്ന പക്ഷം നിയുക്ത ഉദ്യോഗസ്ഥന് അഞ്ഞൂറ് രൂപമുതൽ 5000 രൂപയിൽ അധികരിക്കാത്ത പിഴ ചുമത്തുന്നതിന് രണ്ടാം അപ്പീൽ അധികാരിയ്ക്ക് അധികാരമുണ്ട്. നിയുക്ത ഉദ്യോഗസ്ഥൻ സേവനം നൽകുന്നതിൽ താമസം വരുത്തിയിട്ടുണ്ടെങ്കിൽ അയ്യായിരം രൂപയിൽ അധികരിയ്ക്കാതെ ഓരോ ദിവസത്തേയക്കും ഇരുന്നൂറ്റി അമ്പതു രൂപ ക്രമത്തിൽ പിഴ ഈടാക്കാവുന്നതാണ്. ഒന്നാം അപ്പീൽ അധികാരി നിശ്ചിതസമയത്തിനുള്ളിൽ അപ്പീലിൽ തീരുമാനമെടുത്തില്ലെങ്കിൽ അഞ്ഞൂറ് രൂപ മുതൽ അയ്യായിരം രൂപ വരെ രണ്ടാം അപ്പീൽ അധികാരി പിഴ ചുമത്തുന്നതാണ്. പിഴ കൂടാതെ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ആവശ്യമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനും രണ്ടാം അപ്പീൽ അധികാരിയ്ക്ക് അധികാരമുണ്ട്.

**രജിസ്റ്ററുകൾ**

സേവനം നൽകേണ്ട നിയുക്ത ഉദ്യോഗസ്ഥനും അപ്പീൽ അധികാരികളും ഫോറം നമ്പർ IV-ൽ നിർദ്ദിഷ്ട രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. ലഭിക്കുന്ന അപേക്ഷകൾ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ക്രമനമ്പർ രേഖപ്പെടുത്തി തീയതിക്രമത്തിൽ അക്നോളഡ്ജ്മെന്റ് നൽകിയ തീയതിയും അപേക്ഷകന്റെ പേരും മേൽവിലാസവും സേവനത്തിന്റെ സ്വഭാവം എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നു. അപേക്ഷ തീർപ്പാക്കിയ തീയതിയും നിരസിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണവും രജിസ്റ്ററിൽ രേഖപ്പെടുത്തണം. അപ്പീൽ അധികാരികൾ ഇതുകൂടാതെ ഫൈൻ ഉൾപ്പെടെയുള്ള വിവരങ്ങൾ കൂടി ഉൾപ്പെടുത്തി നിർദ്ദിഷ്ടമാതൃകയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം.

ഉത്തമവിശ്വാസത്തോടുകൂടി ഉദ്യോഗസ്ഥർ കൈകൊള്ളുന്ന നടപടികൾക്ക് നിയമത്തിൽ പരിരക്ഷയുണ്ട്. സേവനാവകാശനിയമപ്രകാരംകൈക്കൊള്ളുന്ന തീരുമാനങ്ങൽ സിവിൽ കോടതിയിൽ ചോദ്യം ചെയ്യാൻ സാധ്യമല്ല.

**ഉപസംഹാരം**

സേവനാവകാശനിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി തദ്ദേശസ്ഥാപനങ്ങളുടെ ഭരണകാര്യക്ഷമത വർദ്ധിപ്പിക്കുവാൻ കഴിയും എന്നതിൽ തർക്കമില്ല. സേവനങ്ങൾ യഥാസമയം നൽകുന്നതു വഴി പൊതുജനങ്ങളുടെ വിശ്വാസം നേടിയെടുക്കുവാനും അതുവഴി പ്രാദേശികഭരണസംവിധാനത്തിൽ പൊതുജനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാനും കഴിയും. ഉദ്യോഗസ്ഥരുടെ പ്രവർത്തനം സമയബന്ധിതമാക്കുവാൻ ഈ നിയമംമൂലം സാധിക്കും. ഈ-ഗവേൺസിന്റെ സാധ്യതകൂടി പരിഗണിക്കുകയാണെങ്കിൽ ഈ നിയമം പ്രവർത്തനപഥത്തിൽ ഇനിയും മെച്ചപ്പെടുത്താൻ കഴിയും.

*(ലേഖകൻ ക്ലാപ്പന ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റാണ്)*



990+864
978

# ഗ്രാമ പഞ്ചായത്തുകളിൽ അധിക തസ്തിക

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് നിലവിൽ വന്നതിനെ തുടർന്ന് അധികാര വികേന്ദ്രീകരണ പ്രക്രിയയുടെ ഭാഗമായി ഗ്രാമ പഞ്ചായത്തുകളിൽ വന്നു ചേർന്ന അധിക ചുമതലകൾ നിർവ്വഹിക്കുന്നതിനാവശ്യമായ ജീവനക്കാർ ഇല്ലായിരുന്നു. ഇതു പരിഹരിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കണമെന്ന് (ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ) ഒമ്പതാം സംസ്ഥാന ശമ്പള പരിഷ്കരണ കമ്മീഷൻ ശുപാർശ ചെയ്യുകയുണ്ടായി പ്രസ്തുത വിഷയം പഠിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ എന്നിവരെ സർക്കാർ നിയോഗിച്ചു. ഈ രണ്ടംഗ സമിതി സമർപ്പിച്ച പഠന റിപ്പോർട്ടിന്മേൽ ശുപാർശ സമർപ്പിക്കുന്നതിന് 26.04.12 ൽ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറി, പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ എന്നിവരടങ്ങുന്ന ആറംഗ സമിതിയെ നിയോഗിച്ചു.

ഗ്രാമ പഞ്ചായത്തുകളിൽ ഇപ്പോഴും 1982 ലെ സ്റ്റാഫ് പാറ്റേണാണ് നിലവിലുള്ളതെന്നും 1994 ൽ പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതോടെ ഗ്രാമപഞ്ചായത്തുകളിൽ അധികാര വികേന്ദ്രീകരണം, തൊഴിലുറപ്പ് പദ്ധതി, ഭരണ സമിതി, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നടത്തിപ്പ്, ഗ്രാമസഭാ യോഗ നടത്തിപ്പ്, കെട്ടിട നിർമ്മാണ അനുമതി നൽകൽ, ഡിമാന്റുകളുടെ എണ്ണത്തിലുള്ള വർദ്ധന, പഞ്ചായത്തുകളിലൂടെ വിനിമയം നടത്തുന്ന തുകയിലെ വർദ്ധനവ് വിവിധ പെൻഷനുകൾ, തൊഴിലില്ലായ്മ വേതന വിതരണം, ആഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ, വ്യവഹാരങ്ങളുടെ ബാഹുല്യം അപേക്ഷകളും പരാതികളും സ്വീകരിക്കൽ, രജിസ്റ്ററുകൾ തയ്യാറാക്കൽ ഫീൽഡ് ജോലികൾ എന്നിവ മൂലം ജോലി ഭാരം പതിന്മടങ്ങ് വർദ്ധിച്ചിട്ടുണ്ടെന്നും, എന്നാൽ 1982-ന് ശേഷം ഒരു ലോവർ ഡിവിഷൻ ക്ലാർക്ക്





**പഞ്ചായത്തുകളുടെ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതു സംബന്ധിച്ച് സമിതിയെ നിശ്ച യിച്ചതു മുതൽ 7.02.2013 ൽ ഉത്തരവ് ആകുന്നതു വരെ വിവധ ഘട്ടങ്ങളിൽ പഞ്ചാ യത്ത് സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ, തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നി വർ പ്രത്യേക താല്പര്യം എടു ത്തത് കൊണ്ട് മാത്രമാണ് 31 വർഷങ്ങൾക്കു ശേഷം ഗ്രാമ പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് ഉത്തര വിറക്കാൻ കഴിഞ്ഞത്.**

തസ്തിക മാത്രമാണ് ഗ്രാമപഞ്ചായത്തുകളിൽ അധികമായി അനുവദിച്ചിട്ടുള്ളതെന്നും, അതിനാൽ ഗ്രാമ പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ കാലോചിതമായി പുതുക്കേണ്ടതാണെന്നും സമിതി വിലയിരുത്തി. പഠന റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുള്ള തസ്തികകൾ ഗ്രാമ പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ, സുഗമമായി നടത്തികൊണ്ടു പോകുന്നതിന് അനിവാര്യമാണെന്നു കണ്ടെത്തുകയും പഠനറിപ്പോർട്ട് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തു. പ്രാരംഭഘട്ടമെന്ന നിലയിൽ അടിയന്തിരമായി നടപ്പാക്കേണ്ട ചുമതലകൾ വിശദമായി പരിശോധിച്ചു നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെടുകയും, 25.06.12, 03.11.12 എന്നീ തീയതികളിലായി അവ സമർപ്പിക്കുകയും ചെയ്തു.

പഞ്ചായത്ത് ഡയറക്ടർ നൽകിയ നിർദ്ദേശം സർക്കാർ പരിശോധിക്കുകയും, സെൻ കമ്മിറ്റി ശുപാർശ പ്രകാരം പല വകുപ്പുകളിൽ നിന്നായി 1302 ക്ലാർക്കുമാരെ റീ ഡിപ്ലോയ്മെന്റ് ചെയ്തതിൽ 990 ലോവർ ഡിവഷൻ ക്ലാർക്ക്മാരുടെ തസ്തിക പഞ്ചായത്തു വകുപ്പിൽ പുതുതായി സൃഷ്ടിച്ചും അത്രയും തസ്തികകൾ മറ്റ് വകുപ്പുകളിൽ സൂപ്പർ ന്യൂമറിയായി നിലനിർത്തി കൊണ്ടും സർക്കാർ 7.02.2013 ൽ ഉത്തരവായിരിക്കുകയാണ്.

കേരളത്തിലെ സാമ്പത്തിക നില മെച്ചപ്പെട്ട 864 ഗ്രാമ പഞ്ചായത്തുകളിൽ ജൂനിയർ സൂപ്രണ്ടിന് (16180-29180/- ശമ്പള നിരക്കിൽ) സമാനമായ ഓരോ അസിസ്റ്റന്റ് സെക്രട്ടറി തസ്തികയും സൃഷ്ടിച്ചു. ഉത്തരവായി (07.02.2013-ൽ) അസിസ്റ്റന്റ് സെക്രട്ടറിയുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും നിശ്ചയിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കേണ്ടതിനാൽ ഇക്കാര്യം സംബന്ധിച്ച വിശദമായി റിപ്പോർട്ട് രണ്ടാഴ്ചയ്ക്കുള്ളിൽ പഞ്ചായത്ത് ഡയറക്ടർ സമർപ്പിക്കണം. പുതുതായി സൃഷ്ടിക്കപ്പെട്ട അസിസ്റ്റന്റ് സെക്രട്ടറി തസ്തികകളിൽ സീനിയറായ ഹെഡ്ക്ലാർക്ക്/അക്കൗണ്ടന്റ് തസ്തികകളിൽ നിന്നും ഉദ്യോഗ കയറ്റം വഴിയും/നിലവിലുള്ള ജൂനിയർ സൂപ്രണ്ടുമാരെയോ നിയമിക്കാമെന്നും 07.02.13 ലെ 51/2013 തസ്വഭവ നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

പഞ്ചായത്തുകളുടെ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതു സംബന്ധിച്ച് സമിതിയെ നിശ്ചയിച്ചതു മുതൽ 7.02.2013 ൽ ഉത്തരവ് ആകുന്നതു വരെ വിവധ ഘട്ടങ്ങളിൽ പഞ്ചായത്ത് സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ, തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ പ്രത്യേക താല്പര്യം എടുത്തത് കൊണ്ട് മാത്രമാണ് 31 വർഷങ്ങൾക്കു ശേഷം ഗ്രാമ പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് ഉത്തരവിറക്കാൻ കഴിഞ്ഞത്. ഗ്രാമപഞ്ചായത്തുകളുടെ കാര്യനിർവ്വഹണം കൂടുതൽ കാര്യക്ഷമതയോടെയും ഉത്തരവാദിത്വത്തോടും നിർവ്വഹിക്കാൻ ഓരോ ജീവനക്കാരും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഗ്രാമ പഞ്ചായത്തുകൾക്കു വേണ്ടി ധീരമായ നിലപാടുകൾ സ്വീകരിച്ച് 2000നടുത്ത് അധിക തസ്തികകൾ സൃഷ്ടിച്ച് പഞ്ചായത്ത് വകുപ്പിന് കരുത്തു പകർന്ന മുഖ്യമന്ത്രിയും, വകുപ്പു മന്ത്രിയും, ധനകാര്യ മന്ത്രിയും അഭിനന്ദരാർഹരാണ്. ഇത് പഞ്ചായത്ത് വകുപ്പിന്റെ സുവർണ്ണ കാലമെന്ന് വിശേഷിപ്പിക്കാം. ■

*പഞ്ചായത്ത് ന്യൂസ് സർവ്വീസ്*






# ജനസഭ 2013

## "കാത്തിരിപ്പില്ല ചുവപ്പുനാടയില്ല"
## കേൾക്കാതെ പോകുന്ന ശബ്ദങ്ങൾക്ക്
## കാണാതെ പോകുന്ന പ്രശ്നങ്ങൾക്ക് വേണ്ടി ഒരു ദിവസം

സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിൽ നടന്നു വരുന്ന ഗ്രാമയാത്രയുടെ തുടർച്ചയായി കോഴിക്കോട് നഗര പ്രദേശത്ത് 'ജനയാത്ര' എന്ന പേരിൽ പഞ്ചായത്തു സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എം.കെ മുനീറിന്റെ നേതൃത്വത്തിൽ ജനസഭ 2013 സംഘടിപ്പിക്കുകയുണ്ടായി. ആദ്യമായാണ് ഇങ്ങനെ ഒരു ജന സഭ സംഘടിപ്പിക്കപ്പെട്ടത്. ഗ്രാമയാത്രയുടെ ഉദ്ദേശ്യം തന്നെയായിരുന്നു ജനയാത്ര കൊണ്ടും ലക്ഷ്യമിട്ടത്. ഗ്രാമ സഭകൾ ശക്തി പെടുത്തുകയും അതോടൊപ്പം ജനങ്ങളുടെ ആവശ്യങ്ങൾ ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ അവതരിപ്പിക്കാനും തത്സമയം പരിഹരിക്കാൻ കഴിയുന്നവ അപ്പോൾ തന്നെ പരിഹരിക്കാനും കഴിയുന്ന തരത്തിലായിരുന്നു പരിപാടി സംഘടിപ്പിച്ചത്.

2013 ജനുവരി 19,21,28 തീയതികളിലാണ് കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിലെ വിവധ വാർഡുകൾ ഉൾകൊള്ളിച്ച് മൂന്ന് ദിവസങ്ങളിലായി ആറ് സ്ഥലങ്ങളിൽ വച്ച് ജന സഭകൾ നടന്നത്. 19.01.2013 ന് രാവിലെ 9.30ന് 30,31,32,33,34,35 വാർഡുകളുടെ ജനസഭ കിണാശ്ശേരി ഗവ: വി.എച്ച്.എസ്.എസിലും ഉച്ചയ്ക്ക് 2.30ന് 57,58,59,61 എന്നീ വാർഡുകളുടെ ജന സഭ കുറ്റിച്ചിറ സൗത്ത് ബീച്ചിലും വച്ച് നടന്നു. 21.01.2013 ൽ 54,55,56 വാർഡുകളുടെ ജന സഭ പയ്യാനക്കൽ വച്ചും ഉച്ചയ്ക്ക് 2.30 ന് 36,37,38,39 എന്നീ വാർഡുകളുടേത് പന്നിയങ്കര-മീഞ്ചന്ത വി.എച്ച്.എസ്-എസിലും 28.01.2013ൽ രാവിലെ 9.30ന് 60,27,28,25 എന്നീ വാർഡുകളുടേത് കോട്ടുളി-എസ്.കെ പൊറ്റക്കാട് ഹാളിലും 19,22,23 എന്നീ വാർഡുകളുടേത് ഉച്ചയ്ക്ക് 2.30ന് കോവൂർ-ചേവായൂർ എൽ.പി.സ്കൂളിലും വച്ചും നടന്നു.

# “നിങ്ങളാണ് സർക്കാർ, ഞങ്ങൾ വെറും സേവകർ”

**– പഞ്ചായത്തു സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ**



കോഴിക്കോട് എം.പി, മേയർ, ജില്ലാകളക്ടർ, വിവധ വകുപ്പുകളുടേയും സ്ഥാപനങ്ങളുടെയും സംസ്ഥാന ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന ഒരു സമിതി കോർപ്പറേഷൻ കൗൺസിലർമാരുടെയും ഇതര പ്രസ്ഥാനങ്ങളുടെയും സഹകരണത്തോടെയാണ് ജനസഭകൾ നടന്നത്. പഞ്ചായത്തു സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ, കുടുംബശ്രീ മിഷൻ, ഐ.സി.ഡി.എസ് എന്നിവയുടെ സജീവ പങ്കാളിത്തത്തോടെ നടന്ന ജനസഭ വൻ വിജയമായിരുന്നു. സാമൂഹ്യ സുരക്ഷ പദ്ധതികളെപ്പറ്റി ഒരു അവബോധം ഉണ്ടാക്കുവാനും അർഹതയുള്ളവരുടെ ആവലാതികൾക്ക് ഉടൻ പരിഹാരമുണ്ടാക്കുവാനും ഇതിലൂടെ കഴിഞ്ഞു. ബന്ധപ്പെട്ട ജനപ്രതിനിധികളും വിവിധ വകുപ്പുകളിലെ മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുത്ത ജനസഭയിൽ വച്ച് സാധാരണക്കാരായ പ്രദേശവാസികളുടെ പൊതുവായതും അല്ലാത്തതുമായ നിരവധി പ്രശ്നങ്ങൾക്ക് ഉടനടി പരിഹാരം കാണാൻ കഴിഞ്ഞു എന്നുള്ള വസ്തുത ജനസഭയുടെ നേട്ടം തന്നെയാണ്.









“ജനസഭ”യിൽ തുടക്കം മുതൽ ഒടുക്കം വരെ മന്ത്രി ഡോ.എം.കെ മുനീറിന്റെ സജീവ സാന്നിധ്യം പൊതുജനങ്ങൾക്കും ആവേശമായിരുന്നു. വാർഡു സഭകളും, ഗ്രാമസഭകളും വികസനത്തിന്റെ അടിത്തറയാണെന്നും അധികാര വികേന്ദ്രീകരണം ലക്ഷ്യ പ്രാപ്തികൈവരിക്കണമെങ്കിൽ അവ ശക്തിപ്പെടുത്തണമെന്നും, നിങ്ങളാണ് സർക്കാർ, ഞങ്ങൾ വെറും സേവകന്മാർ മാത്രമാണെന്നും മന്ത്രി തന്റെ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ഞങ്ങൾ നിങ്ങളെ കേൾക്കാൻ വന്നതാണ്. ഇന്നുതന്നെ തീരുമാനം എടുക്കേണ്ടവ ഇന്നു തന്നെ തീരുമാനമെടുക്കുമെന്ന മന്ത്രിയുടെ പ്രസ്താവന അക്ഷരം പ്രതി നടപ്പിലാക്കികൊണ്ട് “ജനസഭ 2013” മാതൃകയായി. നിരവധിപേർക്കു ചികിത്സാ ധനസഹായം, ആശ്വാസകിരണ പദ്ധതിയുടെ ആനുകൂല്യം, കുടുംബശ്രീയുടെ ധനസഹായ വിതരണം എന്നിവ നടന്നു. ഇപ്പോൾ തീരുമാനം എടുക്കാൻ കഴിയാത്തതും ബഡ്ജറ്റ് പ്രൊവിഷൻ വേണ്ടത് തുടങ്ങിയവയ്ക്കെല്ലാം തന്നെ “ജനസഭാ സെൽ” എന്ന പ്രത്യേക സംവിധാനം ഏർപ്പെടുത്തി സമയബന്ധിതമായി നടപടി എടുക്കുമെന്നും മന്ത്രി ഉറപ്പ് നൽകി. ചുരുക്കത്തിൽ പഞ്ചായത്തു സാമൂഹ്യ നീതി വകുപ്പ് മന്ത്രി തന്റെ മണ്ഡലമായ കോഴിക്കോട് സൗത്തിൽ 6 വ്യത്യസ്ത വേദികളിലായി മൂന്ന് ദിവസം നടത്തിയ ജനസഭ ഇങ്ങനെ സംഗ്രഹിക്കാം

“കാത്തിരിപ്പില്ല ചുവപ്പുനാടയില്ല”
കേൾക്കാതെ പോകുന്ന ശബ്ദങ്ങൾക്ക്
കാണാതെ പോകുന്ന പ്രശ്നങ്ങൾക്ക് വേണ്ടി ഒരു ദിവസം

കോഴിക്കോടിന്റെ പ്രതിനിധി ഡോ.എം.കെ. മുനീറിന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ തത്സമയ ഇടപെടൽ, തത്സമയ പരിഹാരം– “ജനസഭ 2013” ■

*പഞ്ചായത്ത് ന്യൂസ് സർവ്വീസ്*



# ടിക്കറ്റ് പരിശോധകരില്ലാതെ മെട്രോ സർവീസ്

- റോയ് ചാക്കോ ഇളമണ്ണൂർ

> **എല്ലാ പ്ലാറ്റ്ഫോമുകളിലും സുരക്ഷാ ഗാർഡുമാരെ നിയോഗിച്ചിട്ടുണ്ട്. കാരണം, ഏതെങ്കിലും യാത്രക്കാരൻ കാൽതെറ്റി പാളത്തിൽ വീണാൽ വീഴ്ചയിൽ നിന്നെഴുന്നേറ്റ് തിരികെ കയറിവരുന്നതിനു മുൻപു തന്നെ അടുത്ത ട്രെയിൻ വന്നെന്നിരിക്കും. അതായത് രക്ഷപെടാൻ ചാൻസ് വളരെ കുറവ്**

ജി.റ്റി.ബി.നഗറിൽ ഇറങ്ങിയപ്പോൾ മറ്റു മെട്രോ സ്റ്റേഷനുകളെക്കാൾ വ്യത്യസ്തമായതൊന്നും അവിടെ കാണാനുണ്ടായിരുന്നില്ല. അതായത് എല്ലാ മെട്രോസ്റ്റേഷനുകളിലും കാഴ്ചകൾ ഏതാണ്ട് സമം. കടകളൊന്നും പ്ലാറ്റ്ഫോമിലില്ല. പട്ടികളോ കന്നുകാലികളോ പന്നികളോ ഒന്നും അലഞ്ഞുനടക്കുന്നില്ല. ഭിക്ഷക്കാരെയും കാണാനില്ല. പരസ്യങ്ങളുടെ ബഹളമില്ല. മലമോ ഛർദ്ദിലോ മുറുക്കിത്തുപ്പിയതോ ഒന്നും ട്രാക്കിലോ പ്ലാറ്റ്ഫോമിലോ ഇല്ല. അണ്ടർ ഗ്രൗണ്ട് സ്റ്റേഷനായതിനാൽ എപ്പോഴും ലൈറ്റുകൾ എല്ലാം കത്തിക്കിടക്കും. പ്ലാറ്റ്ഫോം തുടച്ചുവൃത്തിയാക്കാൻ കൂടുതൽ ആൾക്കാരെ നിയോഗിക്കുകയോ അതല്ല, അപ്രകാരം ആവശ്യത്തിന് ആൾക്കാരെ നിയോഗിച്ചിട്ടുണ്ടെങ്കിൽ അവർ അല്പം കൂടി ആത്മാർത്ഥമായും കൃത്യമായും പണി ചെയ്യേണ്ട ആവശ്യകത പ്ലാറ്റ്ഫോമിലെ പൊടിയുടെ സാന്നിധ്യം ചൂണ്ടിക്കാട്ടുന്നു. എന്നാൽ ചില പ്ലാറ്റ്ഫോമുകളിൽ എപ്പോഴും ജോലിക്കാർ തുടയ്ക്കുന്നത് കാണുകയും ചെയ്തിട്ടുണ്ട്. ഏറെ സ്ഥലം തുടയ്ക്കാനുപയോഗിച്ച വെള്ളം തന്നെ വീണ്ടും കൂടുതൽ സ്ഥലം തുടയ്ക്കാനുപയോഗിക്കുന്നതുകൊണ്ടായിരിക്കാം ആ പണി അത്ര വൃത്തിയിലല്ല എന്നനുഭവപ്പെടുന്നത്. ഞാൻ വന്ന ട്രെയിൻ സെക്കന്റുകൾക്കുള്ളിൽ അവിടം വിട്ടുപോയി. ഉടൻ തന്നെ എതിർ ദിശയിലേയ്ക്കുള്ള ട്രെയിൻ വന്നു നിന്നു. ട്രെയിനിന്റെ വരവറിയിച്ചുകൊണ്ടുള്ള അനൗൺസ്മെന്റ് പ്ലാറ്റ് ഫോമിലില്ല. കാരണം, അതിന്റെ ആവശ്യമില്ല. രണ്ടോ മൂന്നോ മിനിറ്റിനുള്ളിൽ ഇരുദിശകളിലേയ്ക്കും ഒന്നിനുപിറകേ ഒന്നായി ട്രെയിനുകൾ എത്തിക്കൊണ്ടിരിക്കുന്നതിനാൽ എന്തിന് അനൗൺസ്മെന്റ് നടത്തി യാത്രക്കാരുടെ ചെവികൾക്ക് ശല്യമുണ്ടാക്കണം? ട്രെയിൻ വരാനിനി എത്ര മിനിറ്റ് എന്ന് പ്ലാറ്റ്ഫോമുകളിൽ സ്ഥാപിച്ചിരിക്കുന്ന ഡിജിറ്റൽ ക്ലോക്കുകളിൽ നിന്നറിയാം. ക്ലോക്കിൽ 3 എന്ന് തെളിഞ്ഞാൽ, ആ ദിശയിലേയ്ക്ക് ട്രെയിൻ വരാൻ 3 മിനിറ്റ് എന്നർത്ഥം.



**ട്രെയിൻ വരാനിനി എത്ര മിനിറ്റ് എന്ന് പ്ലാറ്റ്ഫോമുകളിൽ സ്ഥാപിച്ചിരിക്കുന്ന ഡിജിറ്റൽ ക്ലോക്കുകളിൽ നിന്നറിയാം.**

**പ്ലാറ്റ്ഫോമിൽ കടക്കണമെന്നുണ്ടെങ്കിൽ വിമാനത്തിൽ കയറുവാനെന്നപോലെ ചെക്കിംഗിന് ഓരോ യാത്രക്കാരനും വിധേയനാകണം. സ്ത്രീകളെ പരിശോധിക്കാൻ വനിതാ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. ദേഹത്ത് തോക്ക് ഒളിപ്പിച്ചിട്ടുണ്ടോ. മറ്റ് ആയുധങ്ങൾ വച്ചിട്ടുണ്ടോ എന്നാണ് പരിശോധന. ബോംബ് ഡിറ്റക്ടർ ഘടിപ്പിച്ചിരിക്കുന്ന വാതിലിലൂടെ വേണം അകത്ത് പ്രവേശിക്കുവാൻ.**



3 തെളിഞ്ഞ് ഒരു മിനിറ്റ് കഴിയുമ്പോൾ ആ 3, രണ്ടാകും. പിന്നീട് ഒരു മിനിറ്റു കഴിയുമ്പോൾ ഒന്നാകും. ഒരു മിനിറ്റുകൂടി കഴിയുമ്പോൾ ഡിജിറ്റൽ ക്ലോക്കിൽ 0 തെളിയും. 0 തെളിയുന്നതിന് രണ്ടോ മൂന്നോ സെക്കന്റുകൾക്കു മുൻപോ 0 തെളിയുമ്പോഴോ അതു കഴിഞ്ഞ് രണ്ടോ മൂന്നോ സെക്കന്റുകൾക്കുള്ളിലോ സ്റ്റേഷനിൽ ട്രെയിൻ എത്തിയിരിക്കും. ഇതാണ് ഡൽഹി മെട്രോയുടെ കൃത്യനിഷ്ഠ. അവിടെ നിൽക്കുമ്പോൾ കൃത്യനിഷ്ഠയിൽ പേരെടുത്തിട്ടുള്ള ഏതെങ്കിലുമൊരു വിദേശരാജ്യത്താണ് നമ്മൾ നിൽക്കുന്നതെന്ന് തോന്നിപ്പോകും.

എതിർ ദിശയിലേയ്ക്കുള്ള ട്രെയിൻ പോയിക്കഴിഞ്ഞപ്പോഴേയ്ക്കും ഞാൻ വന്ന റൂട്ടിൽ അടുത്ത ട്രെയിൻ എത്തുകയായി. അങ്ങനെ പോകുന്നു. സ്റ്റേഷനുകളിൽ ട്രെയിനിന്റെ വരവും പോക്കും. എല്ലാ പ്ലാറ്റ്ഫോമുകളിലും സുരക്ഷാ ഗാർഡുമാരെ നിയോഗിച്ചിട്ടുണ്ട്. കാരണം, ഏതെങ്കിലും യാത്രക്കാരൻ കാൽ തെറ്റി പാളത്തിൽ വീണാൽ വീഴ്ചയിൽ നിന്നെഴുന്നേറ്റ് തിരികെ കയറിവരുന്നതിനു മുൻപു തന്നെ അടുത്ത ട്രെയിൻ വന്നെന്നിരിക്കും. അതായത് രക്ഷപെടാൻ ചാൻസ് വളരെ കുറവ് സ്റ്റേഷനുകളിലെ ട്രാക്കുകൾക്കിടയിൽ ഒരാൾക്കു കിടക്കത്തക്ക വീതിയിൽ പാത്തി പോലെ പണിതിരിക്കുന്നതു കാണാം. ഇതെന്തിനാണെന്നനിയ്ക്കറിയില്ല. ഒരു പക്ഷേ, ആരെങ്കിലും ട്രാക്കിൽ വീണാൽ, രണ്ടു ട്രാക്കിനുമിടയിലുള്ള ഈ പാത്തിയിൽ കിടന്നാൽ രക്ഷപെടുമെന്നു തോന്നുന്നു. ട്രെയിൻ കടന്നുപോകുമ്പോൾ അങ്ങനെ കിടക്കാനുള്ള മനസ്സാന്നിദ്ധ്യം ഉണ്ടാകുമോ എന്നതു രണ്ടാമത്തെ കാര്യം. പ്ലാറ്റ്ഫോമിന്റെ വക്കിൽ നിന്നും രണ്ടടി മാറി മഞ്ഞലൈൻ ഉണ്ട്. ഈ മഞ്ഞലൈനിനു പുറത്തു നിൽക്കണമെന്ന് ഗാർഡുമാർ ഇതറിയാത്ത യാത്രക്കാർക്ക് നിർദ്ദേശം നൽകുന്നതു കാണാം.

ജി.റ്റി.ബി. നഗർ സ്റ്റേഷനിൽ നിന്നും പുറത്തേയ്ക്ക് കടക്കാൻ അഞ്ച് വഴികളാണുള്ളത്. കൂടാതെ ലിഫ്റ്റും ഉണ്ട്. മിക്കവാറും എല്ലാ സ്റ്റേഷനുകളിലും എസ്കലേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ആയതിനാൽ പടികയറാൻ ബുദ്ധിമുട്ടുള്ളവർക്കും ലഗേജ്ജുമായി വരുന്നവർക്കുമൊക്കെ വലിയൊരു സഹായമാണ്. എന്നാൽ പരിചയമില്ലാത്തവർ എസ്കലേറ്ററിൽ കയറിയാൽ തലയടിച്ചു വീണതു തന്നെ. എസ്കലേറ്ററിലെ മഞ്ഞ ലൈനിൽ ചവിട്ടാതെ നിൽക്കണം. മഞ്ഞ ലൈൻ ഭാഗമാണ് പടിയായി രൂപാന്തരപ്പെടുക. ഇതറിയാതെ പിടിക്കാതെ നിൽക്കുന്നവർക്കാണ് അപകടമുണ്ടാക്കുക. ഡൽഹിയിൽ എല്ലാവർക്കും എസ്കലേറ്ററിൽ കയറാനും ഇറങ്ങാനും നല്ല പരിചയമുള്ളതിനാൽ ആരും വീഴാൻ പോകുന്നതായി പോലൂം ഒരു ദിവസവും ഞാൻ കണ്ടില്ല. എന്നാൽ അതിൽ കയറാതെ സ്റ്റെപ്പ് കയറി ബുദ്ധിമുട്ടി മുകൾ നിലയിലെത്തുന്നവരെ ധാരാളം കാണുകയും ചെയ്തു. ഒരു പക്ഷേ അവർക്ക് എസ്കലേറ്ററിൽ കയറിപ്പോകാൻ അത്ര പരിചയം ഇല്ലാഞ്ഞിട്ടാകാം സ്റ്റെപ്പ് കയറിപ്പോകുന്നത്. പ്ലാറ്റ്ഫോമിന്റെ രണ്ടറ്റത്തും ഉപയോഗം കഴിഞ്ഞ് ടിക്കറ്റ് തിരികെയിടാനുള്ള യന്ത്ര സംവിധാനമുണ്ട്. ഒരാൾക്കു മാത്രം നിൽക്കാൻ വീതിയുള്ള ഒരു ഭാഗത്തുകൂടി വേണം യാത്രക്കാർ പുറത്തേയ്ക്കു വരാൻ. യാത്രക്കാരനു ലഭിച്ചിരിക്കുന്ന ടിക്കറ്റ് (ടോക്കൺ) ഒരു ഭാഗത്ത് ഇടുമ്പോൾ വാതിൽ തുറക്കുകയായി. പ്ലാസ്റ്റിക് കൊണ്ട് നിർമ്മിച്ചിരിക്കുന്ന നീളമുള്ള രണ്ട് കമ്പുകൾ കൊണ്ടാണ് വാതിൽ തടഞ്ഞിരിക്കുന്നത്. ടോക്കൺ ചിപ്പ് യന്ത്രസംവിധാനത്തിൽ ഇടുമ്പോൾ ഈ രണ്ട് തടസങ്ങൾ മുകളിലേയ്ക്കുയരും. അപ്പോൾ നടുക്കുകൂടി പുറത്തേക്കിറങ്ങാൻ സൗകര്യം ലഭിക്കുന്നു. യാത്രക്കാരൻ പുറത്തുകടന്നാലുടൻ വീണ്ടും തടസ്സം വരികയായി. തൊട്ടുപുറകിലുള്ള യാത്രക്കാരനും ഇതാവർത്തിക്കുന്നു. അങ്ങനെ എപ്പോഴും ഈ തടസ്സം ഉയർന്നും താണും കൊണ്ടിരിക്കും. ഈ തട

സ്സങ്ങളെ നമുക്ക് ''ടിക്കറ്റ് ചെക്കേഴ്സ്'' എന്നു വിളിക്കാം. അതായത് ടിക്കറ്റ് കൈയിലില്ലാത്തവർ സ്റ്റേഷനിൽ കുടുങ്ങിയതു തന്നെ. സ്റ്റേഷനിനുള്ളിൽ കയറണമെങ്കിലും ഈ പ്ലാസ്റ്റിക് ടോക്കൺ ഉപയോഗിച്ചേ മതിയാകൂ. ഇതേ യന്ത്രത്തിൽ ഒരു പ്രത്യേകസ്ഥാനത്ത് ടോക്കൺ കാണിച്ചാൽ തടസ്സങ്ങളായി നിൽക്കുന്ന രണ്ടു വടികളും മുകളിലേയ്ക്കുയരും. ആ സമയം പ്ലാറ്റ്ഫോമിലേയ്ക്കു കടക്കാം. അകത്തു കടക്കാനും പുറത്തുപോകാനും വെവ്വേറെ സ്ഥലങ്ങൾ ക്രമീകരിച്ചിരിക്കുന്നതിനാൽ യാത്രക്കാർക്ക് വൺവേ, ട്രാഫിക് സംവിധാനമാണെന്നു പറയാം. ട്രെയിനിനുള്ളിലോ പ്ലാറ്റ് ഫോമിലോ ടിക്കറ്റ് പരിശോധനയ്ക്ക് വേറെ ആളുകളാരുമില്ല.

ഇപ്പോൾ സ്വാഭാവികമായും ഒരു സംശയം ഉണ്ടാകും. 20 രൂപയ്ക്ക് ടിക്കറ്റെടുത്ത് ഇറങ്ങേണ്ട സ്ഥലം കഴിഞ്ഞ് ഏറെ ദൂരം യാത്ര ചെയ്ത് 25 രൂപ ടിക്കറ്റിലിറങ്ങേണ്ട സ്ഥലത്തു ചെന്നിറങ്ങിയാൽ ഈ യന്ത്രം പിടികൂടുമോ? അതായത് കൈയിലിരിക്കുന്ന, ഒരു രൂപ നാണയത്തിന്റെ ആകൃതിയിലുള്ള പ്ലാസ്റ്റിക് ടിക്കറ്റ് യന്ത്രത്തിലിട്ടാൽ പുറത്തു പോകാൻ വേണ്ടി തടസ്സം നീങ്ങിക്കിട്ടുമോ? ഇത് നേരിട്ട് പരിശോധിച്ചു നോക്കണമെന്നാഗ്രഹം ഉണ്ടായിരുന്നു. എന്നാൽ പ്രതീക്ഷിക്കാതെ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകളെ ഭയന്ന് അതിനു ഞാൻ മുതിർന്നില്ല.



പ്ലാറ്റ്ഫോമിൽ കടക്കണമെന്നുണ്ടെങ്കിൽ വിമാനത്തിൽ കയറുവാനെന്നപോലെ ചെക്കിംഗിന് ഓരോ യാത്രക്കാരനും വിധേയനാകണം. സ്ത്രീകളെ പരിശോധിക്കാൻ വനിതാ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. ദേഹത്ത് തോക്ക് ഒളിപ്പിച്ചിട്ടുണ്ടോ. മറ്റ് ആയുധങ്ങൾ വച്ചിട്ടുണ്ടോ എന്നാണ് പരിശോധന. ബോംബ് ഡിറ്റക്ടർ ഘടിപ്പിച്ചിരിക്കുന്ന വാതിലിലൂടെ വേണം അകത്ത് പ്രവേശിക്കുവാൻ. യാത്രക്കാർ കൊണ്ടുവരുന്ന ലഗേജ്ജുകളും എക്സ്റേ സ്കാനിങ്ങിനു വിധേയമാക്കണം. ഇതു കഴിഞ്ഞതിനുശേഷമാണ് ടോക്കൺ ഇലക്ട്രോണിക് സംവിധാനത്തിൽ കാണിച്ച് പ്ലാറ്റ്ഫോമിലേയ്ക്ക് പ്രവേശിക്കേണ്ടത്. അണ്ടർ ഗ്രൗണ്ട് പ്ലാറ്റ് ഫോമാണെങ്കിൽ എസ്കലേറ്റർ വഴിയോ സ്റ്റെപ്പ് വഴിയോ ഇറങ്ങിപ്പോകാം. ചില സ്റ്റേഷനുകളിൽ ടിക്കറ്റ് കൗണ്ടറിനു സമീപം ഓന്നോ രണ്ടോ ചെറിയ കടകൾ കാണാം. എന്നാൽ വലിയ സ്റ്റേഷനുകളിൽ സ്നാക് ബാറുകളുമുണ്ട്. ഇവിടങ്ങളിൽ ചായയ്ക്കും കാപ്പിയ്ക്കും ആഹാരസാധനങ്ങൾക്കുമൊക്കെ വലിയ വിലയാണ്. ഒരു മണിക്കൂർ യാത്ര ചെയ്യാൻ 20 രൂപ ടിക്കറ്റു മതിയെങ്കിൽ ഒരു ഗ്ലാസ് കാപ്പിയ്ക്ക് 25 ഉം 35 ഉം രൂപയാ

**ഏറെ സ്ഥലം തുടയ്ക്കാനുപയോഗിച്ച വെള്ളം തന്നെ വീണ്ടും കൂടുതൽ സ്ഥലം തുടയ്ക്കാനുപയോഗിക്കുന്നതുകൊണ്ടായിരിക്കാം ആ പണി അത്ര വൃത്തിയിലല്ല എന്നനുഭവപ്പെടുന്നത്.**

**''ടിക്കറ്റ് ചെക്കേഴ്സ്''**

**യാത്രക്കാരനു ലഭിച്ചിരിക്കുന്ന ടിക്കറ്റ് (ടോക്കൺ) ഒരു ഭാഗത്ത് ഇടുമ്പോൾ വാതിൽ തുറക്കുകയായി.**

**മൂന്നു നിലകളിലായി റെയിൽവേ സ്റ്റേഷനുള്ള കാശ്മീരിഗേറ്റിൽ നിന്ന് ഞാനൊരു കാപ്പി കുടിച്ചു. അതോടെ മെട്രോ സ്റ്റേഷനിൽ നിന്നുള്ള കാപ്പികുടി നിർത്തുകയും ചെയ്തു. കാപ്പിയ്ക്ക് 20 രൂപ എന്നെഴുതി വച്ചിരിക്കുന്നതു കണ്ടാണ് കാപ്പി ഓർഡർ ചെയ്തത്. ബില്ലടിച്ചു തന്നപ്പോൾ അത് 33 രൂപയായി.**

കും. കട കാണാൻ അല്പം 'പോഷ്' ആണെന്നു മാത്രം. മൂന്നു നിലകളിലായി റെയിൽവേ സ്റ്റേഷനുള്ള കാശ്മീരിഗേറ്റിൽ നിന്ന് ഞാനൊരു കാപ്പി കുടിച്ചു. അതോടെ മെട്രോ സ്റ്റേഷനിൽ നിന്നുള്ള കാപ്പികുടി നിർത്തുകയും ചെയ്തു. കാപ്പിയ്ക്ക് 20 രൂപ എന്നെഴുതി വച്ചിരിക്കുന്നതു കണ്ടാണ് കാപ്പി ഓർഡർ ചെയ്തത്. ബില്ലടിച്ചു തന്നപ്പോൾ അത് 33 രൂപയായി. കാര്യമന്വേഷിച്ചപ്പോൾ അത് 'സ്പെഷ്യൽ കോഫി' ആണെന്ന മറുപടി കിട്ടി. ആ സ്പെഷ്യൽ കോഫിയ്ക്ക് അവർ ഒരു ഓമനപ്പേരും ഇട്ടിട്ടുണ്ട്. അതെന്താണെന്ന് ഇപ്പോൾ ഓർക്കുന്നുമില്ല. ആ ഓമനപ്പേര് വിലവിവരപ്പട്ടികയിൽ എഴുതിവച്ചിട്ടുള്ളതിനാൽ കസ്റ്റമറിനെ കബളിപ്പിച്ചു എന്ന് പറയാനും സാധിക്കില്ല. 'ഓർഡിനറി കോഫി' എന്നു പറയാത്തവർക്കെല്ലാം ഈ സ്പെഷ്യൽ കോഫി മന:പൂർവ്വം കൊടുത്ത് കട നടത്തിപ്പുകാരൻ നല്ല ലാഭം ഉണ്ടാക്കുന്നുണ്ട്. ഈ ഓർഡിനറികോഫിയും സ്പെഷ്യൽ കോഫിയും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ എന്നുമറിയില്ല. ഒരു വ്യത്യാസം ഞാൻ കണ്ടു. വർണാഭമായ ഒരു വലിയ പേപ്പർ കപ്പിലാണ് കാപ്പി കൊടുക്കുന്നത്. മുക്കാൽ ഗ്ലാസ് കാപ്പി കാണും. സാധനങ്ങൾക്കൊക്കെ കഴുത്തറപ്പൻ വിലയാണെങ്കിലും ഇത്തരം കടകളിൽ എപ്പോഴും ആവശ്യക്കാരുടെ ഇടി തന്നെ. റേഷൻ കടയ്ക്കുമുൻപിൽ പഴയ കാലത്ത് 'ജനക്കൂട്ടം നിന്നിരുന്നതുപോലൊരു കാഴ്ച. മൂന്ന് സ്റ്റേഷനുകളിലെ 6 പ്ലാറ്റ്ഫോമുകളിലായി 5 മിനിറ്റിനുള്ളിൽ ഏറ്റവും കുറഞ്ഞത് 6 ട്രെയിൻ എത്തുന്ന ഇവിടെ ഇപ്രകാരമുള്ള ഒന്നോ രണ്ടോ കടകളിൽ തിരക്കുണ്ടാകുക സ്വാഭാവികമാണല്ലോ. വില എത്രയായാലും ചായയും കാപ്പിയും കുടിക്കേണ്ട സമയത്ത് കുടിച്ചല്ലേ പറ്റൂ. ഞാനെന്റെ ലഗേജ്ജുമായി ജി.റ്റി.ബി.നഗർ സ്റ്റേഷനിലെ ഒരു വാതിലിലൂടെ പുറത്തെത്തി. ബാക്കി 4 വാതിലുകൾ ആ സ്ഥലത്തെ പല ഭാഗത്തായിട്ടാണ് ചെന്നിറങ്ങുന്നത്. ഞാനിപ്പോൾ നിൽക്കുന്നത് ഡൽഹിയിലെ ആദ്യത്തെ റിംഗ് റോഡിലാണ്. തിരുവനന്തപുരത്തെ, ഇപ്പോൾ വീതികൂട്ടിയ എം.ജി.റോഡിന്റെ നാലിരട്ടി വീതിയുള്ള റോഡാണ് ജി.റ്റി.ബി.നഗറിൽ ഞാൻ കണ്ട റിങ് റോഡ്. അതിരാവിലെ ആയിട്ടും റോഡ് നിറയെ വാഹനങ്ങൾ ഓടിക്കൊണ്ടിരിക്കുന്നു. ആ സമയം ന്യൂഡൽഹിയിലെ പ്രധാനഭാഗങ്ങളിലേയ്ക്ക് പോകുന്നതിനായി 5 കവാടങ്ങളിലൂടെയും അണ്ടർഗ്രൗണ്ടിലെ മെട്രോ റെയിൽവേ സ്റ്റേഷനിലേയ്ക്ക് യാത്രക്കാരുടെ പോക്ക് ആരംഭിച്ചിരിക്കും. ഒരു മണിക്കൂർ കൂടി കഴിയുമ്പോൾ ആ പോക്ക് ഒരു വലിയ തിരക്കായി മാറും. ഡൽഹിയിലെ എല്ലാ മെട്രോസ്റ്റേഷനുകളിലും.

*ലേഖകൻ: തിരുവനന്തപുരം ആകാശവണിയിൽ ന്യൂസ് എഡിറ്ററാണ്.*



# വാർത്തകളും വിശേഷങ്ങളും

## സാമൂഹ്യസുരക്ഷാ മിഷൻ പ്രവർത്തന ഫണ്ട് സംഭാവന നൽകാൻ അനുമതി

കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് ഫണ്ട് ശേഖരിക്കുന്നതിനായി ആവിഷ്ക്കരിച്ച പേമെന്റ് ഗേറ്റ്‌വേയിലേക്ക് സഹായധനമായി ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളും തനത്/പ്ലാൻ ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് നൽകിയിരുന്നു. കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം ഇങ്ങനെ കൈമാറുന്ന തുകയുടെ ചെലവിന് വികസന ഫണ്ടിന്റെ മേഖലാ വിഭജന പരിധി സംബന്ധിച്ച നിബന്ധകൾ ബാധകമല്ലെന്നു സ്പഷ്ടീകരണവും നൽകിയിട്ടുണ്ട്. ഇപ്രകാരം നടപ്പുവർഷം ഫണ്ട് കൈമാറാൻ പ്രോജക്ട് വച്ചിട്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു ഇനിയും കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പേമെന്റ് ഗേറ്റ്‌വേയിലേക്ക് സംഭാവന കൈമാറാൻ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. (സ.ഉ (സാധാരണ) നം. 242/2013/തസ്വഭവ തീയതി: 30.01.2013)

## ആശയ പദ്ധതിയുടെ വിപുലീകരണം നിഷ്കർഷിച്ചിരുന്ന വ്യവസ്ഥ ഒഴിവാക്കി.

16.06.2012 ലെ 170/12/ തസ്വഭവ നമ്പർ സർക്കാർ ഉത്തരവിലെ "തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്" ആശ്രയ പദ്ധതി നടപ്പാക്കുന്നതിനായി വകയിരുത്തിട്ടുള്ള ഫണ്ടിൽ അടിസ്ഥാന സൗകര്യ വികസനം (സ്ഥലം, വീട് നിർമ്മാണം, വീട് പുനരുദ്ധാരണം, കക്കൂസ് തുടങ്ങിയവ) ഒഴികെയുള്ള ഘടകങ്ങൾക്ക് വേണ്ടി അനുവദിച്ച തുകയുടെ 50% ഉപയോഗിച്ചു കഴിഞ്ഞ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് രണ്ടാം ഘട്ട പ്രോജക്ടുകൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്നു. എന്ന വ്യവസ്ഥ ഒഴിവാക്കി കൊണ്ട് ആശ്രയ പദ്ധതി ഏറ്റെടുത്ത എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും തുകയുടെ വിനിയോഗം പരിഗണിക്കാതെ തന്നെ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി രണ്ടാം ഘട്ട ആശ്രയ പ്രോജക്ട് ആരംഭിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവായി. സ.ഉ.(എം.എസ്)നം. 27/2013/തസ്വഭവ. തീയതി 19.01.2013

## മരാമത്ത് പണികൾ ഏൽപ്പിച്ചിരുന്നത്– നിയന്ത്രണങ്ങൾ ഏർപ്പെടുത്തി

തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗം നിലവിലില്ലാതിരുന്ന കാലയളവിൽ നിർമ്മിതി കേന്ദ്രങ്ങൾ പോലുള്ള ഏജൻസികളെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മരാമത്ത് പണികൾ ഏൽപ്പിച്ചിരുന്നു. ഇപ്പോൾ തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗം ശക്തമായിരിക്കുന്ന സാഹചര്യത്തിൽ നിർമ്മിതി കേന്ദ്രത്തിന്റെ തനതായ ടെക്നോളജി ഉപയോഗിച്ചുള്ള പ്രവൃത്തികൾ മാത്രം നിർമ്മിതി കേന്ദ്രത്തിനെ ഏൽപ്പിച്ചാൽ മതിയെന്ന സംസ്ഥാനതല കോ-ഓഡിനേഷൻ സമിതിയുടെ തീരുമാനം അംഗീകരിച്ച് ഉത്തരവായി. സ.ഉ.(സാധാ)നം. 244/2013/തസ്വഭവ. തീയതി 30.01.2013

## ഹരിജൻ,ഗിരിജൻ,ദളിത് എന്നീ പദങ്ങൾ ഉപയോഗിക്കുന്നതിൽ നിരോധനം

05.11.2008ലെ 22198/ഇ2/പജപവവിവ നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുവെന്ന് എല്ലാ സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും തലവന്മാർ ഉറപ്പു വരുത്തണമെന്നും എല്ലാ കത്തിടപാടുകളിലും മറ്റു പ്രസിദ്ധീകരണങ്ങളിലും പരസ്യങ്ങളിലും പട്ടികജാതി, പട്ടികഗോത്ര വർഗ്ഗം എന്നീ പദങ്ങൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂവെന്നും എല്ലാ സർക്കാർ തലവന്മാരും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവന്മാരും അവരുടെ കീഴിലുള്ള എല്ലാ ആഫീസർക്കും കർശനമായ നിർദ്ദേശം നൽകുവാൻ നിർദ്ദേശിച്ച് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചു. സർക്കുലർ നം.27050/ഇ2/12/പജ.പവ.വിവ തീയതി: 20.11.12.

## ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി– വീടിന്റെ തറവിസ്തൃതി– കൂടിയ പരിധി പുതുക്കി നിശ്ചയിച്ചു.

ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയിൽ ഭവന നിർമ്മാണ ധനസഹായത്തിനുള്ള തറ വിസ്തീർണ്ണത്തിന്റെ ഉയർന്ന പരിധി 60 ചതുരശ്ര മീറ്റർ എന്നത് ഒഴിവാക്കാനാകാത്ത സാഹചര്യത്തിൽ, പണിപൂർത്തിയാക്കിയിട്ടില്ലാത്ത വീടുകൾക്ക് ഉയർന്ന പരിധിയുടെ 10% വരെ ഇളവ് നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭരണ സമിതിയ്ക്ക് തീരുമാനമെടുക്കാവുന്നതാണ്. നാല് ഇൻസ്റ്റാൾമെന്റും നൽകിയിട്ടില്ലാത്ത കേസുകൾക്കാണ് ഈ ഇളവ് ബാധകമാകുന്നത്. സ.ഉ.(സാധാ)നം. 163/13/തസ്വഭവ. തീയതി 22.01.2013

## സാംഖ്യ സോഫ്റ്റ്‌വെയർ വിന്യസിക്കാത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും തുക കുറവ് ചെയ്യും.

സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റിയുടെ 16.01.2013 ലെ തീരുമാന പ്രകാരം 2013 മാർച്ച് 1-നകം 'സാംഖ്യ' സോഫ്റ്റ്‌വെയർ വിന്യസിക്കാത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്ന് 5% തുക കുറവ് ചെയ്യുന്നതിന് ഉത്തരവായി. സ.ഉ.(സാധാ)നം. 168/2013/തസ്വഭവ. തീയതി 22.01.2013

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by S. Lalithambika IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.




## ഗ്രാമ നഗര ഭരണത്തിന്റെ നേർക്കാഴ്ചകളുമായി




# പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- ഫീച്ചറുകൾ
- മാതൃകകൾ
- അവലോകനങ്ങൾ
- അനുഭവങ്ങൾ
- വാർത്തകൾ

## വായിക്കുക വരിക്കാരാകുക

### പരസ്യ നിരക്ക്

| | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**

ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:

**എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,**
**പഞ്ചായത്ത് രാജ് മാസിക**
**പഞ്ചായത്ത് ഡയറക്ടറേറ്റ്,**
**മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033**

**PANCHAYATRAJ** (Monthly) February 2013
Annual Subscription ₹120/-
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/2012-14
Licensed to Post without Prepayment No. KL/TV(N) WPP-85/2012-14

www.ammini.com

**ammini**
partnering with tomorrow

# കേരള സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡ് 2012
# അമ്മിണി എനർജി സിസ്റ്റംസിന്



മികച്ച ഊർജ്ജ സംരക്ഷണ ഉത്പന്നങ്ങളുടെ നിർമ്മാതാക്കൾക്കുള്ള 2012 ലെ സംസ്ഥാന അവാർഡ് അമ്മിണി എനർജി സിസ്റ്റംസ് മാനേജിംഗ് ഡയറക്ടർ ശ്രീ. കെ.ജി. മധു ബഹു. കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയിൽ നിന്നും സ്വീകരിക്കുന്നു.

## The brightest range of Solar & Energy Conservation Lighting Products

- സോളാർ ഹോം ലൈററിംഗ് സിസ്ററം
- സോളാർ സ്ട്രീററ് ലൈററിംഗ് സിസ്ററം
- സോളാർ ലാന്റേൺ (MNRE Approved)
- CFL സ്ട്രീററ്ലൈററുകൾ (ISI Marked)
- LED സ്ട്രീററ്ലൈററുകൾ (ERTL Certified)

**അമ്മിണി എനർജി സിസ്റ്റംസ്**
ഇൻഡസ്ട്രിയൽ എസ്റ്റേററ്, പാപ്പനംകോട്,
തിരുവനന്തപുരം – 695 019
ഫോൺ: 0471-3060200 ഫാക്സ്: 3060201
മാനേജർ-സെയിൽസ്: 9387160200
ഇ–മെയിൽ: mail@ammini.com



BIS CERTIFIED

## ലൈട്രോൺ
CFL വഴിവിളക്കുകൾ

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾക്കായി പ്രത്യേക വിഭാഗം
കൂടുതൽ വിവരങ്ങൾക്ക്:
1800 300 00 600 (Toll free)
0471-3060 200 (Call Centre)

**ലൈറ്റിംഗ് രംഗത്ത് 18 വർഷത്തെ സേവന പാരമ്പര്യം**

STQC Certification QMS
MGMT. SYS. RvA C 286
ISO 9001: 2008

ONICRA We Secure Trust
NSIC - ONICRA CREDIT RATED:SE1B

एन. एस. आई. सी
NSIC
ISO 9001 : 2008
REGISTERED

SIDCO REGISTERED

CONTACT : 1800 300 00 600 (TOLL FREE) or 0471-3060200 (Call Centre)

Printed & Published by S. Lalithambika IAS, Director, Dept. of Panchayats on behalf of Govt. of Kerala and Printed at Akshara Offset (for GLM), Vanchiyoor,Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: S. Lalithambika IAS